ദി ഡിഫെൻഡർ

Vol. No. 14 Issue No. 18 RNI Reg. No. 68089 / 97 Published From Perumbavoor 2011 September 16 Price: Rs.100/- P.A.

# പവ്വർ വിഷനിൽ ഓങ്കാരമന്ത്രവും

പവ്വർ വിഷനിൽ ഓങ്കാരമന്ത്രം മുഴങ്ങിയെന്നു പറഞ്ഞാൽ വിശ്വാസം വരില്ലെങ്കിലും സത്യമാണ്. റ്റി.എസ്.ബാലൻ എന്ന ഈയുള്ളവൻ അതു നേരിൽ കേട്ടു. അതു റിക്കാഡ് ചെയ്ത് സൂക്ഷിച്ചിട്ടുമുണ്ട്.

സംഭവം നടന്നത് 2011 സെപ്റ്റംബർ 7ന് വൈകിട്ട് 5.15ന് ആയിരുന്നു. പവ്വർ വിഷനിൽ എന്തൊക്കെ പരിപാടികളാണു നടക്കുന്നതെന്ന് ഇടയ്ക്കൊക്കെ പരിശോധിക്കുക എന്നത് ഈയുള്ളവൻ സ്ഥിരമായി ചെയ്തു വരുന്ന കാര്യമാണ്. അങ്ങനെയാണ് ഓങ്കാരസ്തുതി കേൾക്കാൻ ഇടയായത്. 'ഹൃദയപൂർവ്വം' എന്ന പരിപാടിയാണു നടക്കുന്നത്. മറ്റു ചാനലുകളിലെ ഫോൺ ഇൻ പ്രോഗ്രാം പോലുള്ള സാധനമാണിത്. ഏതു മതക്കാരി എന്നു പോലും വ്യക്തമല്ലാത്ത ഒരു പെൺകുട്ടി ആരോടോ ഫോണിൽ സംസാരിക്കുന്നു. അതു കഴിഞ്ഞ് ഒരു പാട്ടുവച്ചു. 'ഇപ്പം ചാകും' എന്ന പരുവത്തിലുള്ള ഒരാളാണു പാട്ടുകാരൻ. വിഗ്രഹങ്ങൾ നിറഞ്ഞ പള്ളിയിൽ നിന്നാണു കക്ഷി പാടുന്നത്. പുട്ടിനു പീരപോലെ പെൺകുട്ടികളുടെ കോറസ്സുമുണ്ട്. മൃതപ്രായൻ നാലുവരി പാടിക്കഴിഞ്ഞാലുടൻ പെൺകൊടികൾ പാടും:

''ഓം നമോ നമോസ്തുതേ
ഓം നമോ നമോസ്തുതേ
നിന്നേ പുകഴ്ത്തീടുന്നേ....''

ഇത് ഒറ്റപ്പെട്ട സംഭവമാണെന്നു കരുതരുത്. ഇതേഗാനം പിന്നീട് പലവട്ടം കേട്ടു.

അതേ ദിവസം വൈകിട്ട് 4.15ന് മറ്റൊരു ഗാനം കേട്ടു.

''ദൈവസ്നേഹം നിറഞ്ഞു നിൽക്കും ദിവ്യകാരുണ്യമേ,
തളരുമെൻ മനസ്സിനു പുതുജീവൻ നൽകും സ്വർഗ്ഗീയഭോജ്യമേ
മാലാഖമാരുടെ ഭോജനമേ
സ്വർഗ്ഗീയ ഭോജനമേ....''

ഈ പാട്ടിന് എന്താണു കുഴപ്പം? ദൈവസ്നേഹത്തേക്കുറിച്ചല്ലേ പാടുന്നത്? അല്ല, ദിവ്യകാരുണ്യത്തെ സ്തുതിച്ചു പാടുകയാണ്. എന്താണു ദിവ്യകാരുണ്യം? കത്തോലിക്കരുടെ കുർബ്ബാന, കൃത്യമായി പറഞ്ഞാൽ കുർബ്ബാനയിലൂടെ ക്രിസ്തുവാക്കി മാറ്റിയ അപ്പം. കുർബ്ബാനയിലെ അപ്പം ക്രിസ്തുവായി മാറുന്നു എന്നാണു കത്തോലിക്കരുടെ വിശ്വാസം. അതുകൊണ്ട് അവർ ആ അപ്പത്തെ ആരാധിക്കുന്നു. ഐ.പി.സിയുടെ പ്രസിഡന്റായ കെ.സി.ജോണിന്റെ നിലപാടെന്ത്? തിരുവത്താഴത്തിലെ അപ്പത്തെ ആരാധിക്കാമോ? അതു മാലാഖമാരുടെ ഭോജ്യമാണോ? അതു സ്വർഗ്ഗീയഭോജ്യമാണോ? അപ്പത്തെ ആരാധിക്കുന്നത് അന്യദൈവാരാധനയല്ലെങ്കിൽ പിന്നെ എന്താണ്?

(കെ.സി.ജോണേ, നിങ്ങൾ ജനിക്കാതിരുന്നെങ്കിൽ നിങ്ങൾക്കു നന്നായിരുന്നു.)



## പകൽക്കാലം

പവ്വർ വിഷനിൽ
ഓങ്കാരമന്ത്രം പാടിയെന്ന്.....

പൂരപ്പാട്ടു പാടിയില്ലല്ലോ,
ഭാഗ്യം.....



# പിസിനാക് 2012 വിവാദക്കുരുക്കിൽ

അടുത്ത വർഷം നടക്കാനിരിക്കുന്ന പിസിനാക്ക് ഇപ്പോൾത്തന്നെ വിവാദക്കുരുക്കിലകപ്പെട്ടിരിക്കുന്നു. ജനറൽ കൺവീനറായ ഈശോ ഫിലിപ്പിന്റെ നടപടികളാണ് വിവാദങ്ങൾക്കു വഴി വച്ചിരിക്കുന്നത്.

ഏതെങ്കിലും ഒരു സ്ഥലത്തുവച്ച് പിസിനാക്ക് നടത്താൻ ആലോചനയുണ്ടായാൽ ആ പ്രദേശത്തുള്ള പെന്തക്കോസ്ത് സഭകളെല്ലാം ചേർന്ന് ആലോചിച്ചു തീരുമാനിക്കുകയാണു പതിവ്. പക്ഷേ ഇത്തരം ആലോചനകളൊന്നും കൂടാതെയാണ് ഈശോ ഫിലിപ്പ് കാനഡയിലെ ഹാമിൽട്ടണിൽ വച്ച് 2012ലെ പിസിനാക്ക് നടത്താൻ തീരുമാനിച്ചത്. ഏകപക്ഷീയമായ ഈ തീരുമാനം കഴിഞ്ഞ വർഷം തന്നെ വിവാദത്തിനു വഴി വച്ചിരുന്നു.

2011ലെ പിസിനാക്ക് കഴിഞ്ഞതോടെ അടുത്ത സമ്മേളനത്തിനുള്ള ഒരുക്കങ്ങൾ ആരംഭിച്ചു. ആ പ്രദേശത്തുള്ള എല്ലാ സഭകളും ചേർന്ന് ലോക്കൽ കമ്മറ്റിയിലെ അംഗങ്ങളെ തെരഞ്ഞെടുക്കുക എന്നതാണ് ശരിയായ നടപടിക്രമം. പക്ഷേ ഇതല്ല ഈശോ ഫിലിപ്പ് ചെയ്തത്. തനിക്ക് ഇഷ്ടമുള്ളവരെയൊക്കെ ചേർത്ത് ലോക്കൽ കമ്മറ്റിയുണ്ടാക്കിയശേഷം പേരിന് ഒരു മീറ്റിംഗ് വിളിച്ചുകൂട്ടി. മുൻകൂട്ടി തീരുമാനിച്ചിരുന്ന പേരുകൾ പറഞ്ഞ് ഉറപ്പിച്ചു. ഈ നടപടിയും വിവാദങ്ങൾക്കു വഴി വച്ചിരിക്കയാണ്.



ഈശോ ഫിലിപ്പ്

പിസിനാക്ക് സമ്മേളനം കേരള ക്രിസ്ത്യൻ അസംബ്ലിയിൽ ഭിന്നതയ്ക്കു വഴി വച്ചിരിക്കുന്നു എന്നതും ശ്രദ്ധേയമാണ്. ഈ പരിപാടിയുമായി സഹകരിക്കണം എന്നു വാദിക്കുന്നവരാണ് ഒരു കൂട്ടം. പിസിനാക്ക് ബഹിഷ്ക്കരിക്കണം എന്നു മറുപക്ഷം വാദിക്കുന്നു. ഈ പ്രശ്നം പരിഹാരമാകാതെ തുടരുന്നു.

ഇതിനെക്കാളെല്ലാം ഗൗരവമുള്ള മറ്റൊരു പ്രശ്നവുമുണ്ട്. 1992ൽ കാനഡയിലെ ടൊറൊന്റോയിൽ വച്ചു നടത്തിയ 10-ാമതു പിസിനാക്കിന്റെ കൺവീനറും ഈശോ ഫിലിപ്പ് ആയിരുന്നു. 1993ൽ ന്യൂയോർക്കിൽ നടന്ന പിസിനാക്കിൽ 1992ലെ കണക്ക് അവതരിപ്പിച്ചു പാസ്സാക്കേണ്ടതായിരുന്നു. പക്ഷേ നിയമാനുസൃതം കണക്കവതരിപ്പിക്കാനോ സംശയങ്ങൾക്കു മറുപടി പറയാനോ ഈശോ ഫിലിപ്പിനും കൂട്ടർക്കും കഴിഞ്ഞില്ല. ഇത് വലിയ ഒച്ചപ്പാടുകൾക്കു കാരണമാകുകയും ചെയ്തു. ഫണ്ടിൽ മിച്ചമുണ്ടായിരുന്ന പണം, ഇന്ത്യയിൽ ജീവകാരുണ്യപ്രവർത്തനം നടത്താനെന്നു പറഞ്ഞു പ്രത്യേകം പിരിച്ചുണ്ടാക്കിയ ഫണ്ട് എന്നീ വകകളിലായി 40,000 ഡോളറോളം ഉണ്ടായിരിക്കേണ്ടതായിരുന്നു. ഈ പണം എവിടെ എന്ന ചോദ്യത്തിന് അന്നും ഇന്നും ഉത്തരമില്ല.

ഈ ലക്കം ഡിഫെൻഡറിൽ ഈ വാർത്ത പ്രസിദ്ധീകരിക്കാൻ ആഗ്രഹിക്കുന്നെന്നും ഈ വിഷയത്തെ സംബന്ധിച്ച് എന്തെങ്കിലും വിശദീകരണം നൽകാനുണ്ടെങ്കിൽ സെപ്റ്റംബർ 9ന് അകമായി നൽകണമെന്നും ആവശ്യപ്പെട്ട് ഞങ്ങൾ സെപ്റ്റംബർ 7ന് പിസിനാക്ക് ഭാരവാഹികൾക്ക് ഈമെയിൽ അയച്ചെങ്കിലും മറുപടി ലഭിച്ചില്ല. (കത്ത് 9-ാം പേജിൽ). അവർക്ക് എന്തൊക്കെയോ ഒളിക്കാനുണ്ടെന്നു വ്യക്തം. അതെന്താണ്? ജനം അറിയട്ടെ.

# ഇണയല്ലാപ്പിണയുടെ നേർക്കാഴ്ച



സെപ്റ്റംബർ 5ന് പുറത്തിറങ്ങിയ മരുപ്പച്ചയിൽ അഞ്ചു കോളം വാർത്തയോടൊപ്പം നാലു കോളം വലിപ്പത്തിൽ കൊടുത്തിരുന്ന ചിത്രമാണിത്. ''സഭ അഴിമതി മുക്തമാകണം: നീതി നടപ്പാകാത്തതിൽ പത്രാധിപൻമാർക്ക് ആശങ്ക'' എന്നതാണു വാർത്തയുടെ തലക്കെട്ട്.

ഏതു സഭയുടെ കാര്യമാണ് അച്ചൻകുഞ്ഞു പറയുന്നത്? സംശയം വേണ്ട, ചിത്രത്തിൽ കാണുന്നവരൊക്കെ ഉൾപ്പെടുന്ന സഭ. അങ്ങനെയൊരു സഭയുണ്ടോ? ഇല്ല, പക്ഷേ ഉണ്ടാക്കണം. അതാണ് അച്ചൻകുഞ്ഞ് എന്ന സർപ്പസന്തതിയുടെ പദ്ധതി. കത്തോലിക്കർ മുതൽ പെന്തക്കോസ്ത് വരെയുള്ള സകല ക്രൈസ്തവ വിഭാഗങ്ങളും ചേർത്ത് ഒരു സഭയുണ്ടാക്കണം. എന്തായിരിക്കും ആ സഭയുടെ വിശ്വാസപ്രമാണം? അതെന്തായാലും അജ്ഞനു വിരോധമില്ല.

ക്രിസ്ത്യൻ എഡിറ്റേഴ്സ് സൊസൈറ്റി എന്ന സംഘടനയുടെ മീറ്റിംഗാണു സംഭവം. എന്താണു ക്രിസ്ത്യൻ എഡിറ്റേഴ്സ് സൊസൈറ്റി? അജ്ഞൻ പറയുന്നതിങ്ങനെ: ''കത്തോലിക്കാ-എപ്പിസ്ക്കോപ്പൽ-പെന്തക്കോസ്തു-കോൺഗ്രിഗേഷണൽ സഭാപ്രസിദ്ധീകരണങ്ങളുടെ കൂട്ടായ്മയാണു ക്രിസ്ത്യൻ എഡിറ്റേഴ്സ് സൊസൈറ്റി.''

ഏതൊക്കെ പെന്തക്കോസ്ത്-കോൺഗ്രിഗേഷണൽ സഭകളുടെ പ്രസിദ്ധീകരണങ്ങൾക്കാണ് ഈ സൊസൈറ്റിയിൽ അംഗത്വമുള്ളത്? അത് ഈ ചതിയൻ പറയുന്നില്ല. എന്തിനാണ് ഇയാൾ ഇങ്ങനെ കള്ളം പറയുന്നത്? പെന്തക്കോസ്തുകാരും കോൺഗ്രിഗേഷണൽ സഭക്കാരും മറ്റും സമുദായക്കാരുമായി സഹകരിച്ചു പ്രവർത്തിക്കയാണ് എന്നൊരു ധാരണ ദൈവമക്കളുടെ ഇടയിൽ ഉണ്ടാക്കണം. ഇത്തരം വാർത്തകൾ നിരന്തരം കേൾക്കുമ്പോൾ ഇണയല്ലാപ്പിണയ്ക്കെതിരെ ദൈവമക്കൾ സ്വീകരിച്ചു വരുന്ന തീവ്ര നിലപാടിന് അയവുവരും. ഒടുവിൽ ഒരു അവിയൽ സഭ ഉണ്ടാക്കാനും കഴിയും. ഇതാണു ചെകുത്താന്റെ പദ്ധതി.

അച്ചൻകുഞ്ഞിന്റെ ഹിഡൻ അജണ്ട വിവേചിച്ചറിയാൻ കഴിവില്ലാത്ത കുറെ പെന്തക്കോസ്ത് പത്രാധിപൻമാർ അച്ചൻകുഞ്ഞ് അയച്ചുകൊടുത്ത വാർത്തയും ഫോട്ടോയും പ്രസിദ്ധീകരിച്ചു എന്നതാണ് ഏറ്റവും ദുഃഖകരമായ വസ്തുത. സാത്താനെ കണ്ടാൽ സാത്താനാണെന്നു തിരിച്ചറിയാനുള്ള കഴിവില്ലാത്തവർ പത്രാധിപൻമാരായാൽ ഇങ്ങനെയൊക്കെ സംഭവിക്കും.

ഡിഫെൻഡർ പലവട്ടം പറഞ്ഞുകഴിഞ്ഞത് വീണ്ടും പറയുന്നു: അച്ചൻകുഞ്ഞ് ഇലന്തൂർ പെന്തക്കോസ്ത് ഉപദേശങ്ങളിൽ വിശ്വസിക്കുന്ന വ്യക്തിയല്ല. ഇയാൾ കടുത്ത ദുരുപദേശക്കാരനാണ്, സാത്താന്റെ ഏജന്റാണ്. ദൈവമക്കൾ സൂക്ഷിക്കുക.

ദി ഡിഫെൻഡർ
Vol. No.14 Issue No.18 2011 September 16

# എന്തെങ്കിലും വിശ്വസിച്ചാൽ രക്ഷിക്കപ്പെടുമെന്നോ?

എന്തെങ്കിലുമൊക്കെ വിശ്വസിച്ചാൽ രക്ഷിക്കപ്പെടുമോ? എങ്കിൽ കാര്യങ്ങൾ എത്ര എളുപ്പമായിരുന്നു. രക്ഷയ്ക്ക് കാരണമാകുന്ന വിശ്വാസം എന്തെന്ന് ഏവരും അറിഞ്ഞിരിക്കണം. ഇല്ലെങ്കിൽ നഷ്ടമാകുന്നത് സ്വന്തം ജീവനാണ്.

കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിച്ചാൽ രക്ഷ പ്രാപിക്കാം എന്നു ദൈവവചനം പറയുന്നു. യേശുക്രിസ്തു ഉണ്ട് എന്നു വിശ്വസിച്ചാൽ മതിയോ? യേശുവിലൂടെ രക്ഷ പ്രാപിക്കാൻ കഴിയും എന്നു വിശ്വസിച്ചാൽ മതിയോ? ഇത്തരം വിശ്വാസങ്ങളൊന്നും രക്ഷയ്ക്കു കാരണമാകുകയില്ല. വെള്ളം കുടിച്ചാൽ ദാഹം മാറും എന്നു വിശ്വസിച്ചതുകൊണ്ടു മാത്രം ദാഹം മാറുകയില്ലല്ലോ. വെള്ളം കുടിച്ചാൽ ദാഹം മാറും എന്ന് അറിയുക, വിശ്വസിക്കുക തുടങ്ങിയതൊക്കെ ആവശ്യം തന്നെ. പക്ഷേ വെള്ളം കുടിക്കുമ്പോഴാണു ദാഹം മാറുന്നത്. അതുപോലെ കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്കുകയും യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കുകയും ചെയ്യണം. വിശ്വാസസ്നാനം, കൂട്ടായ്മ, പ്രാർത്ഥന, ആരാധന തുടങ്ങിയതൊക്കെ രക്ഷിക്കപ്പെട്ടവർ ചെയ്യേണ്ട കർമ്മങ്ങളാണ്, രക്ഷിക്കപ്പെടാൻ ചെയ്യേണ്ടവയല്ല. കാരണം, രക്ഷ ദൈവത്തിന്റെ ദാനമാണ്. അതു കൃപയാൽ യേശുവിലുള്ള വിശ്വാസം മൂലം മാത്രം ലഭിക്കുന്നതാണ്.

ക്രിസ്ത്യാനികൾ എന്ന പേരിൽ അറിയപ്പെടുന്നവരെല്ലാം ക്രിസ്തുവിൽ വിശ്വസിക്കുന്നവരാണ്. പക്ഷേ അത്തരമൊരു വിശ്വാസം രക്ഷയ്ക്കു കാരണമാകുകയില്ല. യേശുവിനെ കർത്താവും രക്ഷിതാവുമായി ഹൃദയത്തിൽ സ്വീകരിക്കുകയും പരസ്യമായി ഏറ്റു പറയുകയും ചെയ്യേണ്ടതാണ്. 'തത്തമ്മേ പൂച്ചപൂച്ച' എന്ന് അർത്ഥം മനസ്സിലാക്കാതെ തത്തമ്മതന്നെ പറയുന്നതുപോലെ പറഞ്ഞാൽ നിത്യജീവൻ പ്രാപിക്കാൻ കഴിയുന്നതല്ല. ഒരുവൻ ക്രിസ്തുവിലായാൽ പുതിയ സൃഷ്ടിയായി മാറും, വീണ്ടും ജനിക്കും. വീണ്ടും ജനനം പ്രാപിക്കാത്തവൻ രക്ഷിക്കപ്പെട്ടവനല്ല. വീണ്ടും ജനനത്തിന്റെ ഉപദേശത്തിൽ വിശ്വസിക്കാത്ത സഭ ദൈവസഭയുമല്ല. വീണ്ടും ജനനത്തിന്റെ ഉപദേശമില്ലാത്ത വ്യക്തികളുമായും സഭകളുമായും ഇണയല്ലാപ്പിണ കൂടുന്നവർ വീണ്ടും ജനിച്ചവരല്ലെന്നു വ്യക്തം. ഇത്തരക്കാരെ സൂക്ഷിക്കുക. ഇവർ ആടുകളുടെ വേഷത്തിൽ നടക്കുന്ന ചെന്നായ്ക്കളാണ്. ആട്ടിൻകൂട്ടത്തിൽ ഒളിച്ചിരിക്കുന്ന ഇത്തരം രക്തദാഹികളെ തിരിച്ചറിയാൻ ഇടയൻമാർക്കു കഴിയണം.

# സത്യം സത്യമായി

നൂറ്റിപ്പത്തിൽ നൂറു മാർക്കു വാങ്ങി ഉമ്മൻ ചാണ്ടി സർക്കാർ നൂറു ദിവസം തികച്ചിരിക്കുന്നു. പ്രഖ്യാപിച്ച 110 പദ്ധതികളിൽ 100 എണ്ണം പൂർത്തിയാക്കി. മുഖ്യമന്ത്രിയുടെ ഓഫീസിന്റെ പ്രവർത്തനം സുതാര്യമാക്കി. മുഖ്യമന്ത്രിയുടെ കസേരയിൽ 'പ്രധാനമന്ത്രി' കയറിയിരുന്നത് ലോകമെമ്പാടുമുള്ളവർ കണ്ടു.

മൂലമ്പള്ളി, ചെങ്ങറ പ്രശ്നങ്ങൾ പരിഹരിച്ചു. ഒരു രൂപയ്ക്ക് അരി നൽകുന്നു. അധ്യാപകരെ പിരിച്ചു വിടുന്ന പരിപാടി അവസാനിപ്പിച്ചെന്നു മാത്രമല്ല, അവർക്കു ശമ്പളം നൽകാനുള്ള പദ്ധതിയുമൊരുക്കി. അങ്ങനെ നേട്ടങ്ങൾ നിരവധി.

നേട്ടങ്ങളേയുള്ളൂ എന്ന് ഈ പറഞ്ഞതിന് അർത്ഥമില്ല. കേരളത്തിലെ റോഡുകളെല്ലാം തോടുകളായി കിടക്കുകയാണ്. മൂന്നാഴ്ചയ്ക്കകം ഈ റോഡുകളെല്ലാം ശരിയാക്കണമെന്ന് ഹൈക്കോടതി ഉത്തരവിട്ടിട്ടു രണ്ടാഴ്ചയായി. മൂന്നാഴ്ചയല്ല മൂന്നു മാസം കഴിഞ്ഞാലും സ്ഥിതിക്കു മാറ്റമുണ്ടാകില്ല. മുന്നണിയിലെ പ്രശ്നങ്ങളുടെ കാര്യം പറയുകയും വേണ്ട. ഓരോ ദിവസവും പുതിയ പ്രശ്നങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കയുമാണ്. നേട്ടങ്ങളുടെ പ്രഭ കെടുത്തുന്നവയാണ് ഈ കോട്ടങ്ങൾ.

സർക്കാരിനു കലാബോധമുണ്ടോ? അറിഞ്ഞുകൂടാ. ഏതായാലും വിജിലൻസ് വകുപ്പിനു കലാബോധമുണ്ടെന്ന് ഈയിടെ തെളിഞ്ഞു. സംഭവം ചുരുക്കിപ്പറയാം. ഓണക്കാലത്തു വിജിലൻസ് വകുപ്പ് കുറെ സർക്കാർ ഓഫീസുകളിൽ റെയ്ഡ് നടത്തി. അതു സ്വാഭാവികം. പക്ഷേ ഈ റെയ്ഡിന് നൽകിയ പേര് അസ്സലായി എന്നു പറയാതെവയ്യ: ''ഓപ്പറേഷൻ അവിയൽ''. ഓണക്കാലത്തു നടത്തിയ റെയ്ഡിന് ഇതിനെക്കാൾ യോജിക്കുന്ന മറ്റൊരു പേര് കണ്ടെത്താൻ കഴിയുമോ മാളോരേ?

അടുത്ത ക്രിസ്തുമസ്സ് കാലത്ത് റെയ്ഡ് നടത്തുമ്പോൾ എന്തു പേരിടും? ഓപ്പറേഷൻ സാന്താക്ലോസ്, ഓപ്പറേഷൻ കേക്ക് എന്നൊക്കെയാകാം. വിഷുവിനു നടത്തുന്ന റെയ്ഡിന് ഓപ്പറേഷൻ പടക്കം എന്നു പേരിടാം. ദീപാവലിക്കു റെയ്ഡ് നടത്തുമ്പോൾ ഓപ്പറേഷൻ ഓയിൽ ബാത്ത് എന്നാകും പേര്. പെന്തക്കോസ്ത് നേതാക്കൻമാരുടെ വീടുകളിൽ റെയ്ഡ് നടത്തിയാൽ അതിന് ഓപ്പറേഷൻ ഏഴാംക്ലാസ്സ് എന്നു പേരിടണം, പ്ലീസ്.

അഞ്ചാമത്തെ മന്ത്രി എന്നത് അതിമോഹമായി അവശേഷിക്കും എന്നാണു ഡിഫെൻഡർ കരുതിയിരുന്നത്. പക്ഷേ ആ മോഹം പൂവണിയുന്ന ലക്ഷണമാണ് ഇപ്പോൾ കാനുന്നത്. നഗരവികസം, പ്രവാസികാര്യം തുടങ്ങിയ വകുപ്പുകൾ അഞ്ചാമനു കിട്ടുമെന്നും കേൾക്കുന്നു. ഭരണപക്ഷത്തു ഭൂരിപക്ഷം കുറവായാൽ ഇങ്ങനെ പലതും നടക്കും.

ഇക്കൊല്ലത്തെ ഓണം പൂർവ്വാധികം കേമമായി ആഘോഷിച്ചു എന്നറിയുന്നതിൽ സന്തോഷം. കുടിയുടെ കാര്യത്തിൽ കരുനാഗപ്പള്ളിക്കാർ ചാലക്കുടിക്കാരെ പിൻതള്ളി എന്ന സന്തോഷവാർത്ത കേട്ട് ലോകം കോരിത്തരിച്ചു. രണ്ടാം സ്ഥാനമേ ലഭിച്ചുള്ളൂ എങ്കിലും ചാലക്കുടിക്കാർക്ക് ആശ്വസിക്കാം: കേവലം ഒന്നരലക്ഷം രൂപയുടെ മദ്യം മാത്രമേ ഒന്നാമൻ കൂടുതലായി കുടിച്ചുള്ളൂ. മൂന്നാം സ്ഥാനത്ത് ഓച്ചിറയുണ്ട്. ഓണക്കാലത്ത് മൂന്നൂറു കോടിയോളം രൂപയുടെ മദ്യം കേരളീയർ കുടിച്ചുതീർത്തു. ശരാശരി 100 രൂപയുടെ മദ്യം ഓരോരുത്തരും കുടിച്ചു എന്നു ചുരുക്കം. ഭേഷായിരിക്കുന്നു.

വാഹനാപകടത്തിൽ പരിക്കേറ്റ് ഗുരുതരാവസ്ഥയിൽ കോട്ടയം മെഡിക്കൽ കോളേജിൽ പ്രവേശിപ്പിക്കപ്പെട്ട ഒറീസ്സ സ്വദേശിയായ യുവാവ് ചികിത്സ ലഭിക്കാതെ മരിച്ചു. ഐ.സി.യുവിൽ ആക്കേണ്ട ഈ യുവാവിനെ സാധാരണ വാർഡിൽ ആക്കിയെന്നു മാത്രമല്ല ശ്വാസം ലഭിക്കാനുള്ള ഉപകരണം പ്രവർത്തിപ്പിക്കുന്ന ജോലി ഒപ്പമുണ്ടായിരുന്ന പയ്യനെ ഏല്പിക്കയും ചെയ്തു. ക്ഷീണം മൂലം ഈ കുട്ടി ഉറങ്ങിയപ്പോൾ രോഗി ശ്വാസം കിട്ടാതെ മരിച്ചു. ഇയാളെ ജോലിക്കു വച്ച മുതലാളിയോ ജോലിക്കു കൊണ്ടുവന്ന ഏജന്റോ സഹായിച്ചതുമില്ല. കേരളത്തിലാണ് ഇതൊക്കെ നടക്കുന്നതെന്നു വിശ്വസിക്കാൻ പ്രയാസം.

ജനലോകപാൽ ബില്ലിനെ എതിർക്കുന്ന എം.പിമാരുടെ വീടുകളുടെ മുമ്പിൽ സത്യാഗ്രഹമിരിക്കണമെന്ന് അണ്ണാ ഹസാരെ ജനങ്ങളോട് ആവശ്യപ്പെട്ടിരിക്കുന്നു. രഘുപതി രാഘവ രാജാറാം പാടിക്കൊണ്ടായിരിക്കും സത്യാഗ്രഹം ഇരിക്കുക. കൂടാതെ, ഈ എം.പിമാരെ അടുത്ത തെരഞ്ഞെടുപ്പിൽ തിരഞ്ഞുപിടിച്ചു തോല്പിക്കുമെന്നും ഹസാരെ പ്രഖ്യാപിച്ചിട്ടുണ്ട്. പക്ഷേ എം.പിമാർ നന്നാകുമോ എന്നു കണ്ടറിയണം.

ആരാധനാസ്വാതന്ത്ര്യം വേണമെന്ന് യാക്കോബായ വിഭാഗം. കോടതിവിധി നടപ്പിലാക്കണമെന്ന് ഓർത്തഡോക്സ് വിഭാഗം. രണ്ടു കൂട്ടരും സത്യാഗ്രഹമിരിക്കയും ചെയ്യുന്നു. ഈ ലക്കം ഡിഫെൻഡർ പ്രസ്സിൽ കൊടുക്കുന്ന സമയത്ത് കോലഞ്ചേരിയിലെ സ്ഥിതി ഇതാണ്. ഒത്തുതീർപ്പുണ്ടാക്കാൻ നടത്തിയ ശ്രമങ്ങളൊന്നും വിജയിച്ചിട്ടില്ല. പള്ളി ഓർത്തഡോക്സുകാരുടെതാണെന്നു കോടതി വിധിച്ചു. അവർ പള്ളി ഭരിച്ചോട്ടെ, പക്ഷേ ഞങ്ങൾക്കും അവിടെ ആരാധിക്കണം, യാക്കോബായ വിഭാഗം പറയുന്നു. കുഴഞ്ഞതുതന്നെ!

## ഈ വചനം വിശ്വാസയോഗ്യമാകുന്നു......

മൗഢ്യതർക്കവും വംശാവലികളും കലഹവും ന്യായപ്രമാണത്തെക്കുറിച്ചുള്ള വാദവും ഒഴിഞ്ഞുനില്ക്കുക. ഇവ നിഷ്പ്രയോജനവും വ്യർത്ഥവുമല്ലോ. സഭയിൽ ഭിന്നത വരുത്തുന്ന മനുഷ്യനോട് ഒന്നു രണ്ടു വട്ടം ബുദ്ധി പറഞ്ഞശേഷം അവനെ ഒഴിവാക്കുക; ഇങ്ങനെയുള്ളവൻ വക്രബുദ്ധിയായി പാപം ചെയ്തു തന്നെത്താൻ കുറ്റം വിധിച്ചിരിക്കുന്നു എന്ന് നിനക്ക് അറിയാമല്ലോ. (തീത്തോ.3:9-11)

**ഡിഫെൻഡർ പി.ഡി.എഫ് ഫോർമാറ്റിൽ ഇന്റർനെറ്റിൽ ലഭ്യമാണ്.**

*Please Visit:*

**www.tsbalan.com**

**tsbalan.org tsbalan.net**

ബൈബിൾ റേഡിയോ

**www.thebibleradio.com**

**വാർഷിക വരിസംഖ്യ**

ഇന്ത്യയിൽ: 100 രൂപ

ആയുഷ്ക്കാല വരിസംഖ്യ: 1000 രൂപ

**വിലാസം:**

റ്റി.എസ്.ബാലൻ, ആനന്ദ് ഭവൻ

കെ.എസ്.ആർ.റ്റി.സിക്ക് സമീപം,

പെരുമ്പാവൂർ പി.ഒ., എറണാകുളം.

(ചെക്ക്/ഡി.ഡി. അയയ്ക്കുന്നവർ റ്റി.എസ്.ബാലൻ എന്ന പേരെഴുതി അയയ്ക്കുക. ഡിഫെൻഡർ എന്ന പേരിൽ അക്കൗണ്ടില്ല)

**ട്രസ്റ്റുകളും സൊസൈററികളും ഉണ്ടാക്കുന്നതെങ്ങനെ?**

തികച്ചും നിയമാനുസൃതമായി ചാരിറ്റബിൾ സൊസൈറ്റികളോ ട്രസ്റ്റുകളോ ഉണ്ടാക്കാനും നടത്താനും നിങ്ങൾ ആഗ്രഹിക്കുന്നുണ്ടോ? എങ്കിൽ ഡിഫെൻഡർ നിങ്ങളെ സഹായിക്കാം:

ചാരിറ്റബിൾ ട്രസ്റ്റുകൾ, സൊസൈറ്റികൾ തുടങ്ങിയവ ഉണ്ടാക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശം നൽകുന്നു.

ട്രസ്റ്റ് ഡീഡ്/സൊസൈറ്റിയുടെ ബൈലോ ഉണ്ടാക്കി കൊടുക്കുന്നു.

ആദായനികുതി ഇളവുകളും മറ്റും ലഭിക്കാൻ ആവശ്യമായ വിവരങ്ങൾ നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക:

ററി.എസ്.ബാലൻ, ആനന്ദ് ഭവൻ

കെ.എസ്.ആർ.റ്റി.സിക്ക് സമീപം,

**പെരുമ്പാവൂർ പി.ഒ., എറണാകുളം. പിൻ.** 683542

ഫോൺ: **0484-3232356. Mob: 9645077483**

**Local Calls from USA & Canada: (972)-213-1404**

# സാംസൺ കോട്ടൂർ വീണ്ടും സിനിമയ്ക്കു സംഗീതം നൽകി

സാംസൺ കോട്ടൂർ വീണ്ടും സിനിമയ്ക്കു സംഗീതം ചെയ്യുന്നു. ‘‘പള്ളിക്കൂടം പോകാമലൈ’’ എന്ന ചിത്രത്തിലെ അഞ്ചു ഗാനങ്ങളും ഇദ്ദേഹമാണു ചിട്ടപ്പെടുത്തിയത്. സിനിമയ്ക്കു സംഗീതം നൽകാനോ സിനിമയിൽ പാടാനോ അഭിനയിക്കാനോ അന്യദൈവത്തെ ആരാധിക്കാനോ ഒക്കെ സാംസണു സ്വാതന്ത്ര്യമുണ്ട്. അതു ചോദ്യം ചെയ്യാൻ ആർക്കും അവകാശമില്ല. പക്ഷേ ഇത്തരത്തിലുള്ള ഒരാളെ പെന്തക്കോസ്ത് കൺവൻഷനിൽ നിന്ന് ഒഴിവാക്കാനുള്ള വിവേകം പെന്തക്കോസ്തുകാർക്കുണ്ടാകണം.



ട്രാഫിക് എന്ന മലയാളം സിനിമയിലെ ഒരു ഗാനത്തിനു സംഗീതം ചെയ്തതും സാംസൺ തന്നെ. ഇതെപ്പറ്റി ഡിഫെൻഡറിന്റെ 2011 ഏപ്രിൽ 16 ലക്കത്തിൽ എഴുതുകയും ചെയ്തിരുന്നു. സാംസൺ ഒരുക്കിയ ഈ പാട്ടിനെക്കുറിച്ച് അന്നു ടി.പി.ശാസ്തമംഗലം വിലയിരുത്തിയതിങ്ങനെ: ‘‘അടുത്ത ഗാനം എഴുതിയത് എസ്. രമേശൻനായരാണെങ്കിലും സംഗീതം സാംസൺ കോട്ടൂരിന്റേതാണ്. ചിൻമയിയുടെ ശബ്ദത്തിൽ ഗാനം നാം കേൾക്കുന്നു. നീട്ടലും കുറുക്കലും കൊണ്ട് ഗാനം വിജയിക്കുമോ? അതിനെയാണോ ചിട്ടപ്പെടുത്തൽ എന്നു പറയുന്നത്? സംഗീത സംവിധായകനായ എം.ജയചന്ദ്രൻ പറഞ്ഞ ചില വാക്കുകൾ ഈ അവസരത്തിൽ ഓർക്കുന്നതു നന്നായിരിക്കും: ‘ഒരു കീബോർഡ് ഉണ്ടെങ്കിൽ സംഗീത സംവിധായകനായി എന്നു വിചാരിച്ചാൽ അതു ഗുണത്തേക്കാളേറെ ദോഷം ചെയ്യും. എ.ആർ.റഹ്മാൻ ആയിത്തീരാൻ കച്ചകെട്ടി ഇറങ്ങിയ ചില യുവ സംഗീത സംവിധായകർ ഇവിടെയുണ്ട്. റഹ്മാൻ അർദ്ധരാത്രിക്കു ശേഷം മാത്രമേ സംഗീതം ചെയ്യുകയുള്ളൂ എന്നു കണ്ടു പലരും ആ രീതിപോലും അനുകരിക്കുന്നുണ്ട്.’ സത്യം തുറന്നു പറയാൻ തയ്യാറായ എം.ജയചന്ദ്രനെ അഭിനന്ദിച്ചുകൊള്ളട്ടെ. ഇക്കാര്യം മുമ്പ് ഈ ലേഖകനും ഈ വിധത്തിലല്ലെങ്കിലും മറ്റൊരു വിധത്തിൽ ഗാനദർപ്പണത്തിലൂടെ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഇന്നത്തെ ഗാനങ്ങൾ അമ്പേ പരാജയപ്പെടാൻ ഒരു കാരണം ഈ കീബോർഡ് തന്നെയാണ്. മ്യൂസിക് ഡയറക്ടർമാരല്ല മ്യൂസിക് എഞ്ചിനീയർമാരാണ് ഇന്നുള്ളത്. അവരുടെ പാട്ടുകൾ വിജയിക്കാത്തത്തിൽ അത്ഭുതമില്ല. ഈ ഗാനം കേൾക്കുമ്പോൾ ഇതെഴുതിയ എസ്. രമേശൻ നായരോടും ഈണമിട്ട സാംസൺ കോട്ടൂരിനോടും സഹതാപം തോന്നും..... വരികളുടെ കുറവ് ഈണംകൊണ്ടു നികത്താൻ ചില സംഗീത സംവിധായകർക്കു കഴിയാറുണ്ട്. സംഗീതയന്ത്രവിദഗ്ദ്ധനാണോ സാംസൺ കോട്ടൂരെന്ന് എനിക്കറിയില്ല. ഏതായാലും അതിന്റെ സകല ലക്ഷണങ്ങളും അദ്ദേഹം കാണിക്കുന്നുണ്ട് സ്വന്തം ഗാനത്തിൽ. .......എത്രയെത്ര പ്രതിഭകൾ മാറ്റുരച്ചിടത്താണ് സാംസൺ കോട്ടൂരിനെപ്പോലുള്ള കഴിവില്ലാത്ത പുതുമുഖങ്ങൾ കടന്നുവരുന്നത്.’’

ഇതാണു പഴയ പാട്ടിന്റെ സ്ഥിതി. പുതിയ പാട്ടുകൾ എങ്ങനെയിരിക്കുമെന്നു കേട്ടുതന്നെ അറിയണം. ഭൂതത്തെ ഓടിക്കാൻ അന്യഭാഷ കാസറ്റിൽ തലതിരിച്ചു റിക്കാഡ് ചെയ്ത വിരുതനാണിയാൾ. ഇത്തരക്കാരെ അകറ്റി നിർത്താനുള്ള വിവേകം ദൈവമക്കൾക്ക് ഉണ്ടാകുമെന്നു കരുതാം.

# റ്റി.എസ്.ബാലന്റെ പ്രസംഗങ്ങൾ ഇപ്പോൾ യു.എസ്.ബി. ഡ്രൈവിലും




റ്റി.എസ്.ബാലന്റെ പ്രസംഗങ്ങൾ ഇപ്പോൾ യു.എസ്.ബി. ഡ്രൈവിലും ലഭിക്കും. വീട്ടിൽ ഒരു ബൈബിൾ സ്ക്കൂൾ (100 മണിക്കൂർ), പുതിയനിയമത്തിൽ നിന്ന് നൂറു പ്രസംഗങ്ങൾ (100 മണിക്കൂർ) എന്നിവ (ആകെ 200 മണിക്കൂർ) ഒരു യു.എസ്.ബി. ഡ്രൈവിൽ ലഭിക്കുന്നു. വിലയിൽ മാറ്റമില്ല, അതായത് ഇന്ത്യയിൽ 1800 രൂപ. വിദേശത്ത് 100 ഡോളർ. ഇന്ത്യയിലും വിദേശത്തും പോസ്റ്റേജ് സൗജന്യം. ലൈബ്രറി ഓഫ് തിയോളജിയും (10 സി.ഡികൾ) ഇപ്പോൾ യു.എസ്.ബി ഡ്രൈവിൽ ലഭിക്കുന്നതാണ്. പി.ഡി.എഫ്. ഫോർമാറ്റിൽ അയ്യായിരത്തിലധികം ഇംഗ്ലീഷ് പുസ്തകങ്ങളും ലേഖനങ്ങളും അടങ്ങിയ ഈ സെറ്റിന് 900 രൂപയാണു വില. വിദേശത്ത് 50 ഡോളർ. പോസ്റ്റേജ് സൗജന്യം.

പ്രത്യേകം ശ്രദ്ധിക്കുക: യു.എസ്.ബിയിലുള്ള പ്രസംഗങ്ങളും മറ്റും കമ്പ്യൂട്ടറിൽ മാത്രമേ ഉപയോഗിക്കാൻ പറ്റൂ. ലാപ്ടോപ് ഇപ്പോൾ നിത്യജീവിതത്തിന്റെ ഭാഗമായതുകൊണ്ട് യു.എസ്.ബി ഡ്രൈവിലുള്ള പ്രസംഗങ്ങളും പുസ്തകങ്ങളും സൗകര്യപ്രദമാകും.

# സാംകുട്ടി പറഞ്ഞതു ശരി

ഹാലേലൂയ്യാ ദൈവാരികയുടെ സെപ്റ്റംബർ 1 ലക്കം പേജ് 3ൽ ‘നമുക്ക് മാരാമണ്ണിലേക്കും പാമലയിലേക്കും പോകാം’ എന്ന തലക്കെട്ടിൽ സാംകുട്ടി ചാക്കോ എഴുതിയ ലേഖനമാണ് ഈ കുറിപ്പിന് ആധാരം. പെന്തക്കോസ്ത് കൺവൻഷനുകളിൽ സ്ഥിരമായി ഒരേ പ്രസംഗകർ പ്രസംഗിക്കുന്നതും ജനം ബോറടിക്കുന്നതുമാണു വിഷയം. സാംകുട്ടി എഴുതുന്നു:

‘‘കുമ്പനാട് കൺവൻഷനിൽ പതിവായി ഒരേ പ്രസംഗകരാണു പ്രസംഗിക്കുന്നത്. ഏലിയുടെ മക്കൾ മുപ്പല്ലി വച്ച് യാഗപീഠത്തിലെ നല്ല മാംസം കുത്തിയെടുത്തതുപോലെ സഭാഭരണത്തിലുള്ള നേതാക്കൻമാർ കൺവൻഷൻ പ്രോഗ്രാം വീതം വച്ചെടുക്കും.’’ സംഗതി തികച്ചും ശരി.

എല്ലാ പെന്തക്കോസ്ത് സഭകളിലും ഇത്തരം പ്രവണതകൾ ഉണ്ടെങ്കിലും ഐ.പി.സിയിലാണ് ഏറ്റവും അധികമുള്ളത്. വെള്ളിയാഴ്ച വൈകിട്ട് ആരു പ്രസംഗിക്കും? സംശയം വേണ്ട, കെ.സി.ജോൺ പ്രസംഗിക്കും. ഏറ്റവും അധികം ആളുകൾ പങ്കെടുക്കുന്ന രാത്രിയോഗം ഏത്? ശനിയാഴ്ച രാത്രിയിലെ യോഗം. അന്ന് ആരായിരിക്കും പ്രസംഗിക്കുക? അതു വിശേഷിച്ചു പറയണോ? വൽസൻ തമ്പുരാൻ. കുറെ വർഷങ്ങളായി ഇതുതന്നെ സ്ഥിതി.

കെ.സി.ജോൺ, വൽസൻ ഏബ്രഹാം തുടങ്ങിയവരുടെ പ്രസംഗങ്ങൾ കുറച്ചധികം കാലം കേട്ടതല്ലേ, അതുകൊണ്ട് അവർ പകൽ യോഗങ്ങളിൽ പ്രസംഗിക്കട്ടെ എന്ന് പറയാൻ ധൈര്യമുള്ള ആരെങ്കിലും ഐ.പി.സിയിലുണ്ടോ? ഉണ്ടായിരുന്നെങ്കിൽ സ്ഥിതി ഇത്ര വഷളാകുമായിരുന്നില്ല.

കൈക്കൂലി കൊടുത്തും കുതികാലു വെട്ടിയും വോട്ടു പിടിച്ച് അധികാരത്തിൽ കയറിപ്പറ്റുന്ന ഈ നേതാക്കൻമാരല്ലാതെ ആരും പ്രസംഗിക്കാൻ ഇല്ലേ? ഏറെയൊന്നും അറിയപ്പെടാതെ കിടക്കുന്ന എത്ര ദൈവദാസൻമാർ ഐ.പി.സിയിലുണ്ട്! അവരിൽ ചിലർക്കെങ്കിലും അവസരം കൊടുത്തുകൂടേ? കൊടുക്കില്ല, കൊടുത്താൻ ഈ നേതാക്കൻമാരുടെ പാപ്പരത്തം വെളിപ്പെടും.

ശാരോനിൽ ചിലപ്പോഴൊക്കെ നല്ല പ്രസംഗകരെ കൊണ്ടുവരാറുണ്ട്. എങ്കിലും ബോറൻമാരെ പൂർണ്ണമായി ഒഴിവാക്കാറുമില്ല. ചർച്ച് ഓഫ് ഗോഡിൽ പ്രമാണിമാർക്കാണു സ്ഥാനം. പണവും സ്വാധീനവുമൊക്കെയുണ്ടെങ്കിൽ സ്റ്റേജ് ലഭിക്കും.

എ.ജിയിലുമുണ്ട് കുറെ സ്ഥിരം കുറ്റികൾ. ടി.ജെയുടെ കാലത്ത് സകലതും ടി.ജെമയമായിരിക്കും. ടി.ജെ.ശാമുവൽ അധികാരത്തിലില്ലെങ്കിലും പ്രസംഗകരുടെ ലിസ്റ്റിൽ കക്ഷി ഉണ്ടാകും. ചുമ്മാഡോ ഇല്ലാതെ എ.ജി. കൺവൻഷൻ നടക്കില്ല. ഇത്തരം ബോറൻമാരെയൊക്കെ ചവിട്ടിപ്പുറത്താക്കിയിട്ട് ദൈവദാസൻമാരെ സ്റ്റേജിൽ കയറ്റാൻ കഴിഞ്ഞാൽ നന്ന്. പക്ഷേ ഇതൊന്നും നടപ്പിലാകില്ലെന്നു പറയേണ്ടതില്ല.

# ജോൺസൺ ദാനിയേൽ ദ്രവ്യാഗ്രഹി അല്ലെന്നോ?

ഹാലേലൂയ്യാ ദൈവാരികയുടെ സെപ്റ്റംബർ 1 ലക്കം പേജ് 3ൽ സാംകുട്ടി ചാക്കോ ഇപ്രകാരം എഴുതുന്നു:

‘‘ജോൺ ഓസ്റ്റിന്റെ ഏറ്റവും അടുത്ത സുഹൃത്തായ ഒരു മലയാളിയുണ്ട്. എല്ലാ ഇന്ത്യാക്കാരും ഓസ്റ്റിനെ കാണുന്നത് സാമ്പത്തിക സഹായം പ്രതീക്ഷിച്ചായിരുന്നു. എന്നാൽ ജോൺ ഓസ്റ്റിന്റെ കൈയിൽ നിന്ന് ഒരു ഡോളർ പോലും വാങ്ങാത്ത ഈ സ്നേഹിതൻ ചെറുവക്കൽ ന്യൂലൈഫ് ബിബ്ലിക്കൽ സെമിനാരിയുടെ പ്രസിഡന്റായ റവ.ജോൺസൺ കെ.ദാനിയേലാണ്. പരേതനായ ഐ.പി.സി പ്രസിഡന്റ് പാസ്റ്റർ സി.കെ.ദാനിയേലിന്റെ മകൻ.’’



സാംകുട്ടിക്ക് ഈ അറിവ് എവിടെനിന്നു കിട്ടിയതാണെന്ന് അറിഞ്ഞുകൂടാ. ജോൺ ഓസ്റ്റിനാണ് ഇങ്ങനെ പറഞ്ഞതെങ്കിൽ വിശ്വസിക്കാം. ഈ കഥ ജോൺസൺ തന്നെയാണു പറഞ്ഞതെങ്കിൽ ‘വെടിയേ, ഠോ’ എന്നു വിധിക്കാം. ജോൺസൺ പറഞ്ഞതു കേട്ട് മറ്റാരെങ്കിലും സാംകുട്ടിയോടു പറഞ്ഞതാണോ? ആ സാധ്യതയും തള്ളിക്കളയാനാവില്ല. പക്ഷേ ഒരു കാര്യം തീർച്ച. ജോൺസണെ അടുത്തറിയാവുന്ന ആരും ഈ കഥ വിശ്വസിക്കില്ല. ‘‘കവിണ്ണു വീണാൽ കാൽപ്പണം’’ എന്നതാണു ജോൺസന്റെ രീതി എന്നതുതന്നെ കാരണം. പക്ഷേ തന്റെ ഭാര്യയുടെ ശമ്പളം കൊണ്ടാണ് താൻ സുവിശേഷവേല ചെയ്യുന്നതെന്ന് ഈ കള്ളൻ പുലമ്പുകയും ചെയ്യും.

ആരെ കണ്ടാലും ജോൺസൺ പരിചയപ്പെടും. ആവശ്യമെങ്കിൽ കെട്ടിപ്പിടിക്കുകയും ചെയ്യും. വളവളാന്നു സംസാരിക്കും. പിരിയാൻ നേരത്ത് സ്വന്തം കാർഡ് കൊടുക്കും. അവരുടെ കാർഡ് വാങ്ങുകയും ചെയ്യും. അന്നു വൈകിട്ട് ജോൺസന്റെ വിളിയെത്തും. താൻ നടത്തുന്ന വേലകളെക്കുറിച്ചു വർണ്ണിക്കും. മാസം തോറും ഒരു നിശ്ചിത തുക സംഭാവനയായി നൽകണമെന്ന് ആവശ്യപ്പെടും. നൂറു ഡോളറെങ്കിലും നൽകാമെന്നുള്ള വാഗ്ദത്തം കിട്ടുന്നതുവരെ സംഭാഷണം നീളും.

അമേരിക്കയിൽ സന്ദർകരായെത്തുന്നവരെ ജോൺസൺ സ്വന്തം വീട്ടിൽ വിളിച്ചുകൊണ്ടുപോകും. ഭാര്യയുടെ ശമ്പളം കൊണ്ടു ദൈവവേല ചെയ്യുന്ന കദനകഥ വിവരിക്കും. തന്റെ വീടിന് 24,000 ഡോളർ മാത്രമാണു വില എന്നും പറയും. ജോൺ ഓസ്റ്റിനുമായി ഉണ്ടായിരുന്ന ബന്ധം, പണം ചോദിക്കുകയോ വാങ്ങുകയോ ചെയ്യാതിരുന്ന ത്യാഗം തുടങ്ങിയവയും വർണ്ണിക്കും. മരിച്ചുപോയ ഓസ്റ്റിൻ എഴുന്നേറ്റുവന്ന് ഈ കഥ നിഷേധിക്കയില്ലല്ലോ. പിന്നീട് ഈ സന്ദർശകർ മറ്റുള്ളവരോട് ജോൺസന്റെ ത്യാഗത്തെക്കുറിച്ചു വിവരിക്കും. അങ്ങനെ ജോൺസൺ ത്യാഗത്തിന്റെ ആൾരൂപമാകും.

പ്രിയ സഹോദരങ്ങളേ, ജോൺസൺ ദാനിയേൽ പറയുന്ന കഥകളെല്ലാം കള്ളമാണ്. ഇവന്റെ ത്യാഗം വെറും അഭിനയമാണ്. ത്യാഗിയുടെ വേഷം കെട്ടി ഇവൻ ചെറുവക്കലിൽ കോടികളുടെ സ്വത്ത് സമ്പാദിച്ചു കഴിഞ്ഞു. ഇവൻ ശുദ്ധ കള്ളനാണ്.



# കർമ്മമാർഗ്ഗമോ വിശ്വാസമാർഗ്ഗമോ?

റ്റി.എസ്.ബാലൻ എന്ന ഈയുള്ളവൻ ദൈവകൃപയാൽ യേശുക്രിസ്തുവിലുള്ള വിശ്വാസം മൂലം രക്ഷിക്കപ്പെട്ടവനാണ്. കർമ്മമാർഗ്ഗത്താൽ രക്ഷ പ്രാപിക്കാൻ കഴിയുകയില്ലെന്നും വിശ്വാസമാർഗ്ഗത്താൽ മാത്രമേ രക്ഷ പ്രാപിക്കാൻ കഴിയൂ എന്നും ഞാൻ വിശ്വസിക്കുന്നു. അതു പഠിപ്പിക്കയും ചെയ്യുന്നു. നീതീകരണം, ശുദ്ധീകരണം തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് ലളിതമായ ഭാഷയിൽ ഞാൻ പലവട്ടം എഴുതിയിട്ടുണ്ട്. 'അടിസ്ഥാന വേദോപദേശങ്ങൾ' എന്ന പുസ്തകത്തിൽ ഇവയെല്ലാം വായിക്കാവുന്നതുമാണ്. എങ്കിലും ഈ വിഷയത്തെക്കുറിച്ച് വീണ്ടും എഴുതേണ്ടതായി വന്നിരിക്കുന്നതു. അതുകൊണ്ട് വിശ്വാസവും പ്രവൃത്തിയും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ഒരിക്കൽക്കൂടി പറയാം.

പാപത്തിന്റെ ശമ്പളം മരണമത്രേ. സകല മനുഷ്യരും പാപികളാണ്. അതുകൊണ്ട് എല്ലാവരും മരിക്കേണ്ടതായി വരുന്നു. പാപത്തിൽ നിന്നു സ്വയം രക്ഷപ്പെടുവാൻ മനുഷ്യനു കഴിയുന്നതല്ല. വീണ്ടെടുപ്പുവില നൽകി മറ്റൊരുവന്റെ ആത്മാവിനെ രക്ഷിക്കാൻ മനുഷ്യനു കഴിയുന്നതുമല്ല. മനുഷ്യന്റെ വീണ്ടെടുപ്പ് എന്നത് ഒരിക്കലും സാധ്യമാകുകയില്ല എന്നു വ്യക്തമായപ്പോഴാണ് കർത്താവായ യേശുക്രിസ്തു മനുഷ്യവർഗ്ഗത്തിന്റെ രക്ഷയ്ക്കായി എത്തിയത്. യേശു പാപരഹിതനായിരുന്നതിനാൽ മരണത്തിന് അതീതനായിരുന്നു. എന്നാൽ യേശു സകല മനുഷ്യരുടെയും പാപം സ്വന്തം ശിരസ്സിൽ വഹിക്കാൻ തയ്യാറായി. അങ്ങനെ യേശു പാപത്തിന്റെ ശമ്പളമായ മരണം സ്വയം ഏറ്റുവാങ്ങി. ഒരു തെറ്റിനു രണ്ടുവട്ടം ശിക്ഷിക്കാനാവില്ല. സകല മനുഷ്യരുടെയും പാപത്തിന്റെ ശമ്പളമായ മരണം യേശു സ്വയം ഏറ്റു കഴിഞ്ഞിരിക്കയാൽ ഇനി മനുഷ്യർ തങ്ങളുടെ പാപത്തിന്റെ ഫലം അനുഭവിക്കേണ്ടതില്ല. എങ്കിലും ദൈവം ആരുടെമേലും രക്ഷ കെട്ടിയേൽപ്പിക്കുന്നില്ല. രക്ഷ ആവശ്യമുള്ളവർ അത് സ്വന്തം ഇഷ്ടപ്രകാരം സ്വീകരിക്കണം. എങ്ങനെ?

കർത്താവായ യേശുക്രിസ്തുവിന്റെ മരണത്താൽ സകല മനുഷ്യരുടെയും പാപത്തിനു പരിഹാരമുണ്ടായിരിക്കുന്നു എന്നു വിശ്വസിക്കുകയും യേശുവിനെ രക്ഷിതാവായി സ്വീകരിച്ചുകൊണ്ട് ആ രക്ഷ ഏറ്റെടുക്കുകയും ചെയ്യുന്നവരെല്ലാം തികച്ചും സൗജന്യമായി നീതീകരിക്കപ്പെടും, നിത്യജീവൻ പ്രാപിക്കും. ഇപ്രകാരം നിത്യജീവന് അവകാശികളായിത്തീരുന്ന വ്യക്തികൾ പുതിയ സൃഷ്ടികളായി മാറുന്നു. ദൈവ കൃപയാൽ യേശുവിലൂള്ള വിശ്വാസം മൂലം മാത്രമാണു രക്ഷ ലഭിക്കുന്നത്. അതിന് ഒരു പ്രവൃത്തിയും ആവശ്യമില്ല.

നീതീകരണം പ്രാപിക്കുന്നതു വിശ്വാസത്താലാണെങ്കിലും പ്രവൃത്തി കൂടാതെയുള്ള വിശ്വാസം ചത്തതാണ്. അബ്രഹാം ദൈവത്തിൽ വിശ്വസിച്ചു. അങ്ങനെ അബ്രഹാം നീതീകരിക്കപ്പെട്ടു. പക്ഷേ അബ്രഹാം വിശ്വസിച്ചു എന്ന വസ്തുത പിന്നീടുള്ള പ്രവൃത്തിയിലൂടെ വ്യക്തമായി. എങ്ങനെ? ''യഹോവ തന്നോടു കൽപ്പിച്ചതുപോലെ അബ്രാം പുറപ്പെട്ടു'' ഉല്പ.12:4. ഇതാണു ശരിയായ വിശ്വാസം. പ്രവൃത്തി കൂടാതെയുള്ള വിശ്വാസം ചത്തതാണ്.

കർത്താവായ യേശുക്രിസ്തുവിലുള്ള വിശ്വാസത്താൽ രക്ഷിക്കപ്പെട്ട വ്യക്തിയിൽ വിശ്വാസത്തിന് അനുസൃതമായ പ്രവൃത്തികളുണ്ടാകും. എന്തൊക്കെ? വിശ്വസിച്ചവൻ സ്നാനമേൽക്കും. വിശ്വസിച്ചവൻ വിശുദ്ധജീവിതം നയിക്കും, പ്രാർത്ഥിക്കും, രക്ഷിക്കപ്പെട്ടവരോടൊപ്പം കൂട്ടായ്മ ആചരിക്കും. രക്ഷിക്കപ്പെടാൻ വേണ്ടി സ്നാനം ഏൽക്കേണ്ട ആവശ്യമില്ല. സ്നാനമേറ്റതുകൊണ്ട് രക്ഷിക്കപ്പെടുകയുമില്ല. പക്ഷേ രക്ഷിക്കപ്പെട്ടവൻ സ്നാനമേൽക്കും. രക്ഷിക്കപ്പെട്ടു എന്ന് അവകാശപ്പെടുകയും സ്നാനമേൽക്കാൻ തയ്യാറല്ലെന്നു പ്രഖ്യാപിക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെട്ടവനല്ല എന്നു തീർച്ച.

തിരുവത്താഴത്തിന്റെ കാര്യവും അങ്ങനെതന്നെ. രക്ഷിക്കപ്പെടാൻ തിരുവത്താഴത്തിൽ പങ്കെടുക്കേണ്ടതില്ല. തിരുവത്താഴത്തിൽ പങ്കെടുത്തതുകൊണ്ട് ആരും രക്ഷിക്കപ്പെടുകയുമില്ല. പക്ഷേ രക്ഷിക്കപ്പെട്ടു എന്നു പറയുകയും തിരുവത്താഴം അനാവശ്യമാണെന്നു വാദിക്കയും ചെയ്യുന്നവൻ രക്ഷിക്കപ്പെട്ടവനല്ല.

മനുഷ്യന്റെ നീതിപ്രവൃത്തുകളെല്ലാം കറപുരണ്ട വസ്ത്രങ്ങൾ പോലെയാണു ദൈവം പരിഗണിക്കുന്നത്. അതുകൊണ്ടാണ് മനുഷ്യനു സ്വന്തം സൽപ്രവൃത്തികളാൽ നീതീകരണം പ്രാപിക്കാൻ കഴിയാത്തത്. എന്നാൽ വിശ്വാസത്താലുള്ള നീതീകരണം പ്രാപിച്ചവർ ചെയ്യുന്ന സൽപ്രവൃത്തികൾക്കു വിലയുണ്ട്, അതിനു പ്രതിഫലമുണ്ട്. പക്ഷേ ഈ പ്രവൃത്തികളും രക്ഷയ്ക്കു കാരണമാകുന്നില്ല, പ്രതിഫലം നൽകുന്നതിനുള്ള മാനദണ്ഡമായി പരിഗണിക്കുക മാത്രമാണു ദൈവം ചെയ്യുന്നത്.

രക്ഷിക്കപ്പെട്ടു എന്ന് അവകാശപ്പെടുകയും സ്നാനം, തിരുവത്താഴം എന്നിവ അനാവശ്യ കർമ്മങ്ങളാണ് എന്നു പഠിപ്പിക്കയും ചെയ്യുന്ന സണ്ണിയച്ചനെ രക്ഷിക്കപ്പെട്ടവനായല്ല കടുത്ത ദുരുപദേശക്കാരനായാണു ഞാൻ പരിഗണിക്കുന്നത്. സ്നാനം, തിരുവത്താഴം തുടങ്ങിയവയിൽ വിശ്വസിക്കുന്ന ഐ.പി.സിയുടെ സ്റ്റേറ്റ് കൗൺസിൽ അംഗമായിരുന്നുകൊണ്ട് സണ്ണിയച്ചനു പിൻതുണ നൽകുന്ന അച്ചൻകുഞ്ഞ് ഇലന്തൂർ സാത്താന്റെ സന്തതിയാണെന്നും ഞാൻ വിശ്വസിക്കുന്നു. ഒറ്റത്തന്തയ്ക്കു ജനിച്ചവരാരും അച്ചൻകുഞ്ഞിനെപ്പോലെ അധ:പതിക്കില്ല.

# ഡിഫെൻഡർ മറുപടി പറയുന്നു

**?** കർമ്മമാർഗ്ഗത്താൽ രക്ഷ പ്രാപിക്കാമെന്നു പഠിപ്പിക്കുന്ന റ്റി.എസ്.ബാലനാണോ വിശ്വാസമാർഗ്ഗത്താൽ രക്ഷ പ്രാപിക്കാമെന്നു പഠിപ്പിക്കുന്ന സണ്ണിയച്ചനാണോ ദുരുപദേശം പഠിപ്പിക്കുന്നത്? (ചോദ്യം സണ്ണി അച്ചൻ വഹയാണ്.)

■ കർമ്മാർഗ്ഗത്താൽ രക്ഷ പ്രാപിക്കാമെന്ന് റ്റി.എസ്.ബാലൻ എപ്പോഴാണു പഠിപ്പിച്ചതെന്ന് അറിഞ്ഞുകൂടാ. ബാലന്റെ വിശ്വാസം എന്താണെന്നു ഡിഫെൻഡറിൽ പലവട്ടം എഴുതിയിട്ടുണ്ട്. അതു പുസ്തകമായി അച്ചടിച്ച് ഇറക്കിയിട്ടുമുണ്ട്. വിശുദ്ധജീവിതം, സ്നാനം, തിരുവത്താഴം തുടങ്ങി ഒരു കർമ്മവും രക്ഷയ്ക്കു കാരണമാകുന്നില്ല. പക്ഷേ രക്ഷിക്കപ്പെട്ടവൻ സ്നാനപ്പെടും, തിരുവത്താഴത്തിൽ പങ്കെടുക്കും, വിശുദ്ധജീവിതം നയിക്കുകയും ചെയ്യും. പ്രവൃത്തി കൂടാതെയുള്ള വിശ്വാസം ചത്തതാണ്.

സണ്ണിയച്ചൻ യേശുവിൽ വിശ്വസിക്കുന്നു എന്ന് അവകാശപ്പെടുന്നു. സ്നാനം, തിരുവത്താഴം തുടങ്ങിയവ അനാവശ്യമാണെന്നും പറയുന്നു. ഇത്തരമൊരു ഉപദേശം കർത്താവോ ശിഷ്യൻമാരോ പഠിപ്പിച്ചിട്ടില്ല. ഇതിനു ബൈബിളിൽ അടിസ്ഥാനവുമില്ല. ഈ വിധത്തിലുള്ള വിശ്വാസത്തിലൂടെ ആരും രക്ഷിക്കപ്പെടുകയുമില്ല.

ദുരുപദേശം എന്നാൽ എന്താണ്? അത് ആപേക്ഷികമാണ്. യഹോവാസാക്ഷികളുടെ പഠിപ്പിക്കൽ അനുസരിച്ച് വിധിച്ചാൽ ത്രിത്വോപദേശം കടുത്ത ദുരുപദേശമാണ്. ശനിയാഴ്ച ശബത്തായി ആചരിക്കേണ്ട ആവശ്യമില്ല എന്നു പറഞ്ഞാൽ എസ്.ഡി.എക്കാർ അതു കൊടിയ ദുരുപദേശമായി പ്രഖ്യാപിക്കും. കത്തോലിക്കർക്ക് മറ്റു സഭകളെല്ലാം മുറിവേറ്റ സഭകളാണ്.

അച്ചൻ കുഞ്ഞ് ഇലന്തൂർ ഐ.പി.സിയിലെ അംഗമാണ്, കേരള സ്റ്റേറ്റ് കൗൺസിൽ അംഗവുമാണ്. ഐ.പി.സിയുടെ വിശ്വാസപ്രമാണം എന്തെന്ന് ഐ.പി.സിയുടെ ഭരണ ഘടനയിൽ വ്യക്തമായി പറയുന്നുണ്ട്. അതിനു വിരുദ്ധമായ ഉപദേശങ്ങളെല്ലാം ഐ.പി.സിക്കാർക്കു ദുരുപദേശങ്ങളാണ്, ആയിരിക്കയും വേണം. രക്ഷിക്കപ്പെട്ടവർ വിശ്വാസസ്നാനം സ്വീകരിക്കണമെന്നും തിരുവത്താഴത്തിൽ പങ്കെടുക്കണമെന്നും മറ്റും ഐ.പി.സിയുടെ വിശ്വാസപ്രമാണത്തിൽ വ്യക്തമായി പറയുന്നുണ്ട്. അച്ചൻകുഞ്ഞ് വിശ്വാസസ്നാനം സ്വീകരിച്ചവനാണെന്നും തിരുവത്താഴത്തിൽ പങ്കെടുക്കുന്നവനാണെന്നും അറിയാൻ കഴിഞ്ഞു. പക്ഷേ വിശ്വാസത്തിൽ ഉറച്ചു നിൽക്കാൻ പിതാക്കൻമാരുടെ ബഹുത്വം നിമിത്തം അച്ചൻകുഞ്ഞിനു കഴിയുന്നില്ല. അതുകൊണ്ടാണ് സണ്ണിയച്ചനെപ്പോലുള്ളവരെ എഴുന്നെള്ളിച്ചുകൊണ്ടു നടക്കുന്നത്.

സണ്ണിയച്ചൻ ദുരുപദേശക്കാരനാണോ? ഐ.പി.സിയുടെ ഭരണഘടനയിലുള്ള വിശ്വാസപ്രമാണം ദൈവവചനാനുസൃതമുള്ളതാണെങ്കിൽ സണ്ണിയച്ചൻ കടുത്ത ദുരുപദേശക്കാരനാണ്. ഇത്തരത്തിലുള്ള ഒരാളുമായി കൈകോർക്കാൻ ഐ.പി.സിക്കാർക്കു കഴിയുന്നതല്ല.

റ്റി.എസ്.ബാലൻ ദുരുപദേശക്കാരനാണോ? ബാലന്റെ ഉപദേശങ്ങളുമായി വിയോജിപ്പുള്ളവർ ബാലനെ ദുരുപദേശക്കാരനായി മുദ്രകുത്തിയേക്കാം. പക്ഷേ ഐ.പി.സി., ശാരോൻ, എ.ജി., ചർച്ച് ഓഫ് ഗോഡ് തുടങ്ങിയ പ്രസ്ഥാനങ്ങളുടെ വിശ്വാസപ്രമാണങ്ങൾ വചനാനുസൃതമാണെന്നു വിശ്വസിക്കുന്നവർക്കു ബാലനെ ദുരുപദേശക്കാരനായി കണക്കാക്കാൻ പറ്റില്ല.

സണ്ണിയച്ചന്റെ കാര്യത്തിൽ ഡിഫെൻഡർ ഇത്ര കഠിനമായ നിലപാടെടുക്കുന്നതെന്തുകൊണ്ട് എന്നു ചിലരെങ്കിലും സംശയിച്ചേക്കാം. സണ്ണിയച്ചൻ നീചനാണ് എന്നു തെറ്റിദ്ധരിക്കാനും ഇടയുണ്ട്. അതുകൊണ്ടു ചില വസ്തുതകൾ വ്യക്തമാക്കേണ്ടതുണ്ട്: ഒരു വ്യക്തി എന്ന നിലയിൽ സണ്ണിയച്ചൻ അത്ര മോശക്കാരനൊന്നുമല്ല. ഒരു ശരാശരി പെന്തക്കോസ്തുകാരനെക്കാൾ നല്ലവനാണ് അദ്ദേഹം. മാന്യമായ പെരുമാറ്റം. 'പാപം' എന്നു നാം കണക്കാക്കുന്ന പ്രശ്നങ്ങളൊന്നും സണ്ണിയച്ചനില്ല. ദുർന്നടപ്പിന്റെ ശ്രുതിപോലുമില്ല. ഡിഫെൻഡറിന്റെ എഡിറ്ററായ റ്റി.എസ്. ബാലന് സണ്ണിയച്ചനോട് ഒരു വിധത്തിലുള്ള വ്യക്തിവൈരാഗ്യവുമില്ല എന്നതും ശ്രദ്ധേയമാണ്.

പിന്നെ എവിടെയാണു പ്രശ്നം? ബൈബിൾ ദൈവവചനമായി അംഗീകരിക്കുന്ന ആർക്കും അച്ചന്റെ ആത്മീയ നിലപാടുകളുമായി പൊരുത്തപ്പെടാൻ പറ്റില്ല. സ്നാനവും തിരുവത്താഴവും അനാവശ്യമാണെന്ന നിലപാടിനോട് അച്ചൻ അംഗമായിരിക്കുന്ന മാർത്തോമ്മാ സഭപോലും യോജിക്കുന്നുമില്ല.

സണ്ണിയച്ചൻ മരുപ്പച്ചയിൽ ലേഖനമെഴുതുന്നതുകൊണ്ട് എന്താണു കുഴപ്പം? മരുപ്പച്ച എന്നതു പെന്തക്കോസ്ത് പത്രമാണെന്നത്രേ ഭൂരിപക്ഷം പെന്തക്കോസ്തുകാരും ധരിച്ചു വച്ചിരിക്കുന്നത്. മരുപ്പച്ചയിൽ ലേഖനമെഴുതുന്നതിലൂടെ സണ്ണിയച്ചൻ പെന്തക്കോസ്തരുടെ ഹൃദയത്തിൽ സ്ഥാനം പിടിക്കും. സണ്ണിയച്ചൻ പറയുന്നതെല്ലാം ദൈവവചനമായി അവർ പരിഗണിക്കും. അച്ചൻ പടച്ചു വിട്ടിരിക്കുന്ന ദുരുപദേശപുസ്തകങ്ങളും ലേഖനങ്ങളും വായിച്ച് ഈ സാധുക്കൾ വഴിതെറ്റും. അജ്ഞന്റെ ലക്ഷ്യം ഇതുതന്നെ. സാത്താനൊരുക്കിയ ഈ ചതിക്കുഴി കണ്ടിട്ട് മൗനമായിരിക്കാൻ ഡിഫെൻഡറിനു കഴിയുന്നതല്ല.

# അടിസ്ഥാന വേദോപദേശങ്ങൾ

'ഡിഫെൻഡർ വിശ്വസിക്കുന്നു' എന്ന പേരിൽ ഡിഫെൻഡറിൽ പ്രസിദ്ധീകരിച്ചുവന്ന ലേഖന പരമ്പരയുടെ സമാഹാരമാണ് ഈ പുസ്തകം എന്നു പറയാം. എങ്കിലും ആവശ്യമായ ഭേദഗതികൾ വരുത്തിയിട്ടുണ്ട്. കൂടാതെ സംശയങ്ങൾക്കു മറുപടി പറയുകയും ചെയ്തു. ഈ പുസ്തകത്തിന്റെ പി.ഡി.എഫ്. പതിപ്പ് ഡിഫെൻഡറിന്റെ വെബ്സൈറ്റിൽ നിന്നു സൗജന്യമായി ഡൗൺലോഡ് ചെയ്യാവുന്നതാണ്.

തികച്ചും ലളിതമായ ഭാഷയിൽ രചിക്കപ്പെട്ടിരിക്കുന്ന ഈ പുസ്തകം രക്ഷിക്കപ്പെട്ടവർക്കും രക്ഷിക്കപ്പെടാത്തവർക്കും ഒന്നു പോലെ പ്രയോജനം ചെയ്യുന്നതാണ്. അതുകൊണ്ട് കൂടുതൽ കോപ്പികൾ വാങ്ങി ബന്ധുമിത്രാദികൾക്കു സമ്മാനമായി നൽകാവുന്നതാണ്.

വില – ഒരു കോപ്പി – 30 രൂപ
(പോസ്റ്റേജ് – 20 രൂപ)
കൂടുതൽ വിവരങ്ങൾ അടുത്ത പേജിൽ (പേജ്-5) വായിക്കുക.
**Phone: 0484-3232356.**

# ലൈബ്രറി ഓഫ് തിയോളജി

വേദവിദ്യാർത്ഥികളുടെ ഉപയോഗത്തിനുവേണ്ടി ഉണ്ടാക്കിയിട്ടുള്ളതാണ് ഈ സി.ഡികൾ. അതുകൊണ്ടാണ് ലൈബ്രറി ഓഫ് തിയോളജി എന്നു പേരിട്ടിരിക്കുന്നത്. പുസ്തകങ്ങളെ 10 ഇനങ്ങളായി തരം തിരിച്ചിരിക്കുന്നു. 1. പഴയനിയമം. 2. പുതിയനിയമം. 3. തിയോളജി. 4. എത്തിക്സ്. 5. ഹിസ്റ്ററി. 6. റിലീജിയൻസ്. 7. മിനിസ്ട്രി. 8. കൾട്ടും ഒക്കൾട്ടും. 9. ജീവചരിത്രങ്ങളും ആത്മകഥകളും. 10. പലവക. പത്തു ലക്ഷത്തിലധികം രൂപ വിലവരുന്ന പുസ്തകങ്ങളും അത്യപൂർവ്വ ഗ്രന്ഥങ്ങളും ഈ ഡിജിറ്റൽ ലൈബ്രറിയിലുണ്ട്. ചില സാമ്പിളുകൾ:

ജോസീഫസിന്റെ സമ്പൂർണ്ണ കൃതികൾ, ബൈബിളിലെ ഓരോ പുസ്തകത്തിന്റേയും വ്യാഖ്യാനങ്ങൾ, തൽമൂദുകൾ, ചാവു കടൽ ചുരുളുകൾ, വിവിധ ഡിക്ഷ്ണറികൾ, ഹാനോക്കിന്റെ പുസ്തകം ഉൾപ്പെടെയുള്ള അത്യപൂർവ്വ അപ്പോക്രിഫൽ പുസ്തകങ്ങൾ, പ്രശസ്ത ദൈവശാസ്ത്ര ഗ്രന്ഥങ്ങൾ, സോക്രട്ടീസ്-പ്ലേറ്റോ-അരിസ്റ്റോട്ടിൽ തുടങ്ങിയവരുടെ പുസ്തകങ്ങൾ, അപൂർവ്വ ചരിത്ര പുസ്തകങ്ങൾ, വേദങ്ങൾ, ഖുറാൻ, ത്രിപിടിക, സെന്റ് അവസ്ത, സാത്താനിക് ബൈബിൾ, പ്രാചീന നിഗൂഢ മതങ്ങളെ സംബന്ധിക്കുന്ന പുസ്തകങ്ങൾ, മൊർമോൺ പുസ്തകം, കൾട്ടുകളുടെ ആധികാരിക ഗ്രന്ഥങ്ങൾ, ഒക്കൾട്ടുമായി ബന്ധപ്പെട്ട നിരവധി പുസ്തകങ്ങൾ, പ്രശസ്തരുടെ ജീവചരിത്രങ്ങൾ, ആത്മകഥകൾ ..... ദൈവശാസ്ത്രം ആഴത്തിൽ പഠിക്കാൻ ആഗ്രഹിക്കുന്നവർക്ക് ഈ ഗ്രന്ഥങ്ങൾ ഒഴിവാക്കാനാവില്ല.

പത്തു സി.ഡികളിലുള്ള ഈ പുസ്തകങ്ങൾ മുഴുവൻ ഒരു യു.എസ്.ബി. ഡ്രൈവിൽ ആക്കിയിട്ടുണ്ട്. പി.ഡി.എഫ് ഫോർമാറ്റിലുള്ള ഈ പുസ്തകങ്ങൾ കമ്പ്യൂട്ടർ ഉപയോഗിച്ചു മാത്രമേ വായിക്കാൻ കഴിയൂ. അതുകൊണ്ട് യു.എസ്.ബി വാങ്ങുന്നതാണു നല്ലത്. സി.ഡിക്കും യു.എസ്.ബിക്കും ഇന്ത്യയിൽ വിലവ്യത്യാസവുമില്ല. മാത്രമല്ല, സി.ഡി. വിദേശത്തേക്ക് അയയ്ക്കുന്നതുമല്ല.

വില: ഇന്ത്യയിൽ – 900 രൂപ.
വിദേശം: 50 ഡോളർ
പോസ്റ്റേജ് സൗജന്യം.
(വിലാസം 5-ാം പേജിൽ)
ഗൾഫിലുള്ളവർ ഇന്ത്യയിലെ വിലാസം അറിയിക്കുക.

# അദൃശ്യലോകത്തെ അത്ഭുതജീവികൾ

നിമ്രോദിന്റെ നേതൃത്വത്തിൽ ദൈവത്തിനെതിരെ ബാബേലിലുണ്ടായ മത്സരവും അനുബന്ധ സംഭവങ്ങളുമാണ് ഇതുവരെ വിവരിച്ചത്. ദൈവം ഭൂമിയെ വിഭജിച്ചതോടെ മനുഷ്യർ അത്രപെട്ടെന്നൊന്നും സംഘടിക്കാൻ പറ്റാത്ത സ്ഥിതിയിലായി. ഇതുമൂലം സാത്താന്റെ ജോലി കൂടുതൽ ബുദ്ധിമുട്ടുള്ളതായി.

സാത്താൻ ഒരു ദൈവദൂതനായിരുന്നു. ഗബ്രിയേൽ, മിഖായേൽ എന്നീ ദൂതൻമാർക്കുള്ള കഴിവുകളും കഴിവുകേടുകളുമാണ് ലൂസിഫറിനും ഉണ്ടായിരുന്നത് എന്ന് അനുമാനിക്കാം. അങ്ങനെയെങ്കിൽ എന്തൊക്കെ കഴിവുകളാകും ലൂസിഫറിനും അവന്റെ ദൂതൻമാർക്കും ഉണ്ടായിരിക്കുക? ആകാശത്തിലും ഭൂമിയിലും അതിവേഗത്തിൽ സഞ്ചരിക്കാനുള്ള കഴിവ്, മനുഷ്യർക്കുള്ളതിൽ അധികം ജ്ഞാനം, ഓർമ്മശക്തി, പുരുഷരൂപം ധരിക്കാനുള്ള കഴിവ്, അമർത്യത തുടങ്ങി പലതും ഉണ്ടായിരിക്കാം. പക്ഷേ ദൂതന് ഒരിക്കലും ദൈവമാകാൻ പറ്റില്ല. ദൈവത്തിനു മാത്രം അവകാശപ്പെടാൻ കഴിയുന്ന ദിവ്യസ്വഭാവങ്ങൾ ദൂതൻമാർക്കോ സാത്താനോ ഉണ്ടായിരിക്കില്ല.

എന്തൊക്കെയാണ് ദൈവത്തിന്റെ ദിവ്യസ്വഭാവങ്ങൾ? ദൈവം ആരംഭമോ അവസാനമോ ഇല്ലാത്തവനാണ്. പക്ഷേ ദൂതൻമാർക്കും സാത്താനും ആരംഭമുണ്ട്. ദൈവം സർവ്വശക്തനാണ്. ദൂതൻമാർക്കും സാത്താനും ശക്തിയുണ്ടെങ്കിലും ഇവർ സർവ്വശക്തരല്ല. ദൈവം സർവ്വജ്ഞനാണ്. ദൂതൻമാർക്കും സാത്താനും മനുഷ്യർക്കുള്ളതിൽ അധികം അറിവുണ്ടെങ്കിലും അവർ സർവ്വജ്ഞരല്ല. ദൈവം സർവ്വ വ്യാപിയാണ്. ആത്മജീവികൾ സർവ്വവ്യാപികളല്ല. അവർ സ്ഥലം, സമയം തുടങ്ങിയവയ്ക്ക് അധീനരാണ്. ഒരു സമയത്ത് ഒരു സ്ഥലത്ത് ആയിരിക്കാൻ മാത്രമേ അവയ്ക്കു കഴിയൂ. മറ്റൊരു സ്ഥലത്ത് എത്തണമെങ്കിൽ യാത്ര ചെയ്യണം. അതിനു സമയവും വേണം. സാത്താന്റെ സ്ഥിതിയും ഇതുതന്നെ. ബാബേലിൽ ഒരു ഗോപുരം പണിതിരുന്നെങ്കിൽ അതിനു മുകളിൽ കയറിയിരുന്നു സാത്താന് മനുഷ്യവർഗ്ഗത്തെ ഒന്നാകെ നിയന്ത്രിക്കാൻ കഴിയുമായിരുന്നു. ഗോപുരം പണിയാൻ നിമ്രോദിനെ അവൻ പ്രേരിപ്പിച്ചത് ഈ കാരണത്താലത്രേ. ഇത്തരമൊരു ആപത്ത് മുൻകൂട്ടിക്കണ്ടാണു ദൈവം മനുഷ്യരോടു ലോകമെമ്പാടും ചിതറിപ്പോകാൻ കല്പിച്ചത്. മനുഷ്യർ ആ കല്പന ലംഘിച്ചപ്പോൾ ദൈവത്തിന് മനുഷ്യനെ ലോകമെമ്പാടും ചിതറിക്കേണ്ടതായി വന്നു.

ലോകത്തിലെ അഞ്ചു വൻകരകളിലും ചെറു ദ്വീപുകളിലുമായി മനുഷ്യർ ചിതറിപ്പാർക്കുന്നതിനാൽ സാത്താന് ഏറെ ബുദ്ധിമുട്ടേണ്ടതായി വരുന്നു. മനുഷ്യനെ വഴി തെറ്റിക്കാൻ ലോകമെമ്പാടും സാത്താൻ ഊടാടി സഞ്ചരിക്കുകയാണ്. എങ്കിലും അവനു തന്റെ ജോലി പൂർത്തിയാക്കാൻ കഴിയുന്നില്ല. നിരവധി മനുഷ്യർ സത്യദൈവത്തെ പിൻപറ്റുന്നു, ജീവനുള്ള ദൈവത്തെ ആരാധിക്കുന്നു. ഇതു തടയേണ്ടതു സാത്താന്റെ ആവശ്യമാണ്. അതിന് അവൻ ഒരു പോംവഴി കണ്ടുപിടിച്ചു. തന്റെ ദൂതൻമാരെ ഓരോ പ്രദേശത്തിന്റെയും ചുമതലക്കാരാക്കി. അവർക്ക് അധികാരങ്ങളും പദവികളും ചുമതലകളും വിഭാഗിച്ചു കൊടുത്തു. മേൽനോട്ടച്ചുമതല മാത്രം സാത്താൻ ഏറ്റെടുത്തു. സാത്താന്റെ ദൂതൻമാർക്കു ചെയ്യാൻ കഴിയാത്ത കാര്യങ്ങളിൽ മാത്രം സാത്താൻ നേരിട്ട് ഇടപെടുകയും ചെയ്യുന്നു. ഇയ്യോബിനെ വീഴ്ത്താൻ സാധാരണ ദൂതൻമാർക്കു കഴിഞ്ഞില്ല. അതുകൊണ്ട് സാത്താൻ ആ ജോലി നേരിട്ട് ഏറ്റെടുത്തു. ജനത്തെ എണ്ണാൻ ദാവീദിന്റെ ഹൃദയത്തിൽ തോന്നിച്ചതും സാത്താനാണ്. കർത്താവായ യേശുക്രിസ്തുവിനെ പരീക്ഷിക്കുന്ന ജോലി സാത്താൻ നേരിട്ടു ചെയ്തതും ഈ കാരണത്താലാകാം.

ഏതു വിധത്തിലാണ് സാത്താന്റെ രാജ്യത്തു ഭരണവും പ്രവർത്തനങ്ങളും നടക്കുന്നതെന്നു വ്യക്തമല്ല. ദൈവത്തിന്റെ വചനമായ ബൈബിൾ ദൈവത്തിന്റെ മഹത്വമാണു വർണ്ണിക്കുന്നത്, സാത്താന്റെ മഹത്വമല്ല. അതുകൊണ്ട് സാത്താനെക്കുറിച്ചു വളരെ കുറച്ചു കാര്യങ്ങൾ മാത്രമേ നക്കുക്ക് അറിയാൻ കഴിയുന്നുള്ളൂ. എങ്കിലും ലഭ്യമായ വിവരങ്ങൾ വച്ച് കുറെ ഊഹാപോഹങ്ങളൊക്കെ നടത്താൻ കഴിയും. പക്ഷേ ഊഹങ്ങളും വസ്തുതകളും തമ്മിലുള്ള വ്യത്യാസം മനസ്സിൽ വച്ചുകൊണ്ടു വേണം ഇത്തരം പഠനങ്ങൾ നടത്താൻ എന്ന് പ്രാരംഭത്തിൽത്തന്നെ വ്യക്തമാക്കട്ടെ.

സാത്താനു രാജ്യമുണ്ടോ?

സാത്താനു രാജ്യമുണ്ടോ എന്നതാണ് ആദ്യത്തെ ചോദ്യം. ഇതിനുള്ള ഉത്തരം ബൈബിളിലുണ്ട്: ''ഞാൻ ഇനി നിങ്ങളോടു വളരെ സംസാരിക്കുകയില്ല; ലോകത്തിന്റെ പ്രഭു വരുന്നു; അവന് എന്നോട് ഒരു കാര്യവുമില്ല.'' യോഹ.14:30. ''...ഈ ലോകത്തിന്റെ പ്രഭു വിധിക്കപ്പെട്ടിരിക്കുകകൊണ്ടു ന്യായവിധിയെക്കുറിച്ചും തന്നേ..'' യോഹ. 16:11.

ഈ വാക്യങ്ങളിൽ പ്രഭു എന്ന് തർജ്ജമ ചെയ്തിരിക്കുന്നത് 'ആർക്കോൻ' എന്ന ഗ്രീക്ക് വാക്കാണ്. പ്രധാന ഭരണാധികാരി എന്നാണ് ഈ വാക്കിന്റെ അർത്ഥം. സാത്താൻ ഈ ലോകത്തിന്റെ പ്രധാന ഭരണാധികാരിയാണ്. അതുകൊണ്ടാണ് യോഹന്നാൻ ''സർവ്വലോകവും ദുഷ്ടന്റെ അധീനതയിൽ കിടക്കുന്നു'' (1യോഹ.5:19) എന്നു പറയുന്നത്. ദൈവവചനം വസ്തുനിഷ്ഠമായി പഠിച്ചിട്ടില്ലാത്തവർക്ക് ഇതൊന്നും ഉൾക്കൊള്ളാൻ കഴിഞ്ഞെന്നു വരില്ല. പക്ഷേ ചിലർക്ക് ഇതൊക്കെ ഭോഷത്വമായി തോന്നുന്നതുകൊണ്ട് സത്യം മിഥ്യയാകുകയില്ലല്ലോ.

എങ്ങനെയാണ് സാത്താൻ തന്റെ രാജ്യം ഭരിക്കുന്നത് എന്നതാണ് ഇനി പരിശോധിക്കേണ്ടത്. ആ വിഷയത്തിലേക്കു കടക്കുന്നതിനു മുമ്പ് നാം ഒരു വസ്തുത മനസ്സിലാക്കണം: ദൈവസഭ എന്നത് ആത്മീയ ദൈവരാജ്യമാണ്. വീണ്ടും ജനനം പ്രാപിച്ച ദൈവമക്കൾ ദൈവരാജ്യത്തിലെ പ്രജകളാണ്. ദൈവരാജ്യത്തിലെ പ്രജകളെല്ലാം ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിച്ച പടയാളികളുമാണ്. ഈ പടയാളികൾ ലോകത്തിന്റെ പ്രഭുവിനോടും അവന്റെ സൈന്യത്തോടും യുദ്ധം ചെയ്തുകൊണ്ടിരിക്കയാണ്. രണ്ടു രാജ്യങ്ങൾ തമ്മിൽ യുദ്ധം ചെയ്യുമ്പോൾ ഇരു രാജ്യങ്ങളിലെയും സൈനികർ തമ്മിലാണു യുദ്ധം ചെയ്യുന്നത്, പ്രജകളെ ഒഴിവാക്കും. ആത്മീയ യുദ്ധത്തിലും ഇതുതന്നെയാണു ചെയ്യുന്നത്. പൗലോസ് പറയുന്നു: ''നമുക്കു പോരാട്ടം ഉള്ളതു ജഡരക്തങ്ങളോടല്ല, വാഴ്ചകളോടും അധികാരങ്ങളോടും ഈ അന്ധകാരത്തിന്റെ ലോകാധിപതികളോടും സ്വർല്ലോകങ്ങളിലെ ദുഷ്ടാത്മസേനയോടും അത്രേ.'' (എഫേ.6:12.)

സാത്താന്റെ രാജ്യത്ത് രണ്ടുതരം ആൾക്കാരുണ്ട്. ജഡരക്തങ്ങളോടുകൂടിയ മനുഷ്യരാണ് ഒരു ഗ്രൂപ്പ്. സാത്താന്റെ വഞ്ചനയിൽ അകപ്പെട്ടു കിടക്കുന്ന ഈ മനുഷ്യരോട് നമുക്കു യുദ്ധമില്ല. കർത്താവായ യേശുക്രിസ്തു മരിച്ചത് ഇവർക്കുവേണ്ടുക്കൂടിയാണ്. ഇവരെ ദുഷ്ടന്റെ അധീനതയിൽ നിന്നു വിടുവിച്ച് ദൈവരാജ്യത്തിലാക്കുക എന്നതാണു നമ്മുടെ ലക്ഷ്യം. 'നമുക്കു പോരാട്ടമുള്ളതു ജഡരക്തങ്ങളോടല്ല' എന്നു പൗലോസ് പറയുന്നത് ഈ കാരണത്താലത്രേ. പക്ഷേ നാം ഈ വസ്തുത പലപ്പോഴും മറന്നുപോകുന്നു. സുവിശേഷ വിരോധികളെയും നമ്മെ ഉപദ്രവിക്കുന്നവരെയും നാം ശത്രുക്കളായി കാണുന്നു. അവരുടെ നാശത്തിനായി പ്രാർത്ഥിക്കുന്നു. ഇതു ശരിയായ നടപടിയല്ല.

ദൈവരാജ്യത്തിന്റെ പടയാളികളായ നാം സാത്താന്റെ രാജ്യത്തിനെതിരായാണു പോരാടേണ്ടത്, സാത്താന്റെ രാജ്യത്തെ പടയാളികൾക്കെതിരെയാണു പോരാടേണ്ടത്. സാത്താന്റെ രാജ്യത്തെ ഭരണാധികാരികൾ ആരൊക്കെ? വ്യക്തമായ ഉത്തരം ബൈബിളിൽ കാണുന്നില്ല. എങ്കിലും പൗലോസ് ചില സൂചനകളൊക്കെ തരുന്നുമുണ്ട്. നമുക്കു പോരാട്ടമുള്ളതു ജഡരക്തങ്ങളോടല്ല എന്നു പറഞ്ഞിട്ട് ''വാഴ്ചകളോടും അധികാരങ്ങളോടും ഈ അന്ധകാരത്തിന്റെ ലോകാധിപതികളോടും സ്വർല്ലോകങ്ങളിലെ ദുഷ്ടാത്മസേനയോടും അത്രേ'' എന്നു പറയുന്നതിൽ നിന്നും ഇവർ മനുഷ്യരല്ല എന്നു വ്യക്തമാകുന്നു. സാത്താന്റെ രാജ്യത്തുള്ള മനുഷ്യരെല്ലാം സാത്താന്റെ പ്രജകൾ മാത്രമാണ്. പ്രജകൾ എന്നതിനേക്കാൾ അടിമകൾ എന്ന വാക്കാണ് അവർക്ക് കൂടുതൽ യോജിക്കുക. കാരണം, അവർ സാത്താന്റെ പൂർണ്ണ നിയന്ത്രണത്തിലാണ്. സാത്താന്റെ ആജ്ഞ അനുസരിക്കുക മാത്രമാണ് അവർ ചെയ്യുന്നത്. എന്നാൽ മനുഷ്യരെ കൂടാതെ മറ്റു ചിലരൊക്കെക്കൂടി സാത്താന്റെ രാജ്യത്തുണ്ട്. വാഴ്ചകൾ, അധികാരങ്ങൾ, ഈ അന്ധകാരത്തിന്റെ ലോകാധിപതികൾ, സ്വർല്ലോകങ്ങളിലെ ദുഷ്ടാത്മസേന എന്നിവരാണിവർ. ഇവരെപ്പറ്റി കൂടുതലായി ഒന്നും നമുക്ക് അറിഞ്ഞുകൂടാ. എങ്കിലും കർത്താവായ യേശുക്രിസ്തു തന്റെ പരമയാഗത്തിലൂടെ ഇവരെ തോല്പിച്ചു എന്നു പൗലോസ് വ്യക്തമാക്കുന്നുണ്ട്. ''വാഴ്ചകളെയും അധികാരങ്ങളെയും ആയുധവർഗ്ഗം വയ്പ്പിച്ചു ക്രൂശിൽ അവരുടെമേൽ ജയോത്സവം കൊണ്ടാടി അവരെ പരസ്യമായ കാഴ്ചയാക്കി.'' കൊലോ.2;15.

വാഴ്ചകൾ, അധികാരങ്ങൾ തുടങ്ങിയവയെക്കുറിച്ച് പൗലോസ് മറ്റു സ്ഥലങ്ങളിലും പറയുന്നുണ്ട്: ''മരണത്തിനോ ജീവനോ ദൂതൻമാർക്കോ വാഴ്ചകൾക്കോ അധികാരങ്ങൾക്കോ ഇപ്പോഴുള്ളതിനോ വരുവാനുള്ളതിനോ ഉയരത്തിനോ ആഴത്തിനോ മറ്റു യാതൊരു സൃഷ്ടിക്കോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിലുള്ള ദൈവസ്നേഹത്തിൽനിന്നു നമ്മെ വേർപിരിക്കുവാൻ കഴിയുകയില്ല എന്നു ഞാൻ ഉറച്ചിരിക്കുന്നു.'' (റോമ. 8:38,39). ''അങ്ങനെ ഇപ്പോൾ സ്വർഗ്ഗത്തിൽ വാഴ്ചകൾക്കും അധികാരങ്ങൾക്കും ദൈവത്തിന്റെ ബഹുവിധമായ ജ്ഞാനം, അവൻ നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ നിവർത്തിച്ച അനാദിനിർണ്ണയപ്രകാരം സഭ മുഖാന്തരം അറിയായ്‌വരുന്നു.'' (എഫേ.3:10,11.) ''അവൻ അദൃശ്യനായ ദൈവത്തിന്റെ പ്രതിമയും സർവ്വസൃഷ്ടിക്കും ആദ്യജാതനും ആകുന്നു. സ്വർഗ്ഗത്തിലുള്ളതും ഭൂമിയിലുള്ളതും ദൃശ്യമായതും അദൃശ്യമായതും സിംഹാസനങ്ങൾ ആകട്ടെ കർത്തൃത്വങ്ങൾ ആകട്ടെ വാഴ്ചകൾ ആകട്ടെ അധികാരങ്ങൾ ആകട്ടെ സകലവും അവൻ മുഖാന്തരം സൃഷ്ടിക്കപ്പെട്ടു; അവൻ മുഖാന്തരവും അവനായും സകലവും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു.'' (കൊലോ.1:15,16.) തിത്തോ.3:1ൽ പരാമർശിക്കപ്പെടുന്ന വാഴ്ചകളും അധികാരങ്ങളും ഈ ലോകത്തിലെ യഥാർത്ഥ ഭരണാധികാരികളാണ്. (കൂടുതൽ വിവരങ്ങൾ അടുത്ത ലക്കത്തിൽ.)

## രണ്ടു പുസ്തകങ്ങളും ഒന്നിച്ചു വാങ്ങാം

''മരിച്ചവർ എവിടെ'', ''അടിസ്ഥാന വേദോപദേശങ്ങൾ'' എന്നീ പുസ്തകങ്ങൾ ഒന്നിച്ചു വാങ്ങിയാൽ പോസ്റ്റേജ് ലാഭിക്കാൻ കഴിയും. ഈ പുസ്തകങ്ങൾ **പോസ്റ്റിൽ ലഭിക്കുവാൻ** ഇന്ത്യയിൽ നൽകേണ്ട വില താഴെ കൊടുക്കുന്നു:

ഏതെങ്കിലും ഒരു പുസ്തകത്തിന്റെ ഒരു കോപ്പി- 50 രൂപ.
രണ്ടു പുസ്തകങ്ങളുടെയും ഓരോ കോപ്പി വീതം- 80 രൂപ.
രണ്ടു പുസ്തകങ്ങളുടെയും രണ്ടു കോപ്പികൾ വീതം- 150 രൂപ.
രണ്ടു പുസ്തകങ്ങളുടെയും അഞ്ചു കോപ്പികൾ വീതം- 350 രൂപ. കൂടുതൽ കോപ്പികൾ ആവശ്യമുള്ളവർ ഓരോ പുസ്തകത്തിനും 30 രൂപ നിരക്കിൽ പുസ്തകത്തിന്റെ വിലയും പത്തു പുസ്തകത്തിന് 50 രൂപ എന്ന നിരക്കിൽ പോസ്റ്റേജും നൽകിയാൽ മതിയാകും. വിദേശത്തുള്ളവർ ഈമെയിൽ അയയ്ക്കുകയോ ഫോണിൽ ബന്ധപ്പെടുകയോ ചെയ്യുക.

പുസ്തകം ആവശ്യമുള്ളവർ പേര്, പൂർണ്ണമായ വിലാസം, ഫോൺ നമ്പർ, ഏറ്റവും പരിചയമുള്ള കുരിയർ കമ്പനിയുടെ പേര് എന്നിവ അറിയിക്കണം. ചെറിയ തുകകൾ മണിയോർഡറായി അയയ്ക്കുക. ചെക്ക് അയയ്ക്കുന്നവർ 50 രൂപ ബാങ്ക് കമ്മീഷൻ ചേർത്ത് അയയ്ക്കുക. ഡ്രാഫ്റ്റുകൾ പെരുമ്പാവൂരിൽ മാറത്തക്കവിധം അയയ്ക്കുക. ചെക്കുകൾ, ഡ്രാഫ്റ്റുകൾ തുടങ്ങിയവ റ്റി.എസ്. ബാലൻ എന്ന പേരിൽ എടുക്കുക.

## ഈ ലക്കത്തിലെ പുസ്തകം






'ഈ ലക്കത്തിലെ പുസ്തകം' എന്ന പേരിൽ ഒരു സ്ഥിരം പംക്തി ഈ ലക്കം മുതൽ ആരംഭിക്കുകയാണ്. ദൈവശാസ്ത്ര വിദ്യാർത്ഥികൾക്ക് ഉപകരിക്കുന്ന പുസ്തകങ്ങളാകും ഈ പംക്തിയിലൂടെ പരിചയപ്പെടുത്തുക. എന്നാൽ വെറുതെ പുസ്തകം പരിചയപ്പെടുത്തുക മാത്രമല്ല പരിചയപ്പെടുത്തുന്ന പുസ്തകങ്ങൾ വായനക്കാർക്കു തികച്ചും സൗജന്യമായി ഡൗൺലോഡ് ചെയ്യാൻ അവസരം ഒരുക്കുകകൂടി ചെയ്യുന്നു എന്നതാണ് ഈ പംക്തിയുടെ പ്രത്യേകത.

യഹൂദചരിത്രം പഠിക്കുവാൻ സഹായകമായ ഒരു പ്രാചീന ഗ്രന്ഥം എന്ന നിലയിൽ ജോസിഫസ്സിന്റെ എഴുത്തുകൾ നിസ്തുലമാണ്. യേശുക്രിസ്തുവിന്റെ കാലത്തു ജീവിച്ചിരുന്ന ഈ ചരിത്രകാരൻ യേശുക്രിസ്തുവിനെക്കുറിച്ചും എഴുതുന്നുണ്ട്. ജോസിഫസ്സിന്റെ സമ്പൂർണ്ണ കൃതികൾ അടങ്ങുന്ന ഈ ഇംഗ്ലീഷ് പുസ്തകം താഴെക്കാണുന്ന ലിങ്കിൽ, PDF ഫോർമാറ്റിൽ ലഭ്യമാണ്. **http://www.tsbalan.com/josephus.html**

# അത്യാഗ്രഹത്തിന്റെ സുവിശേഷം

വിശ്വാസത്തെ ഒരു ശക്തിയായി പുനർനിർവ്വചിക്കുകയും മനുഷ്യന് ദൈവത്വം കല്പിക്കുകയും ക്രിസ്തുവിന്റെ കാൽവറി യാഗത്തിലൂടെയുള്ള രക്ഷയെ ആക്രമിക്കുകയും കൃപയുടെ സുവിശേഷത്തെ അത്യാഗ്രഹത്തിന്റെ സുവിശേഷം ആക്കി മാറ്റുകയുമാണ് വിശ്വാസ പ്രസ്ഥാനക്കാർ ചെയ്തിരിക്കുന്നത്.

''സകല ദ്രവ്യാഗ്രഹവും സൂക്ഷിച്ച് ഒഴിഞ്ഞുകൊൾവീൻ. ഒരുത്തനു സമൃദ്ധി ഉണ്ടായാലും അവന്റെ വസ്തുവക അല്ല അവന്റെ ജീവന് ആധാരമായിരിക്കുന്നത്'' എന്ന് യേശു മുന്നറിയിപ്പു നൽകി (ലൂക്കോ. 12:15). അതോടു ചേർന്ന് ബുദ്ധിഹീനനായ ഒരു ധനികന്റെ ഉപമയും കർത്താവ് ശിഷ്യന്മാരോടു പറഞ്ഞു (ലൂക്കോ. 12:16-21). വസ്തുവകകൾ സ്വന്തമാക്കുന്നതിനെ കർത്താവ് എതിർത്തില്ല. എന്നാൽ നിത്യമായ ഒന്നിനെ ത്യജിച്ച് താൽക്കാലികമായതിൽ ആശ്രയിക്കുന്നതിനെതിരെയാണ് കർത്താവ് വിരൽ ചൂണ്ടിയത്. 'മുമ്പെ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ അതോടു കൂടെ ഇതൊക്കെയും നിങ്ങൾക്കു കിട്ടും' എന്നായിരുന്നു എപ്പോഴും യജമാനന്റെ കല്പന (മത്താ. 6:33). ഇത് വിശ്വാസ പ്രസ്ഥാനക്കാരുടെ സന്ദേശത്തിന് എത്ര വിരുദ്ധമായിരിക്കുന്നു. സമൃദ്ധി ഓരോ വിശ്വാസിയുടെയും ദൈവിക അവകാശമാണ് എന്നാണ് ഇക്കൂട്ടർ നിരന്തരം പഠിപ്പിക്കുന്നത്. 'ക്രിസ്ത്യാനിത്വം' എന്ന ആവരണത്തിൽ പൊതിഞ്ഞു മുക്കിയെടുത്ത അത്യാഗ്രഹത്തിന്റെ ഒരു ദുരുപദേശം മാത്രമാണ്. നമ്മുടെ ഇന്നത്തെ സാംസ്കാരിക വ്യവസ്ഥിതിയുമായി ഉള്ള ദയനീയമായ ഒരു ഇഴുകിച്ചേരലാണത്. ''പ്രക്ഷേപണ സുവിശേഷവും (Televangelism) അമേരിക്കൻ സംസ്കാരവും'' എന്ന ഗ്രന്ഥത്തിന്റെ കർത്താവായ ക്വിന്റിൻ ഷുൾട്ട്സ് ഇതിനെ സംബന്ധിച്ച് ഇങ്ങനെ പറയുന്നു. ''അമേരിക്കൻ സംസ് കാരത്തിൽനിന്ന് കടം കൊണ്ടതും അതോടു ചേർന്ന് നിൽക്കുന്നതുമായ തങ്ങളുടെ വ്യക്തിഗത സുവിശേഷ ആവിഷ്കാരങ്ങളാണ് പ്രക്ഷേപണ സുവിശേഷകർ അവതരിപ്പിക്കുന്നത്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ ചില പ്രക്ഷേപണ സുവിശേഷകർ അമേരിക്കക്കാരാണ്. ക്രിസ്ത്യാനികളല്ല. അവർ ഒറ്റപ്പെട്ടു നിൽക്കുന്നവരും പ്രസിദ്ധി ആഗ്രഹിക്കുന്നവരും ബൈബിളിനെക്കാൾ സ്വന്തം അനുഭവങ്ങൾക്കു പ്രാധാന്യം കൊടുക്കുന്നവരുമാണ്. അക്കാരണത്താൽ അവരുടെ സുവിശേഷം ധനസമൃദ്ധി നിറഞ്ഞതും സ്വാർത്ഥപരവും വ്യക്തിഗതവും ആണ്. പരിശ്രമശാലിയും പ്രയത്നശീലനുമായ ഒരു വ്യക്തിക്ക് സാമ്പത്തികമായി അഭിവൃദ്ധി പ്രാപിക്കുവാൻ കഴിയും എന്ന അമേരിക്കൻ സ്വപ്നത്തെ പ്രക്ഷേപണ സുവിശേഷകരുടെ വിശ്വാസ സമ്പ്രദായത്തിന്റെ ഈ മൂന്നു പ്രത്യേകതകൾ പ്രതിഫലിപ്പിക്കുന്നു. അതു മാത്രമല്ല, സഭയിലെ ആധുനികതയെയും അവ പ്രതിഫലിപ്പിക്കുന്നു.

ഈ ലോകപ്രകാരം സമ്പന്നർ ആയവരെ ആത്മീയമായും സമ്പന്നർ എന്നു കണക്കാക്കുന്നു. ദരിദ്രരെ ആത്മീയ അധമന്മാരായും കരുതുന്നു. ദൈവം ഐശ്വര്യം വാഗ്ദാനം ചെയ്തിരിക്കെ ആകുലപ്പെടുന്നതു മാത്രമല്ല പാപം. ദരിദ്രൻ ആയിരിക്കുന്നതും പാപമാണ് എന്നുവരെ ഒരു വിശ്വാസ പ്രസ്ഥാന ഗുരു പ്രസ്താവിക്കുകയുണ്ടായി.

ഈ അസംബന്ധം വ്യാപാരം ചെയ്യുന്നവരെ താങ്ങിനിർത്തുന്നത് സൂത്രത്തിൽ ധനികർ ആകുവാൻ ഇച്ഛിക്കുന്ന തങ്ങളുടെ കേൾവിക്കാർ അയച്ചുകൊടുക്കുന്ന ഡോളറുകളാണ്. തങ്ങളുടെ ആഗ്രഹം സാധിക്കാതെ വരുമ്പോൾ നിരാശർ ആകുന്ന അവർ ക്രിസ്ത്യാനിത്വമെന്ന് അവർ ധരിച്ചിരുന്നതിനെ ഉപേക്ഷിച്ച് മറ്റു കൾട്ടുകളുടെ ഗുരുക്കന്മാരെ അന്വേഷിച്ചുപോകുന്നു. അപ്പൊസ്തലനായ പൗലോസ് സമുചിതമായി പ്രസ്താവിച്ചിരിക്കുന്നതു പോലെ ''അന്ത്യകാലത്ത് ദുർഘട സമയങ്ങൾ വരും എന്നറിക. മനുഷ്യർ സ്വസ്നേഹികളും ദ്രവ്യാഗ്രഹികളും വമ്പു പറയുന്നവരും അഹങ്കാരികളും ദൈവപ്രിയമില്ലാതെ ഭോഗപ്രിയരായി ഭക്തിയുടെ വേഷം ധരിച്ച് അതിന്റെ ശക്തി ത്യജിക്കുന്ന വരും ആയിരിക്കും'' (2 തീമോ. 3:1-5).

യേശുക്രിസ്തുവിന്റെ പുനരുത്ഥാനത്തിനുശേഷം തങ്ങളുടെ ലക്ഷ്യം നേടുവാനുള്ള ഒരു മാർഗ്ഗമായല്ല ശിഷ്യന്മാർ യേശുവിനെ കണ്ടത്. യേശുതന്നെ ആയിരുന്നു അവരുടെ ലക്ഷ്യം. തന്റെ വാക്കുകളിലൂടെയും ജീവിതത്തിലൂടെയും അദ്ദേഹം നൽകിയ സന്ദേശം അവർ പൂർണ്ണമായി ഉൾക്കൊണ്ടിരുന്നു. ഈ ലോകത്തിൽ തങ്ങൾ വഴിപോക്കരും തീർത്ഥാടകരും യേശുവിന്റെ പ്രതിനിധികളും മാത്രമായിരുന്നു എന്നും തങ്ങളുടെ നിക്ഷേപം മറ്റൊരു ലോകത്തിൽ ആണെന്നും ശരിയായ അർത്ഥത്തിൽ അവർ മനസ്സിലാക്കിയിരുന്നു. തങ്ങളുടെ അന്തിമ വാസസ്ഥലം ഇവിടമല്ലെന്നും അവർ ഗ്രഹിച്ചിരുന്നു. തങ്ങൾ നിത്യതയ്ക്ക് അവകാശികളാണെന്നും അവർക്ക് ഉറപ്പുണ്ടായിരുന്നു.

സാമ്പത്തിക സമൃദ്ധി ലഭ്യമാക്കുവാനല്ല മറിച്ച് നിത്യതയിലേക്ക് നമ്മുടെ ശ്രദ്ധ കേന്ദ്രീകരിക്കുവാനാണ് യേശു വന്നത്. മത്തായി ആറാം അദ്ധ്യായം 19, 20 വാക്യങ്ങളിലൂടെ 'പുഴുവും തുരുമ്പും കെടുക്കയും കള്ളന്മാർ തുരന്നു മോഷ്ടിക്കയും ചെയ്യുന്ന ഈ ഭൂമിയിൽ നിങ്ങൾ നിക്ഷേപം സ്വരൂപിക്കരുത്. പുഴുവും തുരുമ്പും കെടുക്കാതെയും കള്ളന്മാർ തുരന്നു മോഷ്ടിക്കാതെയും ഇരിക്കുന്ന സ്വർഗ്ഗത്തിൽ നിക്ഷേപം സ്വരൂപിച്ചുകൊൾവിൻ' എന്ന കർത്താവായ യേശുവിന്റെ സ്വർഗ്ഗീയ അധികാരത്തോടുകൂടിയ കല്പന ഇന്നും മുഴങ്ങിക്കേൾക്കുന്നു (മത്താ. 6:19,20). നശിച്ചുപോകുന്നവയ്ക്കായി അധ്വാനിക്കാതെ നിത്യമായി നിലനില്ക്കുന്നവയ്ക്കായി അധ്വാനിക്കണം എന്നും ഗലീല കടൽപ്പുറത്തുനിന്നുകൊണ്ട് വളരെ സ്നേഹവായ്പോടെ കർത്താവ് വാദിക്കുന്ന ആ രംഗം നേരിൽ കാണുവാൻ കഴിഞ്ഞിരുന്നുവെങ്കിൽ എത്ര മനോഹരം ആകുമായിരുന്നു (യോഹ. 6:27).

വിശ്വാസ പ്രസ്ഥാനക്കാരുടെ സുവിശേഷത്തിന്റെ പാപ്പരത്തം തെളിയിക്കുവാൻ തിരുവെഴുത്തുകളിൽനിന്ന് എത്ര ഭാഗങ്ങൾ വേണമെങ്കിലും നമുക്ക് ചൂണ്ടിക്കാണിക്കുവാൻ കഴിയും. ലൂക്കോസിന്റെ സുവിശേഷം 16-ാം അദ്ധ്യായം 19 മുതൽ 31 വരെയുള്ള ഭാഗങ്ങളിൽ കാണുന്ന ധനവാന്റെയും ലാസറിന്റെയും അനുഭവത്തെക്കുറിച്ചുള്ള കർത്താവിന്റെ വിവരണം അതിൽ ഒന്നുമാത്രമാണ്. ഈ ഭൂമിയിൽ ആർഭാട ജീവിതം നയിച്ച ആ ധനവാന്റെ പേരുപോലും പറയുന്നില്ല. എന്നാൽ ദരിദ്രനായി ജീവിച്ച ലാസറിന് നിത്യരാജ്യത്തിൽ ആശ്വാസം ലഭിക്കുന്നതായി കാണുന്നു (വാക്യം.25).



ഹാങ്ക് ഹാനെഗ്രാഫ് എഴുതിയ Christianity in Crisisഎന്ന പുസ്തകത്തിൽ നിന്ന് എടുത്തതാണ് ഈ ലേഖനം. അനുഗ്രഹത്തിന്റെ സുവിശേഷം എന്നത് അത്യാഗ്രഹത്തിന്റെ സുവിശേഷമാണെന്നു ഗ്രന്ഥകാരൻ തെളിയിക്കുന്നു.

മറ്റൊന്ന് കർത്താവിന്റെ സഹോദരനായ യാക്കോബിന്റെ വാക്കുകളിൽ നാം കാണുന്നു. യാക്കോബിന്റെ ലേഖനം 5-ാം അദ്ധ്യായം 2, 3 വാക്യങ്ങളിൽ അദ്ദേഹം ഗൗരവമായി ഇപ്രകാരം പ്രസ്താവിക്കുന്നു. ''നിങ്ങളുടെ ധനം ദ്രവിച്ചും ഉടുപ്പ് പുഴുവരിച്ചും പോയി... അന്ത്യകാലത്ത് നിങ്ങൾ നിക്ഷേപങ്ങളെ ശേഖരിച്ചിരിക്കുന്നു''. സമ്പത്തിനെയും ദാരിദ്ര്യത്തെയും കുറിച്ചുള്ള വിശ്വാസ പ്രസ്ഥാനക്കാരുടെ പഠിപ്പിക്കലുകളുടെ അർത്ഥശൂന്യത എടുത്തു കാണിക്കുന്ന നിരവധി ഭാഗങ്ങൾ ബൈബിളിൽ ഉണ്ട്.

അമേരിക്കൻ സംസ്കാരം ജീവിതോന്നമനത്തിന്റെയും വിവേക ശൂന്യമായ ഭൗതിക വാദത്തിന്റെയും പിടിയിൽ അമർന്നിരിക്കുകയാണ്. ഇവയെയാണ് വിശ്വാസ പ്രസ്ഥാനക്കാർ യഥാർത്ഥമായി താലോലിക്കുന്നതും. ദൈവത്തിന്റെ കുഞ്ഞുങ്ങൾക്ക് അദ്ധ്വാനിക്കാതെ സമ്പത്തു നേടാം എന്നും അധാർമ്മിക വഴികളിലൂടെ ഡോളർ സമ്പാദിക്കാം എന്നുമുള്ള ആശയത്തെ അമേരിക്കൻ സംസ്കാരം പ്രോത്സാഹിപ്പിക്കുന്നു. ത്യാഗം എന്നതല്ല സ്വയം പണം സമ്പാദിക്കണം എന്നതാണ് അതിന്റെ മുദ്രാവാക്യം. ദുഃഖകരമെന്നു പറയട്ടെ, ''ഒരിക്കൽ മാത്രമെ നമുക്ക് ഈ ഭൂമിയിൽ ജീവിക്കാൻ അവസരം ലഭിക്കുകയുള്ളു. അതുകൊണ്ട് ലഭിക്കുന്ന അവസരത്തിൽ ആവോളം സമ്പാദിക്കുകയും ആസ്വദിക്കുകയും ചെയ്യണം'' എന്ന സന്ദേശത്തിന് ക്രിസ്ത്യാനികളിൽ വലിയ ഒരു വിഭാഗം വഴങ്ങി കഴിഞ്ഞിരിക്കുകയാണ്. ഞാൻ എല്ലാം അടിയറ വെയ്ക്കുന്നു അഥവാ സമർപ്പിക്കുന്നു എന്ന് ഇപ്പോൾ പറയാറില്ല. പകരം വിശ്വാസ സൂത്രവാക്യം ഉപയോഗിച്ച് എനിക്ക് ആവശ്യമുള്ളത് ഉളവാക്കുവാൻ കഴിയും എന്നു പറയുകയാണ് ചെയ്യുന്നത്.

ദാരിദ്ര്യത്തിൽനിന്ന് സമൃദ്ധിയിലേക്ക് ഉയർത്തപ്പെട്ട കഥകൾ കേൾക്കുവാനാണ് നമുക്ക് ഇപ്പോൾ പ്രിയം. മാത്രമല്ല നൊടിയിടയിൽ സമ്പന്നൻ ആകുവാനുള്ള പദ്ധതികൾക്ക് നാം വഴങ്ങുകയും ചെയ്യുന്നു. ഉദാഹരണമായി, വെറും 60 സെക്കന്റുകൾ കൊണ്ട് ഏഴു ലളിത രഹസ്യങ്ങൾ പഠിച്ചാൽ ഏഴു ദിവസം കൊണ്ട് നിങ്ങളുടെ ജീവിതം ഏറ്റവും നല്ല നിലയിൽ എത്തുമെന്ന് ടി.എൽ. ഓസ്ബോൺ ഉറപ്പുതരുന്നു. അതിനു തെളിവായി മറ്റു പല കഥകളുടെയും കൂടെ സ്വന്തം രാജ്യം വിടാൻ നിർബ്ബന്ധിതനായി തീർന്നതുമൂലം സാമ്പത്തികമായി തകർന്ന ഒരു മനുഷ്യന്റെ കഥയും ഓസ്ബോൺ അവതരിപ്പിക്കുന്നു. അത്ഭുതമെന്നു പറയട്ടെ ഓസ്ബോണിന്റെ ദ്രുത വിശ്വാസ സൂത്രവാക്യത്തിലൂടെ ഈ മനുഷ്യന് ഒരു റോൾസ് റോയ്സ് കാറും പുതിയ വീടും വാങ്ങുവാനുള്ള ധനം ലഭിച്ചത്രെ! മാത്രമല്ല പണസംബന്ധമായ അത്ഭുതങ്ങൾ ദൈവം ചെയ്യുന്നത് എങ്ങനെയെന്ന് അനുഭവിച്ച് അറിയണമെങ്കിൽ ഓസ്ബോണിന്റെ മിനിസ്ട്രിക് ഇരുപതോ അമ്പതോ ഡോളർ സംഭാവന ചെയ്യുവാനും ഈ വ്യക്തി ആവശ്യപ്പെടുന്നു.

ഈ ലോകത്തിന് അനുരൂപപ്പെടരുത് എന്നും മനസ്സു പുതുക്കി രൂപാന്തരപ്പെടണം എന്നും വളരെ ശക്തമായ ഭാഷയിൽ തിരുവെഴുത്തു നമ്മെ പ്രബോധിപ്പിക്കുന്നു. അപ്പോൾ മാത്രമെ ദൈവത്തിന് പ്രസാദകരവും ഉത്തമവുമായ ദൈവഹിതം എന്തെന്ന് വിവേചിച്ച് അറിയുവാനും അതിന് കീഴ്പ്പെടുവാനും നമുക്കു കഴിയൂ (റോമർ 12:2).

ഇത്രയുമൊക്കെ പറഞ്ഞ സ്ഥിതിക്ക് ഒരുകാര്യം വ്യക്തമാക്കട്ടെ. ദരിദ്രരരോട് ദൈവത്തിന് പ്രത്യേക മമത ഉണ്ടെന്ന് ലൂക്കോസ് 6:20ൽ കാണുന്നുണ്ട് എങ്കിലും ദാരിദ്ര്യവും ഭക്തിയും തമ്മിൽ ബന്ധപ്പെടുത്തുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല. നിനക്ക് എന്തുണ്ട് എന്നതല്ല നിനക്കുള്ളതിനെക്കൊണ്ട് നീ എന്തു ചെയ്യുന്നു എന്നതാണ് ചോദ്യം. നമ്മുടെ സമയവും കഴിവുകളും ധനവും സ്വന്തലാഭത്തിന് ഉപയോഗിക്കാതെ ദൈവനാമ മഹത്വത്തിനായി നാം ഉപയോഗിക്കണം. ധനവുമായി ബന്ധപ്പെട്ട് ഉത്തരവാദിത്വത്തോടുകൂടിയ ഒരു മുതലാളിത്ത വ്യവസ്ഥയാണ് ബൈബിൾ പഠിപ്പിക്കുന്നത് എന്നാണ് ഞാൻ ചിന്തിക്കുന്നത്. ധനത്തിനുവേണ്ടി ധനം സമ്പാദിക്കുവാൻ പഠിപ്പിക്കുന്നില്ല. മറിച്ച് നമ്മുടെ ധനം ദൈവരാജ്യ വിസ്തൃതിക്കായി ഉപയോഗിക്കുവാനാണ് നമ്മെ പ്രോത്സാഹിപ്പിക്കുന്നത്.

ഇതേ ആശയം തന്നെയാണ് തങ്ങൾക്കും ഉള്ളതെന്ന് വിശ്വാസ പ്രസ്ഥാനക്കാരിൽ പലരും അവകാശപ്പെടാറുണ്ടെങ്കിലും തെളിവുകൾ ഈ അവകാശവാദത്തിന് എതിരാണ്. പണത്തിനായുള്ള ജനത്തിന്റെ അത്യാർത്തിയെ തട്ടി ഉണർത്തിക്കൊണ്ട് തങ്ങൾക്കു സംഭാവന നൽകുവാൻ വിശ്വാസ പ്രസ്ഥാനക്കാർ അവരുടെ അനുയായികളോട് അഭ്യർത്ഥിക്കുക മാത്രമല്ല ആ ഇടപാടുകളിൽ അവർ സ്വയം വ്യാപൃതർ ആകുകയും ചെയ്യുന്നു. മാഫിയ സംഘടനകൾക്ക് ലിങ്കൺ കോണ്ടിനെന്റൽ കാറിൽ യാത്ര ചെയ്യാം എങ്കിൽ എന്തുകൊണ്ട് ദൈവത്തിന്റെ കുഞ്ഞുങ്ങൾക്ക് ആയിക്കൂടാ എന്ന് പ്രൈസ് വീമ്പിളക്കുന്നു. മറ്റൊരിക്കൽ ഈ പ്രസ്താവനയും പ്രൈസ് നടത്തി. ''ഞാൻ വിലകൊടുത്തു വാങ്ങിയ നിയമപരമായ അംഗീകാരം ലഭിച്ചിട്ടുള്ള റോൾസ്റോയ്സ് കാർ ഞാൻ ഓടിച്ചുകൊണ്ടിരിക്കുമ്പോൾ എന്നെക്കുറിച്ച് എന്തു വേണമെങ്കിലും പറയാം. എന്നാൽ അത് എന്നെ അശേഷം മുറിപ്പെടുത്തുകയില്ല. അത് എനിക്ക് ഒരു പ്രശ്നവും അല്ല. കടം വാങ്ങിയ കാറിൽ സഞ്ചരിച്ച് എന്റെ മനസ്സിനെ കമ്പനി സ്റ്റോറിന് അടിമയാക്കി വെക്കുന്നതിനേക്കാൾ എത്രയോ മെച്ചമാണ് മുഴുവിലയും കൊടുത്ത് സ്വന്തമാക്കിയ ഒരു കാറിൽ സഞ്ചരിച്ച് മറ്റുള്ളവരാൽ പീഡിപ്പിക്കപ്പെടുന്നത്.''

ത്യാഗത്തിന്റെയും നിസ്വാർത്ഥതയുടെയും ജീവിതരീതിക്കു പകരം സ്വയത്തിൽ ഊന്നിയതും സ്വാർത്ഥതനിറഞ്ഞതുമായ ഒരു ജീവിതശൈലിയാണ് സമൃദ്ധിയുടെ പ്രചാരകർ പഠിപ്പിക്കുന്നത് എന്നത് തർക്കമറ്റ സംഗതിയാണ്. ആദ്യകാല വിശ്വാസ പ്രസ്ഥാനക്കാർ ഇത് വ്യക്തമായി മനസ്സിലാക്കിയിരുന്നു. പ്രക്ഷേപണ സുവിശേഷകനായ റിച്ചാർഡ് റോബർട്ടിന്റെ മുൻ ഭാര്യ വളരെ വ്യക്തമായും സംക്ഷിപ്തമായും അതെക്കുറിച്ച് ഇങ്ങനെ എഴുതുന്നു.

''ടിവിയിലൂടെയുള്ള ഞങ്ങളുടെ പാട്ടുകൾ പ്രസംഗങ്ങൾ മുതലായ ശുശ്രൂഷയിലൂടെ അനേകർ അനുഗ്രഹിക്കപ്പെടുന്നു എന്നത് സത്യമാണ്. എന്നാൽ അതിന്റെ മൊത്തത്തിൽ ഉള്ള ചിത്രം നോക്കിയാൽ 'യേശു കല്പിച്ചവ ചെയ്താൽ നിങ്ങൾ അദ്ദേഹത്തെപ്പോലെ ആകും'' എന്നതിനു പകരം ഞങ്ങളുടെ സൂത്രവാക്യം (Formula) പിന്തുടർന്നാൽ നിങ്ങൾ ഞങ്ങളെപ്പോലെ ആകും എന്നു പറയുകയാണെന്നു കാണാം. തീർച്ചയായും ഞങ്ങളെ അനുകരിക്കുന്നത് ആവേശകരമായിരുന്നു. കാരണം അതിലൂടെ വിജയവും ആർഭാടവും നേടുക മാത്രമല്ല എല്ലാം ഭംഗിയായി കോർത്തിണക്കുന്ന ഒരു ദൈവശാസ്ത്രവുമായി താദാത്മ്യം പ്രാപിക്കുകയും ചെയ്യാമായിരുന്നു. എന്നാൽ യേശുവുമായി താദാത്മ്യം പ്രാപിക്കുക എന്നാൽ ക്രൂശുമായി താദാത്മ്യം പ്രാപിക്കുക എന്നതാണ്.''

സ്വയം സേവിക്കുക എന്നതും യേശുവിനെ സേവിക്കുക എന്നതും തമ്മിലുള്ള വ്യത്യാസം സംസ്കാരത്തോട് ഏകീഭവിക്കുന്നതും യേശുവിനോട് ഏകീഭവിക്കുന്നതും തമ്മിലുള്ള വ്യത്യാസം പോലെയാണ്. ''എന്നെ അനുഗമിപ്പാൻ ഒരുത്തൻ ഇച്ഛിച്ചാൽ അവൻ തന്നെത്താൻ ത്യജിച്ച് നാൾതോറും തന്റെ ക്രൂശ് എടുത്തുകൊണ്ട് എന്നെ അനുഗമിക്കട്ടെ'' (ലൂക്കോ. 9:23; മത്താ. 16:24; മർക്കോ. 8:34) എന്നു പ്രസ്താവിക്കുമ്പോൾ വളരെ കൃത്യമായി യേശു ഈ ആശയം അവതരിപ്പിക്കുന്നു.

# സി.റ്റി.ജോർജ്സാറിനെ ഓർക്കുമ്പോൾ

സി.റ്റി.ജോർജ്സാർ മരിച്ചു എന്ന വാർത്ത അല്പം വൈകിയാണു ഞാൻ അറിഞ്ഞത്. ഓട്ടം തികച്ച്, വിശ്വാസം കാത്ത്, ആ ദൈവദാസൻ സെപ്റ്റംബർ 4ന് നിത്യഭവനത്തിലേക്കു പോയി.

നാല്പതു വർഷത്തോളം മുമ്പാണ് റ്റി.എസ്.ബാലൻ എന്ന ഈയുള്ളവൻ സി.റ്റി.ജോർജ് സാറിനെക്കുറിച്ച് ആദ്യമായി കേട്ടത്. ‘‘വിശ്വാസം മത്തായിയെ രക്ഷിച്ചില്ല’’ എന്ന തലക്കെട്ടിൽ എത്തിയ ഒരു പത്രവാർത്തയാണ് അദ്ദേഹത്തെ (കു)പ്രസിദ്ധനാക്കിയത്. പേപ്പട്ടിയുടെ കടിയേറ്റ മത്തായി എന്ന മകന് വിശ്വാസത്തിന്റെ പേരിൽ ചികിത്സ നൽകാതിരുന്നതും അതുമൂലം ആ കുട്ടി മരിച്ചതുമാണ് പ്രശ്നത്തിനു വഴിവച്ചത്. മരുന്നു കഴിക്കുന്നത് ഗുരുതരമായ പാപമാണെന്ന പഠിപ്പിക്കൽ പെന്തക്കോസ്തിൽ നിലനിന്നിരുന്ന ആ കാലത്ത് വിശ്വാസം സംരക്ഷിക്കാൻ വേണ്ടി മരിക്കാൻ വരെ ദൈവമക്കൾ തയ്യാറായിരുന്നു.

ഇടുക്കി ഡാമിന്റെ പണി നടക്കുന്ന കാലമായിരുന്നു അത്. ജോലിയോടുള്ള ബന്ധത്തിൽ ഇടുക്കിയിൽ കഴിഞ്ഞിരുന്ന സി.റ്റി.ജോർജ്സാർ, എൻ.ക്ലീറ്റസ് തുടങ്ങിയവർ നടത്തിവന്ന പ്രാർത്ഥനായോഗങ്ങൾ അനേകരുടെ മാനസാന്തരത്തിനു കാരണമായി. അതിരുകടന്ന വിശ്വാസം – അന്ധവിശ്വാസം എന്നുപോലും പറയാവുന്നത്ര കഠിനമായ വിശ്വാസം – അതായിരുന്നു അവരുടെ മുഖമുദ്ര. മകനു പേപ്പട്ടിയുടെ കടിയേറ്റിട്ടും ചികിത്സ നൽകാതിരുന്നത് ഈ തീവ്രവിശ്വാസം മൂലമായിരുന്നു. സമൃദ്ധിയുടെ സുവിശേഷത്തിനു സ്വീകാര്യത ലഭിക്കുന്നതിനു മുമ്പുള്ള കാലമായിരുന്നതിനാൽ കഷ്ടത വിശ്വാസജീവിതത്തിന്റെ അവിഭാജ്യ ഘടകമായി പരിഗണിക്കപ്പെട്ടിരുന്നു.

1974ന്റെ അവസാന മാസങ്ങളിലാണ് ഞാൻ രക്ഷാനിർണ്ണയം പ്രാപിച്ചത്. 1975 മാർച്ച് 10ന് വിശ്വാസസ്നാനം സ്വീകരിച്ചു. വി.ജെ.ജേക്കബ് സാറിന്റെ നേതൃത്വത്തിൽ പ്രവർത്തിച്ചിരുന്ന ഒരു സഭയിലായിരുന്നു ഞാൻ അക്കാലത്ത് ആരാധനയ്ക്കു പോയിരുന്നത്. ജോർജ് സാറിന്റെ ഭാര്യയുടെ ഒരു സഹോദരി ഞങ്ങളുടെ പ്രദേശത്തുണ്ടായിരുന്നു. അവരെ സന്ദർശിക്കാൻ വരുമ്പോൾ സാർ ഞങ്ങളുടെ സഭയിലും വന്നിരുന്നു. അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ സഭയുടെ ആത്മീയ വർദ്ധനവിന് സഹായകമാകുകയും ചെയ്തു. ‘‘പരാക്രമശാലിയേ, യഹോവ നിന്നോടുകൂടെ ഉണ്ട്’’ എന്ന വാക്യമെടുത്ത് ജോർജ്സാർ നടത്തിയ പ്രസംഗം ഇന്നും ഞാൻ മറന്നിട്ടില്ല. ‘‘ദൈവം പരാക്രമശാലികളോടുകൂടിയാണ് ഇരിക്കുന്നത്, ഉറക്കംതൂങ്ങികളോടുകൂടിയല്ല’’ എന്ന് അദ്ദേഹം പറഞ്ഞത് എന്നെ ഏറെ സ്വാധീനിച്ചു. വിശ്വാസവിഷയങ്ങളിൽ തീവ്രമായ നിലപാടു സ്വീകരിക്കാനും ഡിഫെൻഡർ ആരംഭിക്കാനും മറ്റും എനിക്കു പ്രചോദനമായ ഘടകങ്ങളിൽ ഒന്ന് ജോർജ്സാറിന്റെ പ്രസംഗങ്ങളായിരുന്നു.



രണ്ടു പതിറ്റാണ്ടു കഴിഞ്ഞാണ് ഞാൻ പിന്നീട് ജോർജ്സാറിനെ കണ്ടത്. നാഗാലാന്റ് വാസവും മറ്റും കഴിഞ്ഞ് ഞാൻ കേരളത്തിൽ എത്തി, അധ്യാപകനായും പാസ്റ്ററായും മറ്റും പ്രവർത്തിക്കുന്ന കാലം. ജോർജ്സാർ തിരുവല്ലയിലെ കുറ്റൂരിനു സമീപമുള്ള ഒരു ഐ.പി.സി സഭയിലെ പാസ്റ്ററാണെന്ന് ഞാൻ അറിയാനിടയായി. ഒരു ദിവസം ഞാൻ ആ സഭയിലെത്തി ജോർജ്സാറിനെ കണ്ടു. എന്നെ വീണ്ടും കാണാൻ ഇടയായതിൽ സാറിന് അത്യധികമായ സന്തോഷമുണ്ടായി. ഞങ്ങൾ വളരെ സമയം സംസാരിച്ചിരുന്നു. ഞാൻ പെരുമ്പാവൂരിലേക്കു താമസം മാറ്റിയ ശേഷവും രണ്ടോ മൂന്നോ വട്ടം ജോർജ്സാറിനെ കാണാൻ എനിക്കു സാഹചര്യം ലഭിച്ചു.

ദു:ഖകരമായ ഒരു സംഭവത്തോടുള്ള ബന്ധത്തിൽ ഞാൻ കഴിഞ്ഞ വർഷം ജോർജ്സാറിനെക്കുറിച്ച് ഡിഫെൻഡറിൽ എഴുതാൻ ഇടയായി. അദ്ദേഹത്തിന്റെ മകനായ രാജൻ സി. ജോർജ് ഒരു കൊലപാതകക്കേസ്സിൽ അകപ്പെട്ടു. അറിയപ്പെടുന്ന പ്രസംഗകനായിരുന്ന രാജൻ എങ്ങനെ ഇത്ര അധ:പതിച്ചു? അറിഞ്ഞുകൂടാ. അത്യന്തം ദു:ഖകരമായ ഒരു സംഭവമായിരുന്നു അത് എന്നു പറയാതെവച്ച.

മാതാപിതാക്കളുടെ ജീവിതത്തിലെ അമാതൃക കണ്ടു വളരുന്ന കുട്ടികൾ വഴിതെറ്റിപ്പോകുക സ്വാഭാവികം. പക്ഷേ രാജൻ വഴിതെറ്റിയത് ജോർജ്സാറിന്റെ കുറ്റം കൊണ്ടാണെന്ന് ശത്രുക്കൾ പോലും പറയുകയില്ല. സാറിനെക്കുറിച്ച് എന്തെങ്കിലും കുറ്റം പറയാനുണ്ടെങ്കിൽ അത് അദ്ദേഹത്തിന്റെ അമിതാത്മീയത മാത്രമായിരുന്നു. ഒത്തുതീർപ്പിനു വഴങ്ങാത്ത തീവ്രവിശ്വാസമായിരുന്നു അദ്ദേഹത്തിന്റെ കൈമുതൽ. രാജനും ആദ്യകാലത്ത് ഈ വിധത്തിലുള്ള വിശ്വാസമാണുണ്ടായിരുന്നത്. പക്ഷേ പിന്നീടെപ്പോഴോ ചുവടുകൾ പിഴച്ചു. ശുശ്രൂഷ കൈമോശം വന്നു. ടെന്റ്, മൈക്ക് സെറ്റ് തുടങ്ങിയവ വാടകയ്ക്കു കൊടുക്കുന്ന ബിസിനസ്സ് നടത്തുന്ന സ്ഥിതിയിലെത്തി രാജൻ. നിയന്ത്രണമില്ലാത്ത ജീവിതം ഒടുവിൽ മറ്റൊരു ജീവൻ എടുക്കുന്നിടത്തു കൊണ്ടുവന്നെത്തിച്ചു.

ഞാൻ അബ്രഹാമിന്റെയും യിസ്ഹാക്കിന്റെയും യാക്കോബിന്റെയും ദൈവമാകുന്നു എന്നു സർവ്വശക്തനായ ദൈവം അഭിമാനത്തോടെ പലവട്ടം പറഞ്ഞിട്ടുണ്ട്. പക്ഷേ യിസ്ഹാക്കിന്റെ ഒരു മകൻ ജ്യേഷ്ഠാവകാശം വിറ്റു പായസം കുടിച്ചു. യാക്കോബിന്റെ ഏക മകൾ ബലാൽസംഗം ചെയ്യപ്പെട്ടു. ശിമെയോനും ലേവിയും കൊലപാതകം ചെയ്തു. യാക്കോബിന്റെ ആദ്യജാതനായ രൂബേൻ തന്റെ ചിറ്റമ്മയുമായി അവിഹിത ബന്ധത്തിൽ ഏർപ്പെട്ടു. യഹൂദാ സ്വന്തം മകന്റെ ഭാര്യയുമായി അവിഹിത ബന്ധത്തിലായി.

ശമുവേൽ പ്രവാചകൻ ദൈവദാസനായിരുന്നു എന്നതിനു സംശയമില്ല. പക്ഷേ ശമുവേലിന്റെ മക്കൾ അവരുടെ പിതാവിന്റെ പാതയല്ല പിൻതുടർന്നത്. അതു ശമുവേലിന്റെ കുറ്റം കൊണ്ടാണെന്നു പറയാൻ പറ്റുമോ?

ദൈവത്തിന്റെ ഹൃദയപ്രകാരമുള്ളവനായിരുന്നു ദാവീദ് എന്നു ദൈവവചനം പറയുന്നു. പക്ഷേ ദാവീദിന്റെ ഒരു മകൻ തന്റെ സഹോദരിയെ ബലാൽസംഗം ചെയ്തു. അവൻ പിന്നീട് ദാവീദിന്റെ മറ്റൊരു മകനാൽ കൊല്ലപ്പെട്ടു. ദൈവഭക്തരായ മാതാപിതാക്കളുടെ മക്കൾ വഴിതെറ്റിപ്പോയതിന് ഇങ്ങനെ ഉദാഹരണങ്ങൾ നിരവധിയുണ്ട്. ജോർജ്സാറിന്റെ ജീവിതത്തിൽ സംഭവിച്ചതും ഇതുതന്നെ.

സമൃദ്ധിയുടെ സുവിശേഷത്തിൽ വിശ്വസിക്കുന്നവർക്ക് ജോർജ്സാറിന്റെ ജീവിതം ഒരു പരാജയമായി തോന്നാം. പേവിഷബാധയേറ്റ് ഒരു മകൻ മരിച്ചു. മറ്റൊരു മകൻ കൊലപാതകം ചെയ്തു. സാറിന്റെ ഭാര്യയ്ക്കും പല വിധത്തിലുള്ള രോഗങ്ങളുണ്ട്. ഭൗതികമായി ഏറെയൊന്നും നേടാതെയാണു ജോർജ്സാർ വിടവാങ്ങിയത്. പക്ഷേ അന്ത്യത്തോളം വിശ്വാസത്തിൽ നിലനിൽക്കാനും കഷ്ടതകൾ പിറുപിറുപ്പു കൂടാതെ സഹിക്കാനും അദ്ദേഹത്തിനു കഴിഞ്ഞു.


## നിങ്ങൾക്കും ഒരു വെബ്സൈറ്റ്

വെബ്സൈറ്റിനേക്കുറിച്ച് മിക്കവരും കേട്ടിരിക്കുമെങ്കിലും എങ്ങനെയാണ് വെബ്സൈറ്റ് ഉണ്ടാക്കുന്നതെന്ന് അറിയാവുന്നവർ ഏറെയില്ല. ഇന്റർനെറ്റ് എന്നത് ഒരു മഹാനഗരമാണെങ്കിൽ ആ നഗരത്തിൽ അല്പം സ്ഥലം വാങ്ങി വീടുണ്ടാക്കുന്നതാണ് വെബ്സൈറ്റ്. പക്ഷേ സ്ഥലം വാങ്ങാനും വീടു വയ്ക്കാനും മറ്റും പലരുടേയും സഹായം ആവശ്യമായിവരും. ഇത്തരം ജോലികളെല്ലാം ഞങ്ങൾ വളരെ കുറഞ്ഞ ചെലവിൽ ചെയ്തുതരുന്നു:

നിങ്ങളുടെ സംഘടന, ബിസിനസ്സ്, സ്ഥാപനം, മിനിസ്ട്രി, സഭ തുടങ്ങി എന്തിനും വെബ്സൈറ്റ് ഉണ്ടാക്കാം. നിങ്ങളുടെ കുടുംബത്തിനുപോലും വെബ്സൈറ്റ് നിർമ്മിക്കാം.

- ഡൊമെയ്ൻ രജിസ്ട്രേഷൻ
- വെബ് ഹോസ്റ്റിംഗ്
- വെബ്സൈറ്റ് ഡിസൈനിംഗ്
- വെബ്സൈറ്റ് ഡെവലപ്മെന്റ്
- ജൂംല സി.എം.എസ്
- വേഡ്പ്രസ്സ്
- PHP ഡെവലപ്മെന്റ്
- വെബ് അഡ്വർറ്റയ്സ്മെന്റ്
- വെബ് ബാനർ
- ഫ്ളാഷ് ആനിമേഷൻ

script infow@ys

script infow@ys
Your Web Partner
Ernakulam

Phone: 0484-2592312. Mob: 9539378757
Email: works@scriptinfoways.com

# ഉപദേശത്തിനൊരു മുഖവുര

(രണ്ടു ക്രൈസ്തവ സാഹിത്യകാരൻമാർ ചേർന്നു രചിച്ച 'ദൈവശ്വാസീയ തിരുവെഴുത്തു ബൈബിൾ മാത്രം' എന്ന ലഘു ഗ്രന്ഥത്തിൽ നിന്ന് എടുത്തതാണ് ഈ ലേഖനം. ഗ്രന്ഥകർത്താക്കളുടെ അനുവാദത്തോടെ പ്രസിദ്ധീകരിക്കയാണ്.)

ക്രിസ്തീയ ജീവിതത്തോടും വിശ്വാസത്തോടും ഉള്ള ബന്ധത്തിൽ അടിസ്ഥാന ഉപദേശങ്ങൾ ഒഴിവാക്കാനാവാത്തതാണ്. എന്നാൽ ഏതൊക്കെയാണ് അടിസ്ഥാന ഉപദേശങ്ങളെന്നും അവയെ എങ്ങനെ പ്രവർത്തിപഥത്തിൽ കൊണ്ടുവരണമെന്നും ഉള്ള സംശയം പലർക്കും ഉണ്ടാകുന്നു. അടിസ്ഥാന ഉപദേശങ്ങൾ (Fundamental Doctrines) എന്നു കേൾക്കുമ്പോൾ കടിച്ചാൽ പൊട്ടാത്ത എന്തോ ഒന്നാണെന്നും ശ്രേഷ്ഠരായ ദൈവദാസന്മാർക്കുള്ളതാണെന്നും വേറൊരു കൂട്ടർ ചിന്തിക്കുന്നു. തന്മൂലം ഉപദേശ പഠന ക്ലാസ്സുകളിൽ വിശ്വാസികൾക്കു താൽപര്യം കുറയുകയും പങ്കെടുക്കാതിരിക്കയും ചെയ്യും. ഉപദേശമെന്ന് കേൾക്കുമ്പോൾ അടിമുടി വിറയ്ക്കുന്ന വേറൊരു കൂട്ടരുണ്ട്. ദൈവികതയുടെയും ആത്മീയതയുടെയും പേരിൽ സ്വന്തം സാമ്രാജ്യങ്ങൾ പണിതുയർത്തുന്ന ഇക്കൂട്ടർക്ക് ഉപദേശങ്ങളുടെ പ്രാധാന്യം നന്നായി അറിയാം. ഉപദേശ സംബന്ധമായി വിശ്വാസികൾ പരിജ്ഞാനം പ്രാപിച്ചാൽ തങ്ങളുടെ മോഹന സാമ്രാജ്യം തകർന്നടിയുമെന്നതുകൊണ്ട് അവർ വിശ്വാസികൾ ഉപദേശം പഠിക്കുന്നത് എന്തുവില കൊടുത്തും തടയും. ഇത് ഇക്കാലത്തിന്റെ മാത്രം സവിശേഷതയല്ല. ഒന്നാം നൂറ്റാണ്ടു മുതൽ തന്നെ ഈ സാഹചര്യം ദൃശ്യമാണ്. ഇങ്ങനെ ഉപദേശ സംബന്ധമായി വിശ്വാസഗോളത്തിന്റെ കാഴ്ചപ്പാടുകൾ വിവിധങ്ങളാണെങ്കിലും, വീണ്ടും ജനനം പ്രാപിച്ചവരും സ്ഥലം സഭകളും അടിസ്ഥാന ഉപദേശങ്ങൾ സംബന്ധിച്ച് അറിവുള്ളവരാകണമെന്ന് പരിശുദ്ധാത്മാവ് ഞങ്ങൾക്ക് ഹൃദയത്തിൽ തന്ന പ്രേരണയാണ് ഈ ഗ്രന്ഥരചനയ്ക്ക് പിന്നിലുള്ളത്.

**A.** അടിസ്ഥാന ഉപദേശം എന്നാൽ എന്ത്?

സത്യത്തിന്റെ തൂണും അടിസ്ഥാനവുമായി ജീവനുള്ള ദൈവത്തിന്റെ സഭയാകുന്ന ദൈവാലയത്തിന്റെ ഭാഗമായിരിക്കുന്ന വിശ്വാസികൾ, സഭാംഗങ്ങൾ എന്ന നിലയിൽ പാലിച്ചു പോരേണ്ടതിനു വേണ്ടി പരിശുദ്ധാത്മാവ് മുഖാന്തരം ദൈവം തന്റെ ദാസന്മാർക്ക് നൽകിയതും അവർ അടുത്തറിഞ്ഞതുമായ വചനങ്ങളാണ് ഉപദേശങ്ങൾ. സഭയുടെ നിലനിൽപ്പിന് ഈ ഉപദേശങ്ങൾ അടിസ്ഥാനമായിരിക്കുകയാൽ ഇവയെ അടിസ്ഥാന ഉപദേശങ്ങൾ എന്നു വിളിക്കുന്നു. (1 തിമൊ. 3:15; യോഹ. 1:1-3). ദൈവവചനത്തിൽ വ്യക്തമായി പറഞ്ഞിരിക്കുന്നതും, നേരിയ വ്യത്യാസം വരുത്തിയാൽ വിശ്വാസത്തെ തന്നെ ദോഷകരമായി ബാധിക്കുന്നതുമായ ഉപദേശങ്ങളാണ് അടിസ്ഥാന ഉപദേശങ്ങൾ.

കുറച്ചുകൂടി ലളിതമായി പറഞ്ഞാൽ, അപ്പോസ്തോലന്മാർ മുഖാന്തരം നല്കപ്പെട്ടതും (2 പത്രോ. 3:2) ദൈവപൈതൽ ദൈനംദിന ജീവിതത്തിൽ അറിഞ്ഞിരിക്കേണ്ടതും അനുഷ്ഠിക്കേണ്ടതും മുറുകെ പിടിക്കേണ്ടതും പ്രസ്താവിക്കേണ്ടതുമായ ദൈവകല്പനയാകുന്ന ചട്ടങ്ങളും വിധികളുമാണ് ഉപദേശങ്ങൾ (അ.പ്ര. 2:42; ഗലാ. 1:8).

''വിശുദ്ധ പ്രവാചകന്മാർ മുൻപറഞ്ഞ വചനങ്ങളും നിങ്ങളുടെ അപ്പോസ്തോലന്മാർ മുഖാന്തരം കർത്താവും രക്ഷിതാവുമായവൻ തന്ന കല്പനയും ഓർത്തുകൊള്ളണമെന്ന് ഈ ലേഖനം രണ്ടിനാലും ഞാൻ നിങ്ങളെ ഓർമ്മപ്പെടുത്തി നിങ്ങളുടെ പരമാർത്ഥ മനസ്സു ഉണർത്തുന്നു.'' (2 പത്രോ. 3:2). വിശുദ്ധ പ്രവാചകന്മാർ മുൻപറഞ്ഞ വചനങ്ങളും അപ്പോസ്തോലന്മാർ മുഖാന്തരം കർത്താവു തന്ന കല്പനകളുമാണ് അടിസ്ഥാന ഉപദേശങ്ങൾ.

**B.** ഉപദേശത്തിന്റെ ആവശ്യകത

ഏതൊരു പ്രസ്ഥാനത്തിനും ചില അടിസ്ഥാന പ്രവർത്തന തത്വങ്ങളുണ്ട്. മനുഷ്യന് അവന്റെ മനഃസ്സാക്ഷിയിൽ ഒരു ധാർമ്മിക ബോധം പക്വതയേകുന്നതിനായുണ്ട്. ഇതുപോലെ സഭാജീവിതം തലയാകുന്ന ക്രിസ്തുവിൽ നിന്ന് ലഭിക്കുന്ന നിർദ്ദേശങ്ങൾക്കനുസൃതമായിരിക്കണം (കൊലോ. 2:19). ഈ നിർദ്ദേശങ്ങളെ ദൈവാത്മാവ് (ക്രിസ്തുവിന്നാത്മാവ്) വചനത്തിൽ ഉപദേശങ്ങളായി നൽകിയിരിക്കുന്നു. ക്രിസ്തുവിന് പ്രസാദകരമായ ജീവിതം നയിക്കുന്നതിന് ഈ വേദപുസ്തക ഉപദേശങ്ങളെക്കുറിച്ച് വ്യക്തമായ അറിവുണ്ടായിരിക്കണം. അറിയിക്കപ്പെട്ട ഉപദേശങ്ങൾ ജീവിതത്തിൽ കാത്തുപാലിക്കാനുള്ള മനസ്സുണ്ടായിരിക്കണം.

പ്രധാന പെന്തക്കോസ്ത് പ്രസ്ഥാനങ്ങൾക്കെല്ലാം വ്യക്തമായ ഉപദേശമുണ്ട്. എങ്കിലും ഉപദേശവിഷയങ്ങൾ സംബന്ധിച്ചുള്ള ബോധ്യമില്ലായ്മയാണ് ഇന്നു ലോകത്തിലേക്കു നാം ഇറങ്ങിപ്പോകാൻ കാരണം. ഉപദേശത്തിനു നാം വേണ്ടത്ര ഗൗരവം കൊടുക്കാതെ വന്നപ്പോൾ ആ സ്ഥാനത്തു ലോകവും അതിന്റെ തത്വശാസ്ത്രവും ആത്മീയ വേഷം ധരിച്ചു കടന്നുവന്നു. ഉപദേശ സംബന്ധമായി നമുക്കുള്ള അവകാശത്തെ ദൈവാത്മാവ് വെളിപ്പെടുത്തുന്നതു ശ്രദ്ധിക്കുക : ''എന്നാൽ നിങ്ങൾ പാപത്തിന്റെ ദാസന്മാർ ആയിരുന്നു എങ്കിലും നിങ്ങളെ പഠിപ്പിച്ച ഉപദേശരൂപത്തെ ഹൃദയപൂർവ്വം അനുസരിച്ചു പാപത്തിൽ നിന്നും സ്വാതന്ത്ര്യം ലഭിച്ചു നീതിക്കു ദാസന്മാരായിത്തീർന്നതുകൊണ്ടു ദൈവത്തിനു സ്തോത്രം'' (റോമ 6:17, 18). ഈ വാക്യത്തിൽ നിന്നും രണ്ടു കാര്യങ്ങൾ മനസ്സിലാക്കാം. പാപത്തിൽ നിന്നു സ്വാതന്ത്ര്യം ലഭിക്കണമെങ്കിൽ അപ്പോസ്തോലിക ഉപദേശം (അ.പ്ര. 2:42; ഗലാ. 1:8) പൂർണ്ണ ഹൃദയത്തോടെ അനുസരിക്കണം. കൂടാതെ, ഉപദേശത്തിൽ നിലനിന്നു നാം നീതിക്കു ദാസന്മാരായി ജീവിക്കണം.

ഉപദേശം ശരിയല്ലെങ്കിലും ഉപദേശത്തെക്കുറിച്ചുള്ള ബോധ്യം ശരിയല്ലെങ്കിലും വിജയകരമായ ക്രിസ്തീയ ജീവിതം അസാദ്ധ്യമാകും. ഉപദേശവും ജീവിതവും പരസ്പരം അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. ശരിയായ ഉപദേശമില്ലാതെ വിശുദ്ധ ജീവിതം സാദ്ധ്യമല്ല. അതുപോലെ വിശുദ്ധ ജീവിതമില്ലാതെ ഉപദേശമുണ്ടെന്നു പറയുന്നതും ശരിയല്ല. വിശുദ്ധ ജീവിതത്തിനു ഉപദേശമാണ് അടിസ്ഥാനം. ഉപദേശത്തിന്റെ പ്രാധാന്യത്തെ ദൈവവചനം വ്യക്തമാക്കുന്നത് ശ്രദ്ധിക്കുക; ''പത്ഥ്യോപദേശത്താൽ പ്രബോധിപ്പിക്കാനും വിരോധികൾക്ക് ബോധം വരുത്തുവാനും ശക്തനാകേണ്ടതിനു ഉപദേശപ്രകാരമുള്ള വിശ്വാസവചനം മുറുകെ പിടിക്കുന്നവനും ആയിരിക്കേണം'' (തീത്തോ. 1:9).

തിരുവചന ഉപദേശങ്ങളറിയാതെ വിജയകരമായ ക്രിസ്തീയ ജീവിതം നയിക്കാൻ സാധിക്കില്ലെന്നതു പോലെ തന്നെ ഉപദേശം കൂടാതെ സുവിശേഷം മറ്റുള്ളവരോടു ദൈവോദ്ദേശ്യത്തിനൊത്തു പറയാനും സാധിക്കില്ല. ''നിന്നെത്തന്നെയും ഉപദേശത്തെയും സൂക്ഷിച്ചുകൊൾക; ഇതിൽ ഉറച്ചുനിൽക്ക അങ്ങനെ ചെയ്താൽ നീ നിന്നെത്തന്നെയും നിന്റെ പ്രസംഗം കേൾക്കുന്നവരെയും രക്ഷിക്കും'' (1 തിമോ. 4:16). ഉപദേശം പ്രസംഗിക്കുകയോ പഠിപ്പിക്കുകയോ ചെയ്താൽ വിശ്വാസികൾക്കു വിഷമമാകുമെന്നു പറഞ്ഞുകൊണ്ട് ഉപദേഷ്ടാക്കന്മാർ ഇന്നു പ്രായോഗിക ജീവിതത്തിനുള്ള ക്ലാസ്സെടുക്കുന്നതിലാണ് താൽപര്യം കാണിക്കുന്നത്. ഉപദേശം പഠിപ്പിക്കാതെ പ്രായോഗിക ജീവിത വിശുദ്ധി സാധ്യമല്ലെന്നറിഞ്ഞിട്ടും ജനപ്രീതിക്കായി ഇവർ എങ്ങനെ നന്നായി ജീവിക്കാം എന്ന് ആർക്കും ദോഷമുണ്ടാകാതെ പഠിപ്പിക്കാൻ ശ്രമിക്കുന്നു.

വേർപാട്, വിശുദ്ധി തുടങ്ങിയ വേദപുസ്തക അടിസ്ഥാന പ്രമാണങ്ങൾ സംബന്ധിച്ച വിഷയങ്ങൾ വരുമ്പോൾ, വളരെ ലാഘവത്തോടെ വിഷയങ്ങളിൽ നിന്ന് ഒഴിഞ്ഞു മാറുന്ന പ്രവണത ഇന്നു ശുശ്രൂഷകരുടെ ഇടയിൽ വർദ്ധിച്ചുവരുന്നുണ്ട്. ഇക്കാര്യം മുന്നമെ അറിഞ്ഞ ദൈവാത്മാവ് 2 തിമോ. 2:15-ൽ ഇപ്രകാരം രേഖപ്പെടുത്തി; ''സത്യവചനത്തെ യഥാർത്ഥമായി പ്രസംഗിച്ചുകൊണ്ട് ലജ്ജിപ്പാൻ സംഗതിയില്ലാത്ത വേലക്കാരനായി ദൈവത്തിനു കൊള്ളാവുന്നവനായി നിൽപ്പാൻ ശ്രമിക്ക'' (2 തിമോ. 2:15) സത്യവചനത്തെ യഥാർത്ഥമായി പ്രസംഗിക്കുവാനും ജീവിക്കുവാനും വളരെ പ്രയത്നം ആവശ്യമാണ്. അതിനു വലിയ വില നൽകേണ്ടിയും വരും. ഇക്കാരണത്താലാണ് ''സഹോദരന്മാരേ, അധികം ശിക്ഷാവിധി വരും എന്നു അറിഞ്ഞു നിങ്ങളിൽ അനേകർ ഉപദേഷ്ടാക്കന്മാർ ആകരുത്'' എന്ന് ദൈവാത്മാവ് പ്രബോധിപ്പിച്ചത് (യാക്കോബ് 3:1). തിരുവചന ഉപദേശങ്ങളെ കോട്ടിക്കളയുകയോ ഉപദേശ പഠനത്തിൽ നിന്നു വിശ്വാസികളെ പിന്തിരിപ്പിക്കുകയോ ചെയ്യുന്ന ഉപദേഷ്ടാക്കന്മാർക്കു ശിക്ഷയുണ്ട്. ക്രിസ്തുവിന്റെ ന്യായാസനത്തിൻ മുമ്പാകെ ഓരോരുത്തരായി നിന്ന് കണക്ക് കൊടുക്കുമ്പോൾ (എബ്രാ. 13:17) ഇന്നത്തെ ജനസ്വീകാര്യമോ സ്വാധീനമോ ഒഴിവു കഴിവുകളോ അവിടെ വിലപ്പോകില്ല. കർത്താവു നീതിയുള്ള ന്യായാധിപനായി തക്ക കൂലി നൽകുമ്പോൾ ഇന്ന് ലാഭത്തിനായി ചെയ്തതിനൊക്കെയും പലമടങ്ങു ചേതം വരുമെന്നതു (1 കൊരി. 3:15) ഭയത്തോടെ ഓർക്കേണ്ടതുണ്ട്. വിശ്വാസികൾക്ക് ശിക്ഷാവിധി ഉണ്ടാകുമ്പോൾ ഉപദേഷ്ടാക്കന്മാർക്ക് അധികം ശിക്ഷാവിധിയുണ്ട്. ആകയാൽ ഉപദേശ പഠനവും പഠിപ്പിക്കലും ക്രിസ്തീയ ജീവിതത്തിൽ അത്യധികം പ്രാധാന്യമുള്ളതാണ്.

**C.** ഉപദേഷ്ടാക്കന്മാർ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1. ഉപദേശം അബദ്ധത്തിൽ നിന്നോ അശുദ്ധിയിൽ നിന്നോ വ്യാജത്തോടയോ ആയിരിക്കരുത്. 1 തെസ്സ. 2:3.
2. ദ്രവ്യാഗ്രഹത്തിന്റെ ഉപായമോ മുഖസ്തുതിയോ പ്രയോഗിക്കരുത്. 1 തെസ. 2:5; 1, തിമോ. 6:10; റോമ. 16:18.
3. വചനത്തിൽ കൂട്ടു ചേർക്കരുത്; വിട്ടുകളകയുമരുത്; 2 കൊരി. 2:17;
4. സദുപദേശത്തിന്റെ ശുശ്രൂഷകൻ ആകണം. 1 തിമോ. 4:6
5. പത്ഥ്യോപദേശത്തിനു ചേരുന്നതു പ്രസ്താവിക്കണം. തീത്തോ. 2:1, 8
6. പ്രയോജനമുള്ളതൊന്നും മറച്ചുവെക്കാതെ ഉപദേശിക്കണം. അ.പ്ര.20:20
7. ദൈവത്തിന്റെ ആലോചന ഒട്ടും മറച്ചുവെക്കാതെ മുഴുവനും അറിയിക്കണം. അ.പ്ര. 20:27
8. സത്യവചനത്തെ യഥാർത്ഥമായി പ്രസംഗിക്കണം. 2 തിമോ 2:15
9. മനുഷ്യരെ പ്രസാദിപ്പിക്കുന്നവരാകരുത്. കൊലോ. 3:22
10. ദൈവത്തിന്റെ അരുളപ്പാട് പ്രസ്താവിക്കുന്നു എന്ന ബോധ്യത്തോടെ പ്രസംഗിക്കണം. 1 പത്രോ. 4:11
11. ജനം കേട്ടാലും ഇല്ലെങ്കിലും (സ്വീകരിച്ചാലും ഇല്ലെങ്കിലും) ദൈവത്തിന്റെ വചനം ഒട്ടും മറച്ചുവയ്ക്കാതെ ജനത്തെ അറിയിക്കണം. (യെഹസ്ക്കേൽ 2:7; 3:4)
12. ഉപദേശത്തിൽ നിർമ്മലതയും ഗൗരവവും ആക്ഷേപിച്ചുകൂടാത്ത പത്ഥ്യവചനവും ഉണ്ടായിരിക്കണം തീത്തോ. 2:8.
13. പൂർണ്ണ ഗൗരവത്തോടെ പ്രസംഗിക്കണം തീത്തോ. 2:15.

ഉപദേഷ്ടാക്കന്മാരോടുള്ള ബന്ധത്തിൽ തിരുവെഴുത്തു രേഖപ്പെടുത്തിയിരിക്കുന്ന ഈ പ്രബോധനങ്ങളിൽ നിന്ന് ഉപദേശത്തിന്റെ പ്രാധാന്യം നമുക്കു മനസ്സിലാക്കാവുന്നതാണ്.

**D.** ഉപദേശത്തോടുള്ള ബന്ധത്തിൽ വിശ്വാസികൾക്കുള്ള ഉത്തരവാദിത്തം

1. കേൾക്കുന്നത് അങ്ങനെ തന്നെയോ എന്നു ശോധന ചെയ്യണം. അ.പ്ര. 17:11
2. ദൈവത്തിന്റെ കല്പനയായി സ്വീകരിക്കണം. 1 തെസ്സ 2:13
3. ഉപദേശത്തെ മുറുകെ പിടിക്കണം 2 തെസ. 2:15
4. സത്യവചനം യഥാർത്ഥമായി പഠിപ്പിക്കുന്നവരെ മാനിക്കണം. 1 തിമോ. 5:17; 6:2
5. കണ്ണിന്റെ കൃഷ്ണമണി പോലെ കാക്കണം. സദ. 7:2

അടിസ്ഥാന ഉപദേശത്തെ അപ്പോസ്തോലിക ഉപദേശമെന്നും തിരുവെഴുത്തിൽ പറയുന്നു. (ഗലാ. 1:8; അ.പ്ര. 2:42). അപ്പോസ്തോലന്മാരുടെ ഉപദേശം ക്രിസ്തുവിന്റെ ഉപദേശമാണ് (1 കൊരി. 11:23; 1 യോഹ. 1:1-3; 2 യോഹ. 9). ഈ ഉപദേശത്തിന്റെ അതിർ ലംഘിക്കുന്ന വ്യക്തിയാണ് ദുരുപദേശകൻ. അവന്നു ദൈവം ഇല്ല (2 യോഹ. 9; സദൃ. 22:28) അങ്ങനെയുള്ളവരോട് കുശലം പറയാനുള്ള അനുവാദം പോലും വചനം നൽകുന്നില്ല (2 യോഹ. 10; 2 കൊരി. 6:14)

അടിസ്ഥാന ഉപദേശങ്ങളുടെ ആവശ്യകത നാം മനസ്സിലാക്കി. സത്യവചനത്തിൽ നിന്നു പത്ഥ്യോപദേശം പ്രാപിച്ചു വിശുദ്ധ ജീവിതം നയിക്കുവാനും അനേകരെ ക്രിസ്തുവിലേക്കു നേടുവാനും ഈ പഠനം നമ്മെ സഹായിക്കട്ടെ. (തുടരും)



# പിസിനാക്ക് നേതാക്കൻമാർക്ക് ഡിഫെൻഡർ അയച്ച കത്ത്

**To the PCNAK Leaders:**
(convener@pcnak.com, secretary@pcnak.com, treasurer@pcnak.com, youth@pcnak.com)

A portion of an email I received today is quoted below:

"In 1992, Toronto hosted the 10th PCNAK conference.
At the conference they decided to help the following:
1. conduct marriage of 10 poor girls in India.
2. provide education to 10 poor children in India. and
3. build houses for 10 poor people.
They collected about $40,000 for this purpose through the conference, and pastor easo philip, the pcnak convenor at the time agreed that he will conduct these mission work through his organization in India. And he took all that money. The next PCNAK conference was in New York, during the business meeting somebody asked what happened the money collected last year for marriage and education fund. Easo Philip didn't have any answer, he said we are still planning on it. 19 years passed easo Philip still says he is planning on it.
Please ask anyone who attended the 10th, 11th or 12th PCNAK conference for confirmation.
The same easo Philip is the convenor for the 30th PCNAK conference and he is already playing big games to collected money from believers. We need your help to stop this crook."

Please tell me if this allegation is true or not.
Since the next issue of the Defender will go to press on 10th Sep 2011, I expect a reply latest by 9th of this month.
T.S.Balan

# ഈശോ ഫിലിപ്പ് സൂക്ഷിച്ചാൽ നന്ന്

പിസിനാക്ക് 2012ന്റെ ജനറൽ കൺവീനറായ ഈശോ ഫിലിപ്പിനെ സംബന്ധിച്ച് നിരവധി പരാതികൾ ഡിഫെൻഡർ ഓഫീസിൽ ലഭിച്ചുകൊണ്ടിരിക്കുന്നു. വ്യക്തിവൈരാഗ്യം മൂലം ആരൊക്കെയോ എഴുതുന്നതാണ് ഇവ എന്നാണു ഞങ്ങൾ ആദ്യം കരുതിയത്. പക്ഷേ വിശദീകരണം ചോദിച്ച് ഡിഫെൻഡർ അയച്ച ഈമെയിലിന് ഈശോ ഫിലിപ്പോ മറ്റു ഭാരവാഹികളോ മറുപടി അയയ്ക്കാതെവന്നപ്പോൾ ഡിഫെൻഡറിനു സംശയമായി. അങ്ങനെ ഞങ്ങൾ ചില അന്വേഷണങ്ങളൊക്കെ നടത്തി. അപ്പോഴാണ് കാര്യത്തിന്റെ ഗൗരവം പിടികിട്ടിയത്. ഈശോ ഫിലിപ്പ് കഴിഞ്ഞ കാലങ്ങളിൽ കാട്ടിക്കൂട്ടിയിട്ടുള്ള തറവേലകളുടെ കഥകൾ ലജ്ജാകരമെന്നേ പറയേണ്ടൂ. ഇത്തരത്തിലുള്ള ഒരാളുടെ നേതൃത്വത്തിൽ പിസിനാക്ക് നടത്താൻ കഴിയുമോ? നടത്തിയാൽ അത് എങ്ങനെയിരിക്കും? കണ്ടുതന്നെ അറിയണം.

ഈശോ ഫിലിപ്പിനോടും മറ്റു ഭാരവാഹികളോടും ഡിഫെൻഡറിനു പറയാനുള്ളത് ഇതാണ്: അഹങ്കാരം മാറ്റി വച്ചിട്ട് മാനംമര്യാദയ്ക്ക് പിസിനാക്ക് നടത്തുക. ഡിഫെൻഡറിനു ജോലി ഉണ്ടാക്കി വയ്ക്കാതിരിക്കുകയാണു ബുദ്ധി എന്നു ചുരുക്കം.

## സി.ഡി.കളുടെ വിലവിവരം

ഡിഫെൻഡറിന്റെ ഓഫീസിൽ നിന്നു വിവിധതരം സി.ഡികൾ വിറ്റുവരുന്നതിനാൽ വിലയെപ്പറ്റി സംശയമുണ്ടാകാനിടയുണ്ട്. അതുകൊണ്ട് വിലവിവരപ്പട്ടിക താഴെ കൊടുക്കുന്നു:

1. വീട്ടിൽ ഒരു ബൈബിൾ സ്ക്കൂൾ (എം.പി.3) - 900 രൂപ
2. പുതിയനിയമത്തിൽ നിന്ന് 100 പ്രസംഗങ്ങൾ - 900 രൂപ

രണ്ടു സി.ഡികളും ചേർത്ത് ഇന്ത്യയിൽ - 1800 രൂപ.
വിദേശത്തുള്ളവർ വിലയും ഇന്ത്യയിലെ വിലാസവും അയച്ചു തരിക. (വിദേശത്തേക്ക് സി.ഡികൾ അയയ്ക്കുന്നതല്ല.)

യു.എസ്.ബി ഡ്രൈവ് (For Laptops/Computers only)

1. വീട്ടിൽ ഒരു ബൈബിൾ സ്ക്കൂൾ (എം.പി.3- 100 മണിക്കൂർ), പുതിയനിയമത്തിൽ നിന്ന് 100 പ്രസംഗങ്ങൾ (എം.പി.3 - 100 മണിക്കൂർ) എന്നിവ ഒരു യു.എസ്.ബിയിൽ ലഭിക്കും.
വില: ഇന്ത്യയിൽ 1800 രൂപ. വിദേശം: 100 ഡോളർ
2. ലൈബ്രറി ഓഫ് തിയോളജി (Books-PDF)
ഇന്ത്യയിൽ- 900 രൂപ. വിദേശം: 50 ഡോളർ

പ്രത്യേക ശ്രദ്ധയ്ക്ക്: യു.എസ്.ബി. ഡ്രൈവുകൾ ഗൾഫ് ഒഴികെയുള്ള വിദേശ രാജ്യങ്ങളിലേക്കും അയയ്ക്കും.
വിലാസം: T.S.Balan, Anand Bhavan, Near: KSRTC, Perumbavoor P.O., Ernakulam Dist. Pin. 683542

# കള്ളനു ശിക്ഷയില്ല



കുപ്രസിദ്ധ തട്ടിപ്പുവീരനായ ജയിംസ് ജോർജിന് ശിക്ഷയില്ല, വിചാരണപോലുമില്ല. ബാങ്കിനെയും സർക്കാരിനെയും കബളിപ്പിക്കുന്നത് വിചാരണ അർഹിക്കുന്നത്ര ഗൗരവമുള്ള കുറ്റമല്ല എന്ന നിലപാടാണ് അമേരിക്കയിലെ ഐ.പി.സി സഭകൾക്കുള്ളത്. അതുകൊണ്ട് ഈ തട്ടിപ്പു പ്രശ്നം ചർച്ചയ്ക്കുപോലും എടുക്കാതെ ഒഴിവാക്കുകയാണ്.

കുറെ എഴുതിയിട്ട് ഡിഫെൻഡർ നിർത്തുമെന്നും മറ്റു പത്രങ്ങൾ ഈ വിഷയത്തെക്കുറിച്ച് പരാമർശിക്കപോലുമില്ലെന്നുമാണ് പൊതുവെയുള്ള കണക്കുകൂട്ടൽ. ജയിംസ് ജോർജിനെതിരെ നടപടിയെടുത്താൽ വിവിധതരം തട്ടിപ്പുകൾ നടത്തിയിട്ടുള്ള മറ്റു ചിലർക്കെതിരെയും പരാതി ഉയരുമെന്നും പല വിഗ്രഹങ്ങളും തകർന്നടിയുമെന്നും മറ്റുമുള്ള ഭയംമൂലം ഈ പ്രശ്നം മൂടി വയ്ക്കാൻ ചിലർ ശ്രമിക്കുന്നുണ്ട്. പക്ഷേ ഡിഫെൻഡർ ഈ വിഷയം സർക്കാരിന്റെ ശ്രദ്ധയിൽ പെടുത്തിയാൽ എന്താകും സ്ഥിതിയെന്ന് ഇവർ ആലോചിക്കുന്നുമില്ല. ഇത്തരം കുറ്റങ്ങൾക്കു പിടിക്കപ്പെട്ടാൽ അനേക വർഷങ്ങൾ ജയിലിൽ കിടക്കേണ്ടതായി വരും. ജയിംസ് ജോർജ് മാത്രമല്ല, തട്ടിപ്പിനു കൂട്ടുനിന്ന സ്ത്രീയും പിടിയിലാകും എന്നറിയുക.

# ജയിംസ് കെ. ഈപ്പനു നൂറിൽ തൊണ്ണൂറു മാർക്ക്



ജയിംസ് കെ. ഈപ്പൻ (ഫുജറ) പെന്തക്കോസ്തിലെ രാഷ്ട്രീയക്കളികൾക്കെതിരെ ശക്തമായ വിമർശനവുമായി രംഗത്ത് എത്തിയിരിക്കുന്നു. www.dailymotion.com എന്ന വെബ്സൈറ്റിൽ അപ്ലോഡ് ചെയ്തിരിക്കുന്ന ഒരു വീഡിയോ ക്ലിപ്പിലൂടെയാണ് ഇദ്ദേഹത്തിന്റെ പ്രതിഷേധം അലയടിക്കുന്നത്. ഗൂഗിളിൽ Pastor James K Eapen, Election in churches എന്നു ടൈപ്പ് ചെയ്ത് സേർച്ച് ചെയ്താൽ ഈ വിഡിയോ ലഭിക്കും. പ്രസംഗത്തിന്റെ പ്രസക്ത ഭാഗങ്ങൾ ഇങ്ങനെ:

''കർത്താവു ശിഷ്യൻമാരെ വിളിച്ചത് കുഞ്ഞാടുകളെ മേയ്ക്കാനാണ്. ദു:ഖകരമായ ഒരു സത്യം നമ്മുടെയിടയിൽ കണ്ടുവരുന്നത്, കുഞ്ഞാടുകളെ മേയ്ക്കാനായിട്ട് ഏല്പിക്കപ്പെട്ടവർ ഇപ്പോൾ ആടിനെ കച്ചവടം ചെയ്യുകയാണ്. ആടിനെ മാത്രമല്ല, വോട്ടുകച്ചവടവും ഇപ്പോൾ നടക്കുന്നെന്നു കേൾക്കുന്നു. ഇലക്ഷൻ സമയത്ത് കുമ്പനാട്ടെ ഒരു ബുക്ക്സ്റ്റാളിൽ പുസ്തകം വാങ്ങിക്കാൻ ചെന്നപ്പോൾ അവിടെ മുഴുവൻ കാർഡുകളാണ്. ഞാൻ സെന്ററിന്റെ ഇന്നയാളായിരുന്നു, സോണലിന്റെ ആളായിരുന്നു, പി.വൈ.പി.എയുടെ ഇന്ന ആളായിരുന്നു, അതുകൊണ്ട് എനിക്ക് വോട്ടുചെയ്യണം. ദൈവമക്കളേ, ദൈവദാസൻമാരേ, വോട്ടിനു നിൽക്കാതിരിക്കാൻ ശ്രമിക്കുക. വോട്ടിനു നിൽക്കുന്നവർക്ക് അഞ്ചു പൈസാ കൊടുക്കരുത്. സ്തോത്രക്കാഴ്ച വാങ്ങിച്ച് ഇതെല്ലാം പ്രിന്റ് ചെയ്ത് കളയാനാണോ? ആടുകളെ മേയ്ക്കാനായിട്ട് വിളിച്ചു വേർതിരിച്ചവര് വോട്ടുകച്ചവടം നടത്തുകയാണ്. ഇലക്ഷനു നിൽക്കുന്നവർക്ക് ഇപ്പോൾ എന്റെ സഭയിൽ പ്രസംഗിക്കാൻ സമയം കൊടുക്കത്തില്ല. എന്തെല്ലാം രാഷ്ട്രീയക്കളികളാണ് ദൈവസഭയിൽ നടക്കുന്നത്. വോട്ടുപിടുത്തത്തിനുവേണ്ടി കാലുവാരുന്നു......''

അങ്ങനെ പോകുന്നൂ പ്രസംഗം. സംഗതി ഒന്നാംതരമായിരിക്കുന്നു എന്നു പറയാതെ വയ്യ. വീണ്ടും ജനനം പ്രാപിച്ച ആർക്കും കണ്ടു നിൽക്കാൻ പറ്റാത്ത കളികളാണ് സഭയിൽ, വിശേഷിച്ചും ഐ.പി.സിയിൽ, നടക്കുന്നത്. ഇങ്ങനെ വോട്ടു പിടിച്ച് ജയിച്ച് എത്തുന്നവർ തങ്ങളെ ദൈവമാണ് ആക്കിവച്ചതെന്നു പറയുകയും ചെയ്യുന്നു. അങ്ങനെയെങ്കിൽ ആ ദൈവം സാക്ഷാൽ ചെകുത്താനാണെന്നതിനു സംശയമില്ല. ഇത്തരം തിൻമകൾക്കെതിരെ ദൈവമക്കൾ പ്രതികരിക്കണം, വിമർശിക്കണം.

അങ്ങനെയെങ്കിൽ എന്തുകൊണ്ട് നൂറിൽ 90 മാർക്ക് കൊടുത്തു? പത്തു മാർക്ക് എവിടെപ്പോയി? പറയാം: ജയിംസ് കെ. ഈപ്പൻ പവ്വർ വിഷൻ എന്ന സാത്താന്യ ചാനലിന്റെ ഡയറക്ടർമാരിൽ ഒരാളാണ്. ആ ബന്ധം പരസ്യമായി ഏറ്റു പറഞ്ഞ് ഉപേക്ഷിച്ചാൽ അഞ്ചു മാർക്കുകൂടി കൊടുക്കാം. ശ്രീമാൻ മത്തങ്ങയുമായി സഹകരിച്ചതും ആ നീചനു പണം കൊടുത്തു സഹായിച്ചതും തെറ്റായിപ്പോയി എന്ന് ഏറ്റു പറഞ്ഞു പരസ്യമായി ക്ഷമ പറഞ്ഞാൽ ബാക്കിയുള്ള അഞ്ചു മാർക്കും ലഭിക്കും.

# എം.എ.വർഗീസും ബസിലിക്കയും

റവ.ഡോ.എം.എ.വർഗീസിനെ അറിയാത്തവർ പെന്തക്കോസ്തിലുണ്ടാകില്ല. കക്ഷി ശാസ്ത്രജ്ഞനാണ്, ഡോക്ടറേറ്റുള്ളവനുമാണ്. പക്ഷേ ഒരു വിഷയത്തിലും ഡിഗ്രിപോലുമില്ലെന്നു മാത്രം. ഈ വിദ്വാനെ ദൈവമാണത്രേ ബൈബിൾ പഠിപ്പിക്കുന്നത്. അങ്ങനെ ദൈവം ബൈബിൾ പഠിപ്പിച്ച ഒരു കഥ ഇയാൾ ഈയിടെ ഗൾഫിൽ എഴുന്നെള്ളിച്ചു. കഥ ഇങ്ങനെ:



ദൈവം എം.എ.വർഗീസിനെ ബൈബിൾ പഠിപ്പിച്ചുകൊണ്ടിരിക്കയാണ്. മൂലഭാഷയായ ഹീബ്രൂ, ഗ്രീക്ക് തുടങ്ങിയവയുൾപ്പെടെയാണു പഠനം. 'ദൈവരാജ്യം' എന്നതിലെ 'രാജ്യം' എന്നതിന് ഗ്രീക്കിൽ എന്തു വാക്കാണ് ഉപയോഗിച്ചിരിക്കുന്നത്? Basiliah എന്നാണ്. സംഗതി കൊള്ളാം. പഠനമെല്ലാം കഴിഞ്ഞ് എം.എ.വർഗീസ് ദൈവരാജ്യത്തെക്കുറിച്ച് ഒരിടത്തു പ്രസംഗിച്ചു. രാജ്യം എന്നതിനു ഗ്രീക്കിൽ ബസിലിക്ക എന്നാണു പറയുന്നതെന്നായിരുന്നു പ്രസംഗം. അങ്ങനെയാണ് ഈ വിദ്വാനെ അയാളുടെ ദൈവം പഠിപ്പിച്ചത്. യോഗം കഴിഞ്ഞപ്പോൾ ഗ്രീക്ക് അറിയാവുന്ന ഒരാൾ എം.എ.വർഗീസിന്റെ അടുത്തു വന്നു തെറ്റ് ചൂണ്ടിക്കാട്ടി. ബസിലിക്ക എന്നല്ല ബസിലിയ എന്നാണ് ആ വാക്ക് ഉച്ചരിക്കേണ്ടത്. പക്ഷേ എം.എ. വർഗീസ് വിട്ടുകൊടുത്തില്ല. ദൈവത്തിനു തെറ്റു പറ്റുകയില്ല. അതുകൊണ്ട് എം.എ.വർഗീസ് പറഞ്ഞതാണു ശരി. പക്ഷേ സംശയം തീർന്നില്ല. അതുകൊണ്ട് ഗ്രീക്ക് വാക്കിന്റെ ഉച്ചാരണം ശബ്ദമായിത്തന്നെ കേൾക്കാൻ കഴിയുന്ന ഒരു സോഫ്റ്റ്വെയറിന്റെ സഹായത്തോടെ ഈ വാക്ക് ഉച്ചരിച്ചു കേട്ടു. 'ബസിലിക്ക' എന്നാണ് സോഫ്റ്റ്വെയർ ഉച്ചരിച്ചത്. (എന്തിശയമേ!)

എം.എ.വർഗീസ് പറയുന്ന ഈ കഥ സത്യമാണെങ്കിൽ സംഗതി അദ്ഭുതകരം തന്നെ. പക്ഷേ ഇയാളുടെ ഡോയും ശാസ്ത്രജ്ഞാനവുമൊക്കെ ശുദ്ധ ഭോഷ്ക്കായതുകൊണ്ട് ഈ കഥയും വിശ്വസിക്കാൻ തോന്നുന്നില്ല. അതുകൊണ്ട് ഈ കഥ ശരിയാണോ എന്നു നോക്കാം.

ദൈവരാജ്യം എന്നതിലെ 'രാജ്യം' ഗ്രീക്കിൽ Basiliah ആണെന്നതു ശരിതന്നെ. സ്ട്രോങ്ങിന്റെ നിഘണ്ടുവിൽ ഇത് 932 എന്ന നമ്പറിലുള്ള ഗ്രീക്ക് വാക്കാണ്. ഈ വാക്ക് ഗ്രീക്കിൽ എങ്ങനെയാണ് ഉച്ചരിക്കേണ്ടതെന്ന് ഫൊണറ്റിക് സിംബൽസ് ഉപയോഗിച്ച് കൊടുത്തിട്ടുമുണ്ട്. ഫൊണറ്റിക്സിന്റെ ബാലപാഠങ്ങളെങ്കിലും അറിയാവുന്നവർക്ക് ഇത് വായിക്കാൻ കഴിയും. 'ബസിലിയ' എന്നാണ് അത്. അടുത്തതായി ഗൂഗിളിൽ greek pronounciation basiliah എന്നു ടൈപ്പ് ചെയ്ത് സേർച്ച് ചെയ്യുക. പല സൈറ്റുകളിൽ നിന്ന് ഉച്ചാരണം കേൾക്കുക. 'ബസിലിയ' തന്നെ. എം.എ.വർഗീസിനും അയാളുടെ ദൈവത്തിനും ഗ്രീക്ക് അറിഞ്ഞുകൂടാ എന്നതിനു സംശയമില്ല.

# രാജ്യങ്ങൾക്കു ന്യായവിധിയോ?

ഈയിടെ അമേരിക്കയിലുണ്ടായ ചുഴലിക്കാറ്റ് ദൈവത്തിന്റെ ന്യായവിധിയാണെന്ന വ്യാഖ്യാനം തെറ്റാണെന്ന് കഴിഞ്ഞലക്കം ഡിഫൈൻഡറിൽ വ്യക്തമാക്കിയിരുന്നു. ഈ വിഷയത്തെപ്പറ്റി ചില കാര്യങ്ങൾ കൂടി പറയേണ്ടതുണ്ട്.

പഴയനിയമ കാലത്ത് ദൈവം വ്യക്തികളോടു മാത്രമല്ല രാജ്യങ്ങളോടും ഇടപെട്ടിരുന്നു. പഴയനിയമത്തിലെ പ്രവചന പുസ്തകങ്ങൾ ഇതിനു തെളിവാണ്. യിസ്രായേൽ ദൈവത്തിന്റെ സ്വന്തം ജനതയായിരുന്നു. ഒരു ജനത എന്ന നിലയിൽത്തന്നെ അവരോട് ഇടപെടുകയും ചെയ്തിരുന്നു. പക്ഷേ അവർ മിശിഹയെ തള്ളിക്കളഞ്ഞതോടെ ഒരു രാജ്യം എന്ന നിലയ്ക്ക് അവരോട് ഇടപെടുന്ന രീതി ദൈവം നിർത്തി. ഇനി എതിർക്രിസ്തുവിന്റെ ഭരണകാലത്ത് ഏഴു വർഷം യിസ്രായേലിനോട് ഒരു ജനത എന്ന നിലയ്ക്കു വീണ്ടും ഇടപെടും.

ഇപ്പോൾ ദൈവം വ്യക്തികളോടാണ് ഇടപെടുന്നത്. രക്ഷിക്കപ്പെട്ടവർ, രക്ഷിക്കപ്പെടാത്തവർ എന്നിങ്ങനെ രണ്ടു വിഭാഗങ്ങളായി ദൈവം മനുഷ്യരെ വേർതിരിച്ചാണ് ഇടപെടുന്നത്. രക്ഷിക്കപ്പെടാത്തവർ ചെയ്യുന്ന തെറ്റുകൾക്ക് വളരെ അപൂർവ്വമായി മാത്രേ ദൈവം ഈ ലോകത്തു വച്ചു ശിക്ഷ നൽകാറുള്ളു. ഒരു തെറ്റിനു രണ്ടു വട്ടം ശിക്ഷിക്കാനാവില്ല എന്നതുതന്നെ കാരണം. പാപികളെ ഇവിടെവച്ചു ശിക്ഷിച്ചാൽ പിന്നീട് നിത്യനരകത്തിൽ ശിക്ഷിക്കാൻ കഴിയാതെവരും. അതുകൊണ്ട് പാപികളെ - രക്ഷിക്കപ്പെടാത്തവരെ - ദൈവം അപൂർവ്വമായി മാത്രമേ ഈ ലോകത്തുവച്ചു ശിക്ഷിക്കാറുള്ളു.

അതല്ല രക്ഷിക്കപ്പെട്ടവരുടെ സ്ഥിതി. രക്ഷിക്കപ്പെട്ടവർക്ക് നിത്യനരകത്തിലുള്ള ശിക്ഷ നൽകാൻ പറ്റില്ല. കാരണം, 'ഇപ്പോൾ ക്രിസ്തുയേശുവിലുള്ളവർക്ക് ഒരു ശിക്ഷാവിധിയുമില്ല.' പക്ഷേ രക്ഷിക്കപ്പെട്ടവരും തെറ്റുകൾ ചെയ്യുന്നുണ്ട്. പാപിയെ ശിക്ഷിക്കാതിരിക്കാൻ ദൈവത്തിനു കഴിയുന്നതുമല്ല. എന്താണു പോംവഴി? നാം നമ്മെത്തന്നെ വിധിച്ചാൽ ദൈവം നമ്മെ വിധിക്കുകയില്ല. നമ്മുടെ തെറ്റുകൾ നാം തന്നെ കണ്ടെത്തി ഏറ്റു പറഞ്ഞ് വചനാനുസൃതം ക്രമീകരണം വരുത്തിയാൽ അതെല്ലാം കർത്താവിന്റെ പേരിൽ കണക്കിടും. ആ തെറ്റുകൾക്കുള്ള ശിക്ഷ കൂടിയാണല്ലോ കർത്താവ് കാൽവറിയിൽ അനുഭവിച്ചത്. പക്ഷേ നാം നമ്മെത്തന്നെ വിധിക്കുന്നില്ലെങ്കിൽ ദൈവം നമ്മെ വിധിക്കും. നാം ഈ ലോകത്തോടു കൂടി ശിക്ഷാവിധിയിൽ അകപ്പെടാതിരിക്കാൻ ദൈവം ബാലശിക്ഷകൾ നൽകും. ദൈവമക്കൾക്കു മാത്രമാണു ബാലശിക്ഷ ലഭിക്കുന്നത്. ബാലശിക്ഷ ലഭിക്കാത്തവർ മക്കളല്ല ജാരസന്തതികളാണ്.

എല്ലാ രാജ്യത്തും രക്ഷിക്കപ്പെട്ട ദൈവമക്കളുണ്ട്, രക്ഷിക്കപ്പെടാത്തവരുമുണ്ട്. ഒരു രാജ്യത്തുള്ള ബഹുഭൂരിപക്ഷം ആളുകൾ പാപത്തിൽ ജീവിക്കുന്നു എന്ന കാരണം പറഞ്ഞ് ദൈവം പുതിയനിയമകാലത്ത് ആ രാജ്യത്തെ ശിക്ഷിക്കയില്ല. അതുകൊണ്ടാണ് പുതിയനിയമത്തിൽ രാജ്യങ്ങളോടുള്ള പ്രവചനം കാണാൻ കഴിയാത്തത്.

## സ്തോത്രപുരാണം




# അവാർഡുകൾ റെഡി വരുവീൻ, വാങ്ങുവീൻ

'അവാർഡുകൾ വേണോ അവാർഡ്?' ഏതു രൂപത്തിലും ഭാവത്തിലുമുള്ള അവാർഡുകൾ ലഭിക്കും. വില തുച്ഛം, ഗുണം മെച്ചം. പരിശുദ്ധ മത്തങ്ങ അവർകളാണ് അവാർഡുകൾ വാരി വിതറാൻ തയ്യാറായി, താറും പാച്ചി, നിൽക്കുന്നത്.

ഓരോരുത്തരും ചെയ്തുവരുന്ന ജോലികൾക്ക് അനുസൃതമായ പേരുകളിലാണ് മത്തങ്ങ അവാർഡുകൾ നൽകുന്നത്. സുവിശേഷകർക്ക് സുവിശേഷരത്നം, സാമൂഹ്യസേവനം നടത്തുന്നവർക്കു സാമൂഹ്യസേവനരത്നം, പത്രപ്രവർത്തകർക്കു ന്യൂസ് മേക്കർ അവാർഡ്, ചാരിറ്റിക്കാരനു ജീവകാരുണ്യ അവാർഡ്, പാട്ടെഴുത്തുകാരനു സംഗീതരത്ന അവാർഡ് അങ്ങനെ എന്തിനും ഏതിനും അവാർഡ് ലഭിക്കും. ഇത്തരം അവാർഡുകൾ ലഭിക്കാൻ എന്തു യോഗ്യതയാണു വേണ്ടത്? യോഗ്യത വേണ്ട, അയോഗ്യത മതി.

നാടുനീളെ വായിൽനോക്കി നടക്കുന്ന ഒരാൾക്ക് അവാർഡ് വേണമെന്നു മോഹം. സംഗതി സിമ്പിൾ. ശ്രീമാൻ മത്തങ്ങയെ കാണുക, അവാർഡ് വേണമെന്ന് പറയുക. 10,000 രൂപയാണു റേറ്റ്. വില പേശിയാൽ അല്പം കുറച്ചുകിട്ടും. പണം കൊടുത്തിട്ടു മടങ്ങുക. അടുത്ത അവാർഡ് ദാന മഹാമഹത്തിൽ നിങ്ങൾക്ക് 'വദനനിരീക്ഷണരത്ന' അവാർഡ് ഉറപ്പ്. 50 രൂപ വിലയുള്ള ഒരു കപ്പാണു കിട്ടുക. ഏതാനും ദിവസങ്ങൾക്കകം അതു തുരുമ്പെടുക്കും. നാണമില്ലാത്തവർക്ക് ഇത്തരം അവാർഡുകളും ഒരു തണൽ.

രണ്ടു മാസം മുമ്പ് ശ്രീമാൻ മത്തങ്ങ ഇത്തരമൊരു അവാർഡ് ദാന മഹാമഹം നടത്തിയിരുന്നു. അന്ന് ഏഴു ശുംഭൻമാർ അവാർഡുകൾ വാങ്ങി ധന്യരായി. അവാർഡ്ദാനം നിർവ്വഹിച്ച രസികൻ തിരുമേനി പറഞ്ഞതിങ്ങനെ: "ഞാൻ പല തട്ടിപ്പു പരിപാടികളിലും അധ്യക്ഷനായിരുന്നിട്ടുണ്ട്. ഇതും അത്തരത്തിലുള്ള ഒന്നാണ്."

പുതിയൊരു അവാർഡ് ദാന ഉത്സവം നടത്താനുള്ള പുറപ്പാടിലാണ് മത്തങ്ങ ഇപ്പോൾ. പണം മുടക്കാൻ തയ്യാറുള്ള ആർക്കും അവാർഡ് ലഭിക്കും. പണം മുൻകൂട്ടി അടച്ച് അവാർഡുകൾ ഉറപ്പുവരുത്തുക. അഞ്ചോ ആറോ ജലപ്രഭുക്കളെ കിട്ടിയാലുടൻ അവാർഡ് ദാനം പൂർവ്വാധികം ഭംഗിയായി നടത്തും.

# പോൾ തങ്കയ്യ ഇപ്പോൾ എവിടെ നിൽക്കുന്നു



ഒരു കാലത്ത് ഏവരും ബഹുമാനിച്ചിരുന്ന ഒരു ദൈവദാസനായിരുന്നു പോൾ തങ്കയ്യ. പക്ഷേ ഇപ്പോൾ അതല്ല സ്ഥിതി. വിവരക്കേടിനു കൈയും കാലും വച്ചാൽ എന്തോ അതാണ് ഈ മാന്യദേഹം ഇപ്പോൾ. സംശയമുള്ളവർ ഇദ്ദേഹം ഈയിടെ തന്റെ സ്നേഹിതർക്ക് അയച്ച ഒരു ഈമെയിൽ വായിക്കൂ:

From: Pas. Paul Thangiah
<fgagoffice@gmail.com>
Subject:
September month blessing
Date: Friday, 2 September, 2011.

Hi Friends ,
"Our God is a God of blessings." This is what my son sent me after getting the green card::::
The favor of the Lord is not reserved just for 'special' anointed people, it is for everyone who puts their trust in the Lord. When you walk knowing that your trust is in the Lord, no government can stop you from getting what you want in Christ...
On the 1st of September at 5.30 am the entire church was jam packed, thousands came for prayer.
The following is what I preached:
1) Adam and Eve were blessed. Gen 1:28
2) Days were blessed. Gen 2:3.Deut. 23:5
3) He removes the curses and blesses His children
4) With conditions he will bless. Deu 28:1
5) Double portion blessings. 2 Kings 2:2-6; Zech 9:12
6) Five fold blessings. Gen. 43:34.
7) Ten fold blessing. Dan 1:20; 4:8,9,19; 5:11-14
8) Hundred fold blessings. Matt. 19:29
9) Thousand fold blessing. Deut 1:11
10) Millions of blessings. Gen. 24:60
11) Abundant blessings. John 3:34.
Continue to pray for Sammy and Nicole even as they are preparing themselves to come back to India to minister with me. Pinky is doing well in London. She will be doing her exams soon. Please do pray for her.
On the 8th we are distributing 10 thousand cd in Velangani with a letter. I signed Six thousand letters today. Woof.
Pray for a mighty break through in our ministry. I'm praying for 30 thousand people to attend our services on Sundays.
Love u lots.
Tiger for Jesus.
Pastor Paul.

ഇയാൾ ഇപ്പോൾ എവിടെനിൽക്കുന്നു എന്നു വിവേചിച്ചറിയാൻ വിശ്വാസികൾക്കോ സഭാനേതൃത്വത്തിനോ കഴിയുന്നില്ല എന്നതു ദു:ഖകരമാണ്. ഈ പോക്ക് എവിടേക്കാണ്?

# സൗത്ത് ഈസ്റ്റ് പ്രശ്നം തീർന്നെന്നും ഇല്ലെന്നും

അമേരിക്കയിലെ സൗത്ത് ഈസ്റ്റ് റീജിയനിലെ പ്രശ്നം തീർന്നോ? തീർന്നെന്നും ഇല്ലെന്നും വാദമുണ്ട്. അതുകൊണ്ടുതന്നെ പ്രശ്നം നിലനിൽക്കുന്നു എന്നു സംശയം കൂടാതെ പറയാം.

കൗൺസിൽ മീറ്റിംഗ് നടത്തിക്കൊണ്ടു പോകാൻ കഴിയാതെ വന്നപ്പോൾ കെ.സി. ജോൺ (പ്രസിഡന്റ്) കൗൺസിൽ മീറ്റിംഗ് മാത്രമല്ല കൗൺസിൽ തന്നെ പിരിച്ചുവിട്ടു. ഇത്ര വിവരമില്ലാത്ത ഒരുത്തനെ പ്രസിഡന്റാക്കിയവരാണ് ഇതിന് ഉത്തരവാദികൾ എന്നു തീർച്ച.

സൗത്ത് ഈസ്റ്റ് റീജിയന് ഒരു ഭരണഘടനയില്ല. അതുകൊണ്ട് ഐ.പി.സിയുടെ ഭരണഘടന അനുസരിച്ച് കാര്യങ്ങൾ നടത്തുകയാണു വേണ്ടത്. ഐ.പി.സിയുടെ ഭരണഘടന അനുസരിച്ചു പാസ്റ്റർമാരെ വിസ്തരിക്കേണ്ടത് കൗൺസിലിലോ ജനറൽ ബോഡിയിലോ അല്ല പ്രസ്ബിറ്ററിയിലാണ്. കൗൺസിൽ അംഗങ്ങളായ പാസ്റ്റർമാർ അടങ്ങുന്ന സമിതിയാണു പ്രസ്ബിറ്ററി. ജോൺ ശാമുവലിനെതിരായി പരാതിയുണ്ടെങ്കിൽ അതു പരിഗണിക്കേണ്ടതു പ്രസ്ബിറ്ററിയിലായിരുന്നു. അതിനു പകരം കൗൺസിലിൽ വച്ച് പ്രശ്നം ചർച്ച ചെയ്തു പ്രശ്നമുണ്ടാക്കുകയും കൗൺസിൽ പിരിച്ചു വിടുകയും ചെയ്തു. പിന്നീട് ഈ പ്രശ്നം ജനറൽ ബോഡിയിലും കൊണ്ടുവന്നു. ഇത് ശുദ്ധ തോന്ന്യാസമായിപ്പോയി.

ജനറൽ ബോഡിയുടെ മിനിറ്റ്സ് എന്ന പേരിൽ ഒരു കടലാസ്സ് കഷണം കാണുകയുണ്ടായി. ആരാണ് ഈ മിനിറ്റ്സ് എഴുതിയുണ്ടാക്കിയത്? അറിഞ്ഞുകൂടാ. ആരാണ് ഈ മിനിറ്റ്സ് പാസ്സാക്കിയത്? അതും അറിഞ്ഞുകൂടാ. കെ.സി.ജോൺ എഴുതിവിട്ട ഈ കടലാസ്സിൽ പറയുന്നതൊക്കെയാണ് അവിടെ നടന്നതെന്നതിന് എന്താണു തെളിവ്? അതിനും ഉത്തരമില്ല.

ജോൺ ശാമുവലിന്റെ പ്രവൃത്തി പാപവും അശുദ്ധവുമാണെന്നു കണ്ടെത്തി എന്നു മിനിറ്റ്സിൽ പറയുന്നു. പക്ഷേ എന്തു ശിക്ഷ കൊടുത്തു എന്നു പറയുന്നില്ല. ജോൺ ശാമുവലിനെ ശിക്ഷിച്ചോ എന്നും ഇല്ലെങ്കിൽ എന്തുകൊണ്ട് എന്നും കെ.സി. ജോൺ വ്യക്തമാക്കണം.

ജോൺ ശാമുവൽ കെ. സി.ജോണിനെക്കുറിച്ച് ഗുരുതരമായ കുറെ ആരോപണങ്ങൾ പരസ്യമായി ഉന്നയിച്ചിരുന്നു. ആ വിഷയം എന്തുകൊണ്ട് ജനറൽ ബോഡിയിൽ ചർച്ച ചെയ്തില്ല എന്നറിഞ്ഞുകൂടാ. ജോൺ ശാമുവൽ പറയുന്നതു ശരിയാണെങ്കിൽ കെ.സി.ജോൺ ഒരു പാസ്റ്ററായിരിക്കാൻ പോലും യോഗ്യനല്ല. അതല്ല, കെ.സി.ജോൺ നിരപരാധിയാണെങ്കിൽ വിചാരണ നേരിടുകയും നിരപരാധിത്വം തെളിയിക്കുകയും ചെയ്യണം. അതിനു തയ്യാറാകുന്നില്ലെങ്കിൽ ഡിഫെൻഡറിനു പണിയാകും.



# ഉയിർപ്പിക്കൽ പരിപാടി സ്ഥിരം പരിപാടിയാണെന്ന്



തൃക്കണ്ണമംഗലിൽ ചുമ്മാഡോ നടത്തിയ ഉയിർപ്പിക്കൽ നാടകം ആദ്യത്തേതല്ലെന്ന് അറിയാൻ കഴിഞ്ഞു. മറ്റു ചില സ്ഥലങ്ങളിലും ഇയാൾ ഇത്തരം തറവേലകൾ ഇറക്കിയിട്ടുള്ളതായി വിവരം ലഭിച്ചിട്ടുണ്ട്.

വിവരദോഷികൾ അനർഹമായ സ്ഥാനങ്ങളിൽ എത്തിയാൽ ഇത്തരം തോന്ന്യാസങ്ങൾ പറയുകയും കാട്ടിക്കൂട്ടുകയും ചെയ്യുക പതിവാണ്. കഷ്ടിച്ച് ഒരു പാസ്റ്ററാകാൻ മാത്രം യോഗ്യതയുള്ള ബാബു ജോർജ് വിദേശപ്പണത്തിന്റെ ബലത്തിൽ നേതാവായി, എ.ജിയുടെ സെക്രട്ടറിയുമായി. അതോടെ ഇയാൾ സ്വയം മറന്നു. എന്തും പറയാം, എന്തും ചെയ്യാം, ആരും ചോദിക്കയില്ല. പക്ഷേ ബാബു ജോർജ് ഒരു കാര്യം മനസ്സിലാക്കണം: എ.ജിയിലുള്ള പാസ്റ്റർമാർ ബാബു ജോർജിനെതിരെ ശബ്ദിക്കാൻ ധൈര്യപ്പെട്ടില്ലെന്നുവരാം. പക്ഷേ അതല്ല പുറത്തുള്ളവരുടെ സ്ഥിതി. ഡിഫെൻഡറിന് ബാബു ജോർജിനെപ്പോലുള്ള കടലാസ്സ് പുലികളെ ഭയപ്പെടേണ്ട കാര്യമില്ല. അതുകൊണ്ട് തോന്ന്യാസങ്ങൾ കാണിക്കുന്നതിന് ഒരു അതിരൊക്കെ വേണം. ഇല്ലെങ്കിൽ ചെവി നിറയെ കേൾക്കും.

# വിവരം കെട്ടവർ ബൈബിൾ കോളേജുകൾ നടത്തിയാൽ

ബാബു ജോർജിനെപ്പോലുള്ളവർ ബൈബിൾ കോളേജു നടത്തിയാൽ എങ്ങനെയിരിക്കും? പഠിച്ചിറങ്ങുന്നവരും വിവരദോഷികളായിരിക്കും. 'ആശാനക്ഷരമൊന്നു പിഴച്ചാൽ അമ്പത്തൊന്നു പിഴയ്ക്കും ശിഷ്യന്' എന്നാണല്ലോ ചൊല്ല്. എങ്ങനെയെങ്കിലും കുറെ പണമുണ്ടാക്കി എന്നതുകൊണ്ടു മാത്രം ബൈബിൾ കോളേജ് നടത്താൻ പറ്റില്ല. അതിനു വിവരം കൂടി വേണം. എവിടെനിന്നെങ്കിലും ഒരു ഡോ വിലകൊടുത്തു വാങ്ങിയതുകൊണ്ടു വിവരം ഉണ്ടാകുകയുമില്ല. ഇതൊക്കെ ബാബു ജോർജ് അറിയാതെ പോയതിന്റെ ഫലമാണ് ഇപ്പോൾ ഏവരും കാണുന്നത്.

അംഗീകാരമില്ലാത്ത ഡിഗ്രികൾ കൊടുക്കുന്ന ബൈബിൾ കോളേജുകളിൽ വിദ്യാർത്ഥികളുടെ എണ്ണം അനുദിനം കുറഞ്ഞു വരികയാണ്. ചില ബൈബിൾ കോളേജുകൾ പൂട്ടിക്കഴിഞ്ഞു. മറ്റു ചിലത് അടുത്ത വർഷം പൂട്ടും. ബാബു ജോർജിന്റെ ബൈബിൾ കോളേജിനും ഏറെക്കാലം പിടിച്ചു നിൽക്കാൻ പറ്റില്ല എന്നു തീർച്ച.

# ഇന്റർനെറ്റ് മഹാപാപം സി.ഡി വിറ്റാൽ പുണ്യം



ഇന്റർനെറ്റ് പാപമാണോ? അല്ല, ഇന്റർനെറ്റ് നല്ല നിലയിൽ ഉപയോഗിക്കാം. പക്ഷേ ഇന്റർനെറ്റിന്റെ ദുരുപയോഗം പാപമാണ്. ടി.വി. കാണുന്നതു പാപമാണോ? ടി.വിയിൽ എന്തു കാണുന്നു എന്നതാണു പാപവും പുണ്യവും നിശ്ചയിക്കുന്നത്. പക്ഷേ ഇതൊന്നും റ്റി.പി.എം. എന്ന ദ പെന്തക്കോസ്ത് മിഷൻ സമ്മതിച്ചു തരികയില്ല. ഇന്റർനെറ്റ്, ടി.വി തുടങ്ങിയവ അതിൽത്തന്നെ പാപമാണെന്നത്രേ അവരുടെ നിലപാട്. അത് അവർ അർത്ഥശങ്കയ്ക്ക് ഇടയില്ലാത്ത വിധത്തിൽ വ്യക്തമാക്കിയിട്ടുമുണ്ട്. റ്റി.പി.എമ്മിലെ അംഗങ്ങൾ ഇന്റർനെറ്റ്, ടി.വി തുടങ്ങിയവ ഒഴിവാക്കണമെന്ന് പരമോന്നത നേതാവ് ഏതാനും മാസം മുമ്പ് കല്പന പുറപ്പെടുവിക്കുകയും ചെയ്തു. ഇതൊക്കെ ഇപ്പോൾ എന്തിനു പറയുന്നു? കാരണമുണ്ട്. റ്റി.പി.എമ്മിലെ ഒരു പാസ്റ്ററുടെ മകനും കടുത്ത റ്റി.പി.എം. വിശ്വാസിയുമായ മാത്യു ഏബ്രഹാം (മാത്തുക്കുട്ടി) ഇന്റർനെറ്റിലൂടെ റ്റി.പി.എം. പാസ്റ്റർമാരുടെ പ്രസംഗങ്ങൾ സി.ഡി. രൂപത്തിലാക്കി വിതരണം നടത്തുന്നു. ഇത് ഇരട്ടത്താപ്പല്ലേ? റ്റി.പി.എം. വിശ്വാസികൾ ഇന്റർനെറ്റ് ഉപയോഗിക്കാനേ പാടില്ലെങ്കിൽ മാത്തുക്കുട്ടി ഇതിനു വിപരീതമായി പ്രവർത്തിക്കുന്നു. വീഡിയോ പാപമാണെങ്കിൽ ഈ പാസ്റ്റർമാരുടെ പ്രസംഗങ്ങൾ എങ്ങനെ റിക്കാഡ് ചെയ്തു? അതോ പ്രസംഗത്തിന്റെ ഓഡിയോ മാത്രമേയുള്ളോ? അങ്ങനെയെങ്കിൽ വീഡിയോ പാപം, ഓഡിയോ പുണ്യം എന്നാണോ റ്റി.പി.എം. നിലപാട്? മാത്തുക്കുട്ടിയോ ഏതെങ്കിലും റ്റി.പി.എം. പാസ്റ്ററോ ഇതിന് ഒരു മറുപടി തന്നു സഹായിക്കണം. റ്റി.പി.എമ്മിൽ പാപം എവിടെ ആരംഭിക്കുന്നു എന്ന് അറിയണമെന്ന് ഒരു ആഗ്രഹം.

മാത്തുക്കുട്ടിയുടെ വെബ്സൈറ്റ്: www.mathewstpmcd.com

RNI No. 68089 / 97
2011 September 16

# THE DEFENDER

REGISTERED
KL/ALY/0031/2009-11

# പാമലക്കാരുടെ അറിവിലേക്ക്

രണ്ടാം പാമല കൺവൻഷൻ ഡിസംബർ 18-25 തീയതികളിൽ അതിഗംഭീരമായി ആഘോഷിക്കാൻ പോകുന്നതായി അറിയാൻ കഴിഞ്ഞു. നല്ലത്. പരിപാടി നടക്കട്ടെ. പക്ഷേ ഈ മഹാസംഭവത്തോടുള്ള ബന്ധത്തിൽ ചിലതൊക്കെ ഡിഫെൻഡറിനു പറയാനുണ്ട്.

'പാമല കൺവൻഷൻ മഹാശ്ചര്യം, നമുക്കും കിട്ടണം പണം' എന്നതാണ് ഭൂരിപക്ഷം പെന്തക്കോസ്ത് പത്രങ്ങളുടെയും നിലപാട്. കൺവൻഷൻ വകയിൽ ലഭിക്കുന്ന പരസ്യങ്ങളും ആ വകയിൽ കിട്ടുന്ന പണവുമാണ് അവരുടെ ലക്ഷ്യം. അതുകൊണ്ട് പാമലക്കാരുടെ വിരോധം സമ്പാദിക്കാൻ പെന്തക്കോസ്ത് പത്രങ്ങൾ തയ്യാറാകുകയില്ല. പക്ഷേ അതല്ല ഡിഫെൻഡറിന്റെ സ്ഥിതി. പണം വാങ്ങി പരസ്യം പ്രസിദ്ധീകരിക്കുന്നതു തെറ്റല്ലെങ്കിലും അതുമൂലമുണ്ടാകുന്ന കടപ്പാടും വിധേയത്വവും സ്വതന്ത്രമായ പത്രപ്രവർത്തനത്തിനു വിലങ്ങുതടിയാകും. അതുകൊണ്ട് പണം വാങ്ങി പരസ്യമോ സപ്ലിമെന്റോ പ്രസിദ്ധീകരിക്കുന്ന പരിപാടി ഡിഫെൻഡർ ഉപേക്ഷിച്ചിട്ടു വർഷങ്ങൾ പലതായി. എഴുതാൻ വേണ്ടിയോ എഴുതാതിരിക്കാൻ വേണ്ടിയോ ഡിഫെൻഡർ പണം വാങ്ങുകയില്ല. സത്യം തുറന്നു പറയുന്നതിലൂടെ ഡിഫെൻഡറിന് ഒന്നും നഷ്ടപ്പെടാനില്ല എന്നു ചുരുക്കം.

ഡിഫെൻഡറിനു പറയാനുള്ളത് അക്കമിട്ടു നിരത്താം:

1. സത്യസുവിശേഷം പ്രസംഗിക്കപ്പെടണം എന്നു ഡിഫെൻഡർ ആഗ്രഹിക്കുന്നു. അതുകൊണ്ട് പാമല കൺവൻഷനെ മാത്രമല്ല ദൈവവചനം പ്രസംഗിക്കപ്പെടുന്ന എല്ലാ കൺവൻഷനുകളെയും ഡിഫെൻഡർ പ്രോൽസാഹിപ്പിക്കും. പക്ഷേ സുവിശേഷഘോഷണത്തിനു പകരം മറ്റെന്തെങ്കിലും നടന്നാൽ ഡിഫെൻഡർ വിമർശിക്കുകയും ചെയ്യും.

2. മൂന്നു വിദേശികളാണു പ്രധാന പ്രസംഗകർ എന്ന് അറിയാൻ കഴിഞ്ഞു. ഇന്ത്യയിൽ സുവിശേഷം പ്രസംഗിക്കാൻ വിദേശികൾ എത്തേണ്ട ആവശ്യമില്ല എന്നതാണു ഡിഫെൻഡറിന്റെ നിലപാട്. പക്ഷേ സത്യസുവിശേഷം പ്രസംഗിക്കുന്ന പ്രസംഗകർ ഇപ്പോൾ ഇന്ത്യയിൽ ഏറെയില്ല. പണം, അധികാരം, ദുർന്നടപ്പ് തുടങ്ങിയവയുടെ പിന്നാലെ പായുന്ന ഇന്ത്യൻ പ്രസംഗകർ വേദികളിൽ ശോഭിക്കുന്നുമില്ല. അഗ്നിനാവുള്ള പ്രസംഗകൻ എന്ന പേരിൽ അറിയപ്പെട്ടിരുന്ന പ്രസംഗകൻ പോലും ഇപ്പോൾ കരിക്കട്ടയായിക്കഴിഞ്ഞു. ഇത്തരക്കാർ ജനത്തെ ബോറടിപ്പിക്കുകയാണ്. അതുകൊണ്ട് വിദേശികളെ കൊണ്ടുവരുന്നതിനെതിരെ ഡിഫെൻഡർ ഏറെയൊന്നും എഴുതുന്നില്ല.

3. വിദേശിയായതുകൊണ്ടു മാത്രം പ്രസംഗം നന്നാകണമെന്നില്ല. മാത്രമല്ല ദുർന്നടപ്പ്, ദ്രവ്യാഗ്രഹം, അധികാരമോഹം തുടങ്ങിയവ ഇന്ത്യാക്കാരുടെ മാത്രം കുത്തകയുമല്ല. ഇത്തരം കലാപരിപാടികളിൽ നിപുണരായ വിദേശികളുണ്ട്. ബർണ്ണാഡ് ബ്ലസ്സിംഗ് തന്നെ നല്ല ഉദാഹരണം. പാമലയിൽ എത്തുന്നവർ ഇത്തരക്കാരല്ലെന്ന് ഉറപ്പു വരുത്തണം. പ്രസംഗം മോശമായാലും വേണ്ടില്ല, വരുന്നവർ ദൈവദാസൻമാരായിരിക്കണം.

4. ചില സായിപ്പൻമാർ കടുത്ത ദുരുപദേശക്കാരാണ്. ഇത്തരത്തിലുള്ള ചിലർ കുമ്പനാട് കൺവൻഷനിൽപ്പോലും പ്രസംഗിച്ചിട്ടുമുണ്ട്. അതുകൊണ്ട് സൂക്ഷിക്കുക, പ്രസംഗകരുടെ ഉപദേശം ഏതു വിധത്തിലുള്ളതാണെന്ന് അന്വേഷിച്ച് ഉറപ്പു വരുത്തുക.

5. നാലാളെ കാണുമ്പോൾ അവരുടെ മുമ്പിൽ ഷൈൻ ചെയ്യാൻ മിക്കവർക്കും കൊതിതോന്നും. പാമല കൺവൻഷന് നല്ല ആൾക്കൂട്ടമുണ്ടാകുമെന്നുറപ്പ്. അവിടെ കയറി ഷൈൻ ചെയ്യാൻ ഇതര പെന്തക്കോസ്ത് സഭകളുടെ നേതാക്കൻമാർക്കു മോഹം തോന്നുക സ്വാഭാവികം. ഇത്തരക്കാരുടെ പ്രീതി സമ്പാദിക്കാൻ പാമലയിലുള്ളവർക്കു തോന്നാനും ഇടയുണ്ട്. അതുകൊണ്ടു പറയട്ടെ: മേല്പടിയാൻമാരുടെ ബോറൻ പ്രസംഗങ്ങൾ കേട്ടു മടുത്തിട്ടാണു ജനം സായിപ്പിന്റെ പ്രസംഗം കേൾക്കാൻ വരുന്നത്. അതുകൊണ്ട് ഇത്തരം ബോറൻമാരെ ഒഴിവാക്കാനുള്ള തന്റേടം പാമലക്കാർക്കുണ്ടാകണം.

6. തരം കിട്ടുന്നിടത്തു പാർക്കാൻ പുറപ്പെട്ട ലേവ്യനെപ്പോലെ പാസ്റ്റർ വേഷം കെട്ടി നടക്കുന്ന നിരവധി വ്യാജൻമാർ പെന്തക്കോസ്തിലുണ്ട്. ഇത്തരക്കാർ സ്റ്റേജിൽ കയറ്റാതിരിക്കാൻ ശ്രദ്ധിക്കണം. കഴിഞ്ഞ വർഷം നടന്ന കൺവൻഷനിൽ ശ്രീമാൻ മത്തങ്ങ അവർകൾ സ്റ്റേജിൽ കയറി കാട്ടിക്കൂട്ടിയ വിക്രിയകൾ ജനം കണ്ടതാണല്ലോ.

7. കൊമ്പിൽ ചോരയുമായി വരുന്ന കാളകളെ സൂക്ഷിക്കണം. ജെ.സി.ദേവ് തന്നെ നല്ല ഉദാഹരണം. വിശ്വാസവഞ്ചനയിൽ ഡോക്ടറേറ്റ് എടുത്തവനാണ് ഈ യൂദാസ്. മൂന്നര പതിറ്റാണ്ടു മുമ്പ് അന്യഭാഷ പറഞ്ഞു നടന്ന ഇവൻ പെന്തക്കോസ്തിലുള്ള ആരോ കൊഞ്ഞനം കുത്തി എന്നോ മറ്റോ ആരോപിച്ച് ബ്രദറൻ സഭയിലെത്തി. പരിശുദ്ധാത്മാവിനെ വിറ്റ് പായസം കുടിച്ച് ഏമ്പക്കവും വിട്ടു നടന്ന ഈ പരമ പുണ്യാളൻ, ബ്രദറുകാരെ വഞ്ചിച്ച്, ഏതാനും വർഷം മുമ്പ് വീണ്ടും പെന്തക്കോസ്തിലെത്തി. പക്ഷേ ഈ ചതിയനെ സ്വീകരിക്കാൻ പെന്തക്കോസ്തിൽ ഏറെപ്പേരുണ്ടായില്ല. അങ്ങനെ, അഷ്ടിക്കു വഹയില്ലാതെ നടക്കുന്ന സമയത്താണ് പാമലയിൽ എത്തിയത്. ഇയാൾ നിങ്ങളെയും വഞ്ചിക്കും, സൂക്ഷിക്കുക.

8. കൺവൻഷനുമായി ബന്ധപ്പെട്ട് പത്രങ്ങളിൽ പരസ്യം കൊടുക്കേണ്ടതായി വരും. അതു തെറ്റല്ല. പക്ഷേ 150 കോപ്പി അടിക്കുന്ന പത്രങ്ങൾക്കു വരെ പരസ്യം കൊടുക്കുന്ന പരിപാടി ഒഴിവാക്കുകയാണു ബുദ്ധി. മത്തങ്ങയെപ്പോലുള്ളവരെ കോമ്പൗണ്ടിൽപ്പോലും കയറ്റാതിരിക്കാൻ കഴിഞ്ഞാൽ സംഗതി ജോറാകും.

9. സ്തുതിപാഠകരായി ചുറ്റും കൂടിയിരിക്കുന്ന കക്ഷികളെ സൂക്ഷിച്ചാൽ നന്ന്. നാലു വർഷം മുമ്പ് ഇവനെയൊന്നും കണ്ടില്ലല്ലോ. ഇപ്പോൾ പാമല പണമലയാണ്. അതുകൊണ്ട് ഈ തൊരപ്പൻമാർ വട്ടം കൂടുന്നു. എന്തെങ്കിലും പ്രതിസന്ധി ഭാവിയിൽ ഉണ്ടായാൽ ഈ കക്ഷികളാരും ഒപ്പം ഉണ്ടാകില്ല എന്ന് അറിഞ്ഞിരുന്നാൽ നന്ന്. അവർ സ്നേഹിക്കുന്നതു നിങ്ങളെയല്ല നിങ്ങളുടെ കൈവശമുള്ള പണത്തെയാണ് എന്നു മനസ്സിലാക്കുക.

10. ഇരുമ്പുലക്ക വിഴുങ്ങിയിട്ട് ചുക്കുകഷായം കുടിച്ചാൽ എന്തു ഫലം? ക്രമീകരിക്കേണ്ട കാര്യങ്ങൾ ക്രമീകരിക്കാതെ എത്ര കൺവൻഷൻ നടത്തിയാലും അതു ഫലം ചെയ്യുകയില്ല. കർത്താവായ യേശുക്രിസ്തു പറയുന്നതു കേൾക്കൂ: "നിന്റെ വഴിപാട് യാഗപീഠത്തിങ്കൽ കൊണ്ടുവരുമ്പോൾ സഹോദരന് നിന്റെ നേരെ വല്ലതും ഉണ്ടെന്ന് അവിടെ വച്ച് ഓർമ്മ വന്നാൽ നിന്റെ വഴിപാട് അവിടെ യാഗപീഠത്തിന്റെ മുമ്പിൽ വച്ചിട്ട് ഒന്നാമത് ചെന്ന് സഹോദരനോട് നിരന്നുകൊള്ളുക; പിന്നെ വന്ന് നിന്റെ വഴിപാട് കഴിക്കുക. നിന്റെ പ്രതിയോഗിയോടുകൂടെ വഴിയിൽ ഉള്ളപ്പോൾ തന്നേ വേഗത്തിൽ അവനോട് ഇണങ്ങിക്കൊള്ളുക; അല്ലാതിരുന്നാൽ പ്രതിയോഗി നിന്നെ ന്യായാധിപനും ന്യായാധിപൻ ചേവകനും ഏല്പിച്ചിട്ട് നീ തടവിൽ ആയ്പ്പോകും. ഒടുവിലത്തെ കാശുപോലും കൊടുത്തു തീരുവോളം നീ അവിടെനിന്ന് പുറത്തു വരുകയില്ല എന്നു ഞാൻ സത്യമായി നിന്നോടു പറയുന്നു." മത്താ.5:23-26.

ഇത്രയുമൊക്കെ പറഞ്ഞതിന് ബാലനെ തട്ടണം, മുട്ടണം എന്നൊക്കെ തോന്നുന്നെങ്കിൽ ആയിക്കൊള്ളൂ. അതൊക്കെ പ്രതീക്ഷിച്ചുകൊണ്ടാണ് ഡിഫെൻഡർ ഇത് എഴുതുന്നത്.


## വീട്ടിൽ ഒരു ബൈബിൾസ്ക്കൂൾ

വീട്ടിലിരുന്ന്, പരസഹായം കൂടാതെ, ദൈവവചനം പഠിക്കാൻ സഹായകമായ എം.പി.3 ഓഡിയോ സീഡികൾ. കമ്പ്യൂട്ടറിലും വി.സി.ഡി./ഡി.വി.ഡി പ്ലെയറിലും ഉപയോഗിക്കാം. ഒരു സി.ഡിയിൽ 10 മണിക്കൂർ ദൈർഘ്യമുള്ള ക്ലാസ്സ്. 10 സി.ഡികളിലായി 100 മണിക്കൂർ ദൈർഘ്യമുള്ള ക്ലാസ്സ്. വില: 900 രൂപ.

**വിഷയവിവരം:**

സി.ഡി.-1: അടിസ്ഥാന വേദോപദേശങ്ങൾ (രക്ഷ, സ്നാനം, പരിശുദ്ധാത്മസ്നാനം, വേർപാട്, കൂട്ടായ്മ, തിരുവത്താഴം, പ്രാർത്ഥന, വിശ്വാസജീവിതം തുടങ്ങിയവ).
സി.ഡി.-2: കൾട്ടുകൾ (കൾട്ടിന്റെ ലക്ഷണങ്ങൾ, യഹോവാസാക്ഷികൾ, ശാബതുകാർ, ബ്രൻഹാമിസം, റ്റി.പി.എം, മൊർമോൺ, ആത്മാവ്, നരകം, ത്രിത്വം.....).
സി.ഡി.-3: ആത്മലോകം (അദൃശ്യലോകം, കൃപാവരങ്ങൾ, ആത്മവിവശത, ദൈവദൂതൻമാർ, സാത്താന്യ തന്ത്രങ്ങൾ, ഭൂതബാധ, ഒക്കൾട്ട്, വഞ്ചിക്കുന്ന പിശാച്).
സി.ഡി.-4: ദുരുപദേശങ്ങൾ (ഉപദേശവും ദുരുപദേശവും, സ്വർഗ്ഗരാജ്യം, പൗരോഹിത്യം, കൂദാശകൾ, കന്യാമറിയം, വിശുദ്ധൻമാർ, സെന്റ് തോമസ്, പെരുന്നാളുകൾ).
സി.ഡി.5: ലോക മതങ്ങൾ (മതങ്ങളുടെ ഉത്ഭവം, ഹിന്ദുമതം, പ്രജാപതിപ്രശ്നം, ഇസ്ലാംമതം, ബുദ്ധമതം, ജൈനമതം, സിക്ക് മതം, സൊരവാസ്ട്രിയൻ മതം.....).
സി.ഡി.-6: വ്യാഖ്യാനശാസ്ത്രം (പഴയനിയമവ്യാഖ്യാനം, പുതിയനിയമവ്യാഖ്യാനം).
സി.ഡി.-7: ഭാവികാലശാസ്ത്രം (ഭാവികാലവും ബൈബിളും, മരണാനന്തരജീവിതം, യേശുവിന്റെ മടങ്ങിവരവ്, 70 ആഴ്ചവട്ടം, വെളിപ്പാടുപുസ്തകം, ന്യായവിധികൾ).
സി.ഡി.-8: ബൈബിളിൽ തെറ്റുണ്ടോ? (ബൈബിളിൽ തെറ്റുണ്ടെന്നു വാദിക്കുന്നവർ ഉന്നയിക്കുന്ന സംശയങ്ങൾക്കുള്ള മറുപടികൾ).
സി.ഡി.-9: ദൈവശാസ്ത്രപരമായ സംശയങ്ങൾ (ദൈവശാസ്ത്രവുമായി ബന്ധപ്പെട്ടുണ്ടാകുന്ന സംശയങ്ങൾക്കുള്ള മറുപടികൾ).
സി.ഡി.-10: ധാർമ്മിക പ്രശ്നങ്ങൾ (ആത്മാവിന്റെ പ്രമാണം, വൈവാഹിക പ്രശ്നങ്ങൾ, കുടുംബജീവിതം, മദ്യവും മയക്കുമരുന്നും, ആഭരണപ്രശ്നം തുടങ്ങിയവ).

## നിങ്ങൾക്കും പ്രസംഗകനാകാം

പുതിയനിയമത്തിൽ നിന്ന് 100 പ്രസംഗങ്ങളാണ് ഈ സി.ഡികളിൽ ഉള്ളത്. എം.പി.3 ഫോർമാറ്റിൽ 10 സി.ഡികൾ. ദൈവവചനത്തെ ദുർവ്യാഖ്യാനം ചെയ്യുന്നത് ഒഴിവാക്കുന്നതിനും വസ്തുനിഷ്ഠമായി ദൈവവചനം പ്രസംഗിക്കുന്നതിനും സഹായകം. ദൈവവചനം പ്രസംഗിക്കുന്നവർക്കുവേണ്ടി തയ്യാറാക്കിയത്. വില: 900 രൂപ.
സി.ഡി.-1: പുതിയനിയമം, പ്രോഗ്രസ് റിപ്പോർട്ട്, അജ്ഞാതദേവൻ, പ്രാകൃതമനുഷ്യൻ, എല്ലാം നൻമക്കായി, നിർമ്മല കന്യക, അധർമ്മത്തിന്റെ മർമ്മം, പരിശോധന, ഇവയിലധികമായി, നല്ല ശമര്യാക്കാരൻ.... തുടങ്ങിയവ.
സി.ഡി.-2: സ്നാപകൻ, കള്ളൻമാരുടെ ഗുഹ, മറുരൂപമലയിൽ, ധനവാനും ലാസറും, വചനംജഡമായി, ജീവജലം, സാക്ഷികൾ, എലീമാസ്, ചെന്നായ്ക്കൾ, സുവിശേഷം.
സി.ഡി.-3: നസ്രായൻ, നഷ്ടപ്പെട്ടവ, കാനായിൽ, വേലക്കാർ, ഓഡിനേഷൻ, വിപ്ലവം, പത്തുകന്യകമാർ, സത്യസുവിശേഷം, ന്യായവിധി, സാത്താന്റെ ദൂതൻ.
സി.ഡി.-4: ആത്മീയയുദ്ധം, വേർപാട്, ഓട്ടക്കളത്തിൽ, ഏക മദ്ധ്യസ്ഥൻ, ദുരുപദേശം, ഒനേസിമൊസ്, ഏകലക്ഷ്യം, മരിച്ചവരോടും, പ്രതിരോധം, വ്യാജൻമാർ.
സി.ഡി.-5: ദുരുപദേശക്കാർ, ദൈവമക്കൾ, ദുഷ്ടഹൃദയം, അടിസ്ഥാനം, ശുശ്രൂഷകർ, ഇണയല്ലാപ്പിണ, ശുദ്ധവും അശുദ്ധവും, പിതൃദേശം, ദൃഷ്ടാന്തങ്ങൾ, നല്ല ഇടയൻ.
സി.ഡി.-6: വെളിച്ചം, അത്ഭുതവിടുതൽ, ബലവാൻ, തൈലാഭിഷേകം, അടയാളങ്ങൾ, ദൈവംനട്ടത്, പൂർണ്ണസുവിശേഷം, ദേഹിയും ആത്മാവും, ശരിയായ സ്നാനം......
സി.ഡി.-7: പോരാട്ടം, യേശു ആര്?, സഭയെന്ന ദൈവാലയം, പാതാള ഗോപുരങ്ങൾ, സ്വർഗ്ഗരാജ്യം, ഇടർച്ചക്കാരൻ, പിൻമാറ്റം, മൂപ്പൻമാർ, തിരുവചനം, സൈമണി.
സി.ഡി.-8: മുന്തിരിവള്ളി, തിൻമയ്ക്കെതിരേ, നിത്യജീവൻ, അയയ്ക്കപ്പെട്ടവർ, എഴുന്നേറ്റുനടക്ക, പുനരുത്ഥാനം, നിത്യ പൗരോഹിത്യം, വീണ്ടുംജനനം......
സി.ഡി.-9: സത്യനമസ്ക്കാരം, ഉപവാസം, പാപം ചെയ്യാത്തവർ, കരുണയിൽ, തെറ്റിയൊഴിയുമോ, കുരുടൻമാർ, ശുശ്രൂഷകർ, മൂന്നു പരീക്ഷകൾ, തലീഥ കുമി....
സി.ഡി.-10: മാനസാന്തരപ്പെടുക, മരണപര്യന്തം, സാത്താന്റെ സിംഹാസനം, എല്ലാം കാണുന്നവൻ, ഉണരുക, തുറന്ന വാതിൽ, വാതിൽക്കൽ, ദൈവം മനുഷ്യരോടൊപ്പം.

വില: (ഇന്ത്യയിൽ) 10 സി.ഡികളുടെ സെറ്റ് - 900 രൂപ. രണ്ടു സെറ്റുകളും ചേർത്ത്-1800 രൂപ. പോസ്റ്റേജ് സൗജന്യം. വിദേശ രാജ്യങ്ങളിലേക്ക് സി.ഡികൾ പോസ്റ്റിൽ അയയ്ക്കുന്നതിനു നിയന്ത്രണമുണ്ട്. ആകയാൽ വിദേശ രാജ്യങ്ങളിലുള്ളവർ ഇന്ത്യയിലെ വിലാസം അറിയിക്കുക. (വിദേശത്തേക്കു സി.ഡി. അയയ്ക്കുന്നതല്ല.) എന്നാൽ ഗൾഫ് രാജ്യങ്ങൾ ഒഴികെയുള്ള വിദേശ രാജ്യങ്ങളിലേക്ക് യു.എസ്.ബി. ഡ്രൈവിലുള്ള പ്രസംഗങ്ങൾ അയയ്ക്കുന്നതാണ്. വില: (200 മണിക്കൂർ)-100 ഡോളർ. കൂടുതൽ വിവരങ്ങൾക്ക് tsbalan@yahoo.com എന്ന ഈമെയിലിൽ ബന്ധപ്പെടുക. വില T.S.Balan എന്ന പേരിൽ ചെക്ക്/ഡി.ഡി./ മണിയോഡർ ആയി താഴെ കാണുന്ന വിലാസത്തിൽ അയയ്ക്കുക. ഡിഫെൻഡറിന്റെ പേരിൽ ചെക്ക്/ഡി.ഡി അയയ്ക്കരുത്.

**Address: T.S.Balan, Anand Bhavan, Near: KSRTC, Perumbavoor P.O., Ernakulam Dist. Pin. 683 542**


Printed, Published and Owned by T.S.Balan, Anand Bhavan, Valayanchirangara P.O., Ernakulam District, Kerala, Pin. 683556. Printed at: Perumbavoor Printers, Best Complex, Perumbavoor P.O., Ernakulam Dist., Kerala, 683542. Published at Anand Bhavan, Valayanchirangara P.O., Ernakulam District, Kerala, Pin. 683556. Editor: T.S.Balan